
# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ജൂൺ 2 | ദീപം 55 | നാളം 13 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org


# പരിസ്ഥിതിപ്രേമം പ്രഹസനമായാൽ



ഫാ. തോമസ് പാട്ടത്തിൽചിറ സി.എം.എഫ്.

മനുഷ്യർ അടിസ്ഥാനപരമായി പരിസ്ഥിതിയോട് അഭേദ്യമായി ബന്ധപ്പെട്ടു കഴിയുന്നവരാണ്. 'പരിസ്ഥിതി' എന്ന വാക്കിന്റെ അർത്ഥംതന്നെ 'ചുറ്റുപാട്', 'പരിസരം' എന്നൊക്കെയാണ്. അങ്ങനെയാകുമ്പോൾ നമുക്കു പുറമേയുള്ളതെല്ലാം നാനാവിധത്തിൽ നമ്മുടെ വളർച്ചയെയും വ്യക്തിത്വവികസനത്തെയും സ്വഭാവരൂപവത്കരണത്തെയും മനുഷ്യരാശിയുടെതന്നെ നിലനില്പിനെയും സാരമായി സ്വാധീനിക്കുന്നുണ്ട്. പ്രപഞ്ചത്തോടും പ്രകൃതിയോടും മല്ലടിച്ചും മറുതലിച്ചും അധികകാലം മുന്നോട്ടുപോകാൻ മനുഷ്യകുലത്തിനു സാധിക്കില്ല. അത്രയ്ക്ക് അവിഭാജ്യമായ ആശ്രയത്വമാണ് അവർക്കിടയിലുള്ളത്.

ഈയൊരു മൗലികമായ ബോധ്യംകൂടി മനുഷ്യവംശത്തിനു നല്കിക്കൊണ്ടല്ലേ നരരൂപമെടുത്ത നസ്രായനും തികഞ്ഞ പരിസ്ഥിതിസ്നേഹിയായി മണ്ണിൽ കഴിഞ്ഞത്? സർവചരാചരങ്ങളുടെയും പ്രീതിയിലാണ് അവൻ വളർന്നുവന്നത്. പുഴകളും പുഷ്പങ്ങളും കുന്നുകളും കുരുവികളും മലകളും മരങ്ങളും കുളങ്ങളും കടലുകളും പാടങ്ങളും പുൽത്തകിടികളുമൊക്കെ അവന്റെ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും നിറഞ്ഞുനിന്നിരുന്നു. വിളഞ്ഞുകിടക്കുന്ന വയലേലകളും നുരഞ്ഞൊഴുകിയ അരുവികളും ഫലനിബിഡമായ അത്തിവൃക്ഷങ്ങളുമൊക്കെ അവന്റെ കണ്ണുകൾക്കു കുളിർമയേകി. അവയെയൊക്കെ തൊട്ടും തലോടിയും അവൻ നടന്നു. അവയ്ക്കൊക്കെ കരുതലിന്റെ കരസ്പർശം അവൻ സമ്മാനിച്ചു. കാരണം, അവയിലോരോന്നിലും പാതയോരത്തെ പുല്ലിനെപ്പോലും അണിയിച്ചൊരുക്കുന്ന (മത്തായി 6:30) സ്വർഗസ്ഥനായ സ്വപിതാവിന്റെ കൈവിരൽപ്പാടുകൾ അവൻ കണ്ടിരുന്നു. പൂക്കളിലൊന്നു കൊഴിയുന്നതും, പറവകളിലൊന്നു നിലംപതിക്കുന്നതും കൃത്യമായി അറിയുന്ന, സകലത്തിന്റെയും മേൽ ശ്രദ്ധയുള്ള ഒരു ദൈവത്തെയാണ് അവൻ തന്റെ ശ്രോതാക്കൾക്കു പരിചയപ്പെടുത്തിയത്. അക്കാരണത്താൽ, ചുറ്റുമുണ്ടായിരുന്ന ഒന്നിനെയും ചവിട്ടിമെതിക്കാതെയും മലിനമാക്കാതെയും മണ്ണിലൂടെ അവൻ സഞ്ചരിച്ചു. പ്രപഞ്ചത്തിലെയും പ്രകൃതിയിലെയും തീർത്തും നിസാരമായവപോലും അവനു പ്രിയങ്കരവും ബഹുമാന്യവും അമൂല്യവുമായിരുന്നു. തന്നെയുമല്ല, അവയിൽനിന്നെല്ലാം പലപല പാഠങ്ങൾ പഠിക്കാൻ അവൻ തന്റെ അനുയായികളോടാവശ്യപ്പെടുകയും ചെയ്തു.

പരിസ്ഥിതിയെപ്പറ്റിയുള്ള ക്രിസ്തീയമായ കാഴ്ചപ്പാടിനോടു ചേർന്നുപോകുന്ന പ്രബോധനങ്ങൾതന്നെയാണ് ലോകത്തിലെ ഇതര മുഖ്യധാരാമതങ്ങളിലുമുള്ളത്. ഹൈന്ദവവേദങ്ങളിലെ വിശ്വാസപ്രമാണങ്ങളനുസരിച്ച് ഭൂമി മാതൃദേവതയാണ്. ആയതിനാൽ, അവളെ മനുഷ്യമക്കൾ ആദരവോടെ പരിചരിക്കണം. പ്രകൃതിയും പരിസരവും നമ്മുടെ അസ്തിത്വത്തിന്റെയും അതിജീവനത്തിന്റെയും ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണ്. പരിസ്ഥിതിസംരക്ഷണമാണ് മനുഷ്യന്റെ മൗലിക ദൗത്യം. എല്ലാറ്റിലും ദൈവമുണ്ടെന്നും സകലജീവജാലങ്ങളും ഒരു ബൃഹത്തായ അംഗഘടനയുടെ ഭാഗമാണെന്നും മഹാഭാരതത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഇസ്ലാം മതത്തിന്റെ ഉദ്ബോധനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പരിസ്ഥിതിപരിപാലനം. മനുഷ്യർ പാരിന്റെയും പരിസ്ഥിതിയുടെയും കാര്യസ്ഥരാണ്. അതുകൊണ്ടുതന്നെ അവയെ സംരക്ഷിക്കാൻ അവർക്കു കടമയുണ്ട്. പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളുമൊക്കെ മനുഷ്യരുടെ മാറിമാറി വരുന്ന ജീവിതശൈലിയുടെ പരിണതഫലങ്ങളാണ്. ▶ 8

# ലോകം കൊടുംപട്ടിണിയിലേക്ക്?



ടോണി ചിറ്റിലപ്പള്ളി

കാലാവസ്ഥാവ്യതിയാനവും യുദ്ധവും നമ്മുടെ ഭക്ഷണവ്യവസ്ഥകളെ തകർത്തുകൊണ്ടിരിക്കുന്നു. ലോകമെമ്പാടുമുള്ള 821 ദശലക്ഷം ആളുകൾ നിലവിൽ പോഷകാഹാരക്കുറവ് അനുഭവിക്കുന്നു. അഞ്ചു വയസ്സിനു താഴെയുള്ള 151 ദശലക്ഷം കുട്ടികളുടെ വളർച്ച മുരടിക്കുകയാണ്. കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള ഇന്റർ ഗവൺമെന്റൽ പാനൽ (ഐപിസിസി) റിപ്പോർട്ട് അനുസരിച്ച്, താപനില വർധിക്കുന്ന ഭൂമി വരുംവർഷങ്ങളിൽ കൂടുതലാളുകളെ പട്ടിണിയിലേക്കു നയിക്കും. ലോകത്ത് 193 ദശലക്ഷം പേർ പട്ടിണിയിലാണെന്ന് യുഎൻ റിപ്പോർട്ട് പറയുന്നു. പട്ടിണി അനുഭവിക്കുന്നവരുടെ എണ്ണത്തിൽ കഴിഞ്ഞ വർഷം വൻ വർധനയുണ്ടായതായി ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ, കാർഷിക സംഘടനാ (എഫ്എഒ) റിപ്പോർട്ടിൽ പറയുന്നു. യുദ്ധം, കാലാവസ്ഥാവ്യതിയാനം, സാമ്പത്തികമാന്ദ്യം തുടങ്ങിയവ ജനങ്ങളുടെ ജീവനോപാധികൾ ഇല്ലാതാക്കിയെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ലോകമെമ്പാടുമുള്ള കാലാവസ്ഥാ ആഘാതങ്ങൾ 2020 ൽ 30 ദശലക്ഷം ആളുകളെ അവരുടെ വീടുകളിൽനിന്നു മാറ്റിപ്പാർപ്പിച്ചു. കാരണം, വിളകളും ഉപജീവനവും നശിച്ചു, അതായത്, ആളുകൾക്ക് ഭക്ഷണം കണ്ടെത്താൻ കഴിഞ്ഞില്ല. ലോകജനസംഖ്യയുടെ എൺപതു ശതമാനത്തിലധികവും പ്രകൃതിദത്ത ആഘാതങ്ങൾക്കു സാധ്യതയുള്ള പ്രദേശങ്ങളിലാണു ജീവിക്കുന്നത്

ഓക്സ്ഫാം ഇന്റർനാഷണലിന്റെ കണക്കനുസരിച്ച്, പശ്ചിമാഫ്രിക്ക ഒരു ദശാബ്ദത്തിനിടയിലെ ഏറ്റവും മോശമായ ഭക്ഷ്യപ്രതിസന്ധി നേരിടുന്നു. വരൾച്ച, സംഘർഷം, പകർച്ചവ്യാധി, സാമ്പത്തികത്തകർച്ച എന്നിവ കാരണം ആഫ്രിക്കയിൽ ഏകദേശം 27 ദശലക്ഷം ആളുകൾ പട്ടിണിയിലാണ്. കടുത്ത വരൾച്ചയും മറ്റു ഘടകങ്ങളും ചേർന്ന് കിഴക്കൻ ആഫ്രിക്കയിലെ 28 ദശലക്ഷം ആളുകളെ കടുത്ത പട്ടിണിയിലാക്കിയിരിക്കുന്നു. പണപ്പെരുപ്പവും വിലക്കയറ്റവും കാരണം പെറുമുതൽ ശ്രീലങ്ക വരെ പുതിയ പട്ടിണി ഹോട്സ്പോട്ടുകൾ ഉയർന്നുവരുന്നു. യുക്രെയ്നിലെ യുദ്ധത്തിന്റെ ആഘാതങ്ങൾ 'ആഗോളഭക്ഷ്യപ്രതിസന്ധിയുടെ ഒരു പുതിയ പാളി' അഭിസംബോധന ചെയ്യുന്നതിനുള്ള അടിയന്തരാഹ്വാനങ്ങളിലേക്കു ലോകത്തെ നയിക്കുന്നു. സംഘർഷവും കൂടുതൽ തീവ്രമായ കാലാവസ്ഥയും ചേർന്ന് ദശലക്ഷക്കണക്കിനാളുകൾക്കു രൂക്ഷമായ ഭക്ഷ്യാരക്ഷിതാവസ്ഥ വർദ്ധിപ്പിക്കാൻ കാരണമായി.

ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾക്കു നേരിട്ടു കാരണമായി കഴിഞ്ഞ 50 വർഷമായി ആഗോളതലത്തിൽ മൊത്തം കാർഷികോത്പാദനക്ഷമതയിൽ ഇടിവുണ്ടായതിനു ശക്തമായ തെളിവുകളുണ്ട്. സമുദ്രങ്ങളിലെ ഉത്പാദനക്ഷമതയിലും പ്രത്യാഘാതങ്ങൾ നിരീക്ഷിക്കപ്പെടുന്നു. ഇതു കരയെ അടിസ്ഥാനമാക്കിയുള്ള പ്രത്യാഘാതങ്ങൾ മാത്രമല്ല - സമുദ്ര, ഉൾനാടൻ മത്സ്യബന്ധനവുംകൂടിയാണ്. ഇത് സമുദ്രത്തിലെ അമ്ലീകരണവും ആഗോളതാപനവും മൂലമാണു സംഭവിക്കുന്നത്.

ഭക്ഷ്യസമ്പ്രദായത്തിന്റെ മറ്റു തലങ്ങളിലും കാലാവസ്ഥയുടെ സ്വാധീനമുണ്ട്. ഭാഗികമായി കാലാവസ്ഥയുമായി ബന്ധപ്പെട്ട തീവ്രസംഭവങ്ങൾ, ചൂടുതരംഗങ്ങൾ, വരൾച്ചകൾ, വെള്ളപ്പൊക്കം എന്നിവ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനക്കുറവിലേക്കു നയിച്ചു. ഭക്ഷ്യോത്പാദനം കുറയുകയും വൈവിധ്യം കുറഞ്ഞ ഭക്ഷ്യശേഖരം ലോകത്ത് അവശേഷിക്കുകയും ചെയ്യുന്നു. ഇത്തരം സംഭവങ്ങൾ ഭക്ഷ്യസമ്പ്രദായത്തെ പിന്തുണയ്ക്കുന്ന അടിസ്ഥാനസൗകര്യങ്ങളെ തടസ്സപ്പെടുത്തുകയും വിലവർദ്ധനയ്ക്കു കാരണമാവുകയും ചെയ്യും. ഈ ഘടകങ്ങളെല്ലാം ലോകത്തെ രൂക്ഷമായ ഭക്ഷ്യ അരക്ഷിതാവസ്ഥയിലേക്കു നയിച്ചു. ആത്യന്തികമായി പട്ടിണി ലോകത്തിനുമേൽ തൂങ്ങിക്കിടക്കുന്നു.

താപനിലയിലെ ഓരോ വർദ്ധനയും നമ്മെയും ഭക്ഷണസമ്പ്രദായത്തെയും കൂടുതൽ അപകടത്തിലാക്കുന്നു. ലോകത്തിലെ ചില പ്രദേശങ്ങൾ - ആഫ്രിക്ക, ദക്ഷിണേഷ്യ, മധ്യ അമേരിക്ക, ആർട്ടിക് ഈ പ്രദേശങ്ങൾ കൂടുതൽ അപകടസാധ്യതയിലാണ്. എന്നാൽ, നാമെല്ലാവരുംതന്നെ അപകടത്തിലാണെന്ന അവബോധം നമുക്കില്ലാതെപോകുന്നു.

കാലാവസ്ഥാവ്യതിയാനം ലോകമെമ്പാടുമുള്ള ആളുകളെ ബാധിക്കുന്നുവെന്നു തിരിച്ചറിയാൻ നാം വൈകുന്നു. ഭക്ഷണവില, നമ്മുടെ ഭക്ഷ്യസംവിധാനങ്ങളുടെ തടസ്സം, വ്യത്യസ്തഭക്ഷണങ്ങളുടെ ലഭ്യത എന്നിവ ഇതിൽ ഉൾപ്പെടുന്നു. റഷ്യ - യുക്രെയ്ൻ യുദ്ധം ഭക്ഷ്യപ്രതിസന്ധിയുള്ള രാജ്യങ്ങളിലും പട്ടിണിയുടെ വക്കിലുള്ള രാജ്യങ്ങളിലും വിനാശകരമായ സ്വാധീനം ചെലുത്തി.

ഒരു കാര്യം തീർച്ചയാണ്. യുദ്ധങ്ങളിൽനിന്നും കാലാവസ്ഥാ ആഘാതങ്ങളിൽനിന്നും ആരും രക്ഷപ്പെട്ടിട്ടില്ല. എല്ലാവരെയും ബാധിച്ചു മുന്നോട്ടു പോകുന്ന ഇതിന്റെ തീവ്രത കുറയ്ക്കുന്നതിന് ഇപ്പോൾ പ്രവർത്തിക്കേണ്ട ബാധ്യതയും ഉത്തരവാദിത്വവും നമ്മിൽ വന്നുചേർന്നിരിക്കുന്നു. ■




# വെളളിത്തിരയിലെ പളളീലച്ചന്മാർ

അച്ചന്മാർ പലതരക്കാരുണ്ട്. പക്ഷേ, സിനിമ അച്ചന്മാരെ കാണാനും അവതരിപ്പിക്കാനും ആഗ്രഹിക്കുന്നത് ചില പ്രത്യേകമായ കണ്ണോടെ മാത്രമാണ്. പൊട്ടിത്തെറിക്കുന്നവരും ലൈംഗികദാഹത്തോടെ അലയുന്നവരും ലൈംഗികപീഡകരും കൊമേഡിയന്മാരും ഇങ്ങേയറ്റം ഗുണ്ടകളും കൊലപാതകികളുമൊക്കെ അതിൽപ്പെടുന്നു. ബിഷപ്പുമാരെ കള്ളുകച്ചവടക്കാരും ബിനാമികളുമൊക്കെയായി ചിത്രീകരിക്കുന്ന സിനിമകൾ വേറേയുമുണ്ട്.

ഇതിനിടയിൽ നന്മയുടെ വെള്ളിവെളിച്ചവുമായി കടന്നുപോകുന്ന ചില വൈദികരെയും അവിടവിടെയായി സിനിമയിൽ കാണാം.

അടുത്തയിടെ അന്തരിച്ച ജോൺ പോളിന്റെ മനോഹരമായ തിരക്കഥയിൽ കമൽ സംവിധാനം ചെയ്ത ഉണ്ണികളെ ഒരു കഥപറയാം എന്ന സിനിമ മുതിർന്ന തലമുറയ്ക്ക് ഓർമയുണ്ടാവും. അനാഥനായ എബിക്കും കുട്ടികൾക്കും പുതിയൊരു ജീവിതം ഒരുക്കിക്കൊടുക്കാൻ തയ്യാറാകുന്നത് ആദ്യം മുരടനായി തോന്നിക്കുമെങ്കിലും ഉള്ളിൽ അനുകമ്പയും സ്നേഹവുമുള്ള പള്ളീലച്ചനായിരുന്നു. യഥാർത്ഥവൈദികജീവിതത്തോടു സാമ്യം തോന്നിക്കുന്ന കഥാപാത്രമായിരുന്നു ആ വൈദികന്റേത്. യശ്ശശരീരനായ തിലകനായിരുന്നു ആ വേഷം ചെയ്തത്.

മലയാളികളെ മുഴുവൻ കരയിച്ച ആകാശദൂതിലുമുണ്ട് നല്ല ഇടയന്റെ പ്രതിരൂപമായ വൈദികൻ. വിധവയും രോഗിണിയുമായ ആനിയുടെ കുടുംബത്തിന്റെ സങ്കടങ്ങളിൽ ചേർന്നു നില്ക്കാൻ കഴിയുന്നവനാണ് അദ്ദേഹം. പാവങ്ങളോടു കരുണയുള്ള, അനുകമ്പയും ആർദ്രതയുമുള്ള വൈദികൻ. നെടുമുടി വേണുവാണ് ഈ കഥാപാത്രത്തെ അവതരിപ്പിച്ചത്. ഇതിനു സമാന്തരമായി ജഗതി ശ്രീകുമാർ അവതരിപ്പിക്കുന്ന സൂത്രക്കാരനായ വൈദികനുമുണ്ട് എന്നത് വേറൊരു കാര്യം.

നെടുമുടി വേണുവിന്റെ അച്ചൻവേഷങ്ങളുടെ തുടക്കം ഭരതൻ - ജോൺപോൾ ടീമിന്റെ ചാമരത്തിൽനിന്നാണ്. ഫാ. നെടുമുടി ഏറെ ശ്രദ്ധേയമായ കഥാപാത്രമായിരുന്നു. തുടർന്ന്, ഭരതന്റെതന്നെ കാതോടു കാതോരം, ഫാസിലിന്റെ നോക്കെത്താദൂരത്തു കണ്ണുംനട്ട് തുടങ്ങിയ സിനിമകളിലെല്ലാം വേണുവിന്റേത് അച്ചൻകഥാപാത്രങ്ങളായിരുന്നു. അതും നന്മയും കരുണയുമുള്ള അച്ചന്മാർ.

അപ്പനും മകനും തമ്മിലുള്ള ഉടക്കു തീർക്കാൻ ശ്രമിക്കുന്ന, അപ്പനും മകനും തമ്മിൽ കൊമ്പുകോർക്കുമ്പോൾ നിസ്സഹായതയോടെ നോക്കിനില്ക്കേണ്ടി വരുന്ന ഒരു പുരോഹിതനുമുണ്ട്. ദേഷ്യം വരുമ്പോൾ ഒലക്ക എന്നു കൈചുരുട്ടി പറയുന്ന അച്ചൻ. ഭദ്രന്റെ സ്ഫടികത്തിലെ അച്ചനാണ് അത്. കരമനയാണ് ആ വേഷം ഗംഭീരമാക്കിയത്.

ബാലു മഹേന്ദ്രയുടെ യാത്രയിലും വേണു നാഗവള്ളിയുടെ സർവകലാശാലയിലും അച്ചന്മാരായത് അടൂർ ഭാസിയായിരുന്നു. സ്വാഭാവികതയുള്ള അച്ചന്മാർ.

ഫാ. ആബേൽ സിഎംഐയുടെ നിഴൽവീണ അച്ചനെയായിരുന്നു മിമിക്സ് പരേഡ്, കാസർകോഡ് കാദർഭായ് തുടങ്ങിയ സിനിമകളിൽ കണ്ടത്. ഇന്നസെന്റായിരുന്നു ആ കഥാപാത്രത്തെ അവതരിപ്പിച്ചത്. അശ്ലീലമില്ലാതെയും എന്നാൽ, സ്വാഭാവികമായ നർമത്തോടെയുമായിരുന്നു ആ വൈദികകഥാപാത്രം അവതരിപ്പിക്കപ്പെട്ടത്.

ഇങ്ങനെ എടുത്തുപറയാൻ ഒരുപിടി നല്ല അച്ചൻ വേഷങ്ങൾ മലയാളസിനിമയിലുണ്ട്.

എന്നാൽ, അച്ചന്മാരെ അല്പം അശ്ലീലച്ചുവയോടെ അവതരിപ്പിച്ചുതുടങ്ങിയത് 2002 ൽ പുറത്തിറങ്ങിയ ഫാന്റം പൈലി എന്ന മമ്മൂട്ടിച്ചിത്രത്തോടെയാണ്. ബിജുവർക്കി - ഡെന്നീസ് ജോസഫ് കോമ്പിനേഷനിലായിരുന്നു സിനിമ പുറത്തിറങ്ങിയത്. സിനിമയിലെ സ്റ്റണ്ട് മാസ്റ്ററായി ജോലി ചെയ്യുന്ന നായകന്റെ കുമ്പസാരം കേൾക്കാൻ, എരിവും പുളിയും കൊതിക്കുന്ന അച്ചനാണ് പ്രസ്തുത സിനിമയിലെ ഫാ. പോത്തച്ചൻ കോടാലിക്കൽ. നായകനെ കുമ്പസാരിപ്പിച്ചു നല്ലവനാക്കുന്നതിലല്ല നായകന്റെ വഴിവിട്ട ജീവിതകഥ കേട്ട് രസിച്ച് ആത്മനിർവൃതി അടയുന്നതിലാണ് അദ്ദേഹത്തിനു താത്പര്യം. വൈദികസങ്കല്പത്തെയും കുമ്പസാരം എന്ന പരിപാവനമായ കൂദാശയെയും കുറിച്ച് തെറ്റുധാരണ ജനിപ്പിക്കാനാണ് ഈ കഥാപാത്രം നിമിത്തമായത്.

ഈ കഥാപാത്രത്തിന്റെ വികസിതരൂപമായിരുന്നു റോമൻസ് സിനിമയിലെ കപടവൈദികവേഷധാരികൾ. സ്ഥലത്തെ വേശ്യയുടെ കുമ്പസാരം കേൾക്കാൻ മത്സരിക്കുകയും കേട്ടു വിയർത്തൊലിക്കുകയും ചെയ്യുന്ന വൈദികർ ക്രൈസ്തവവിശ്വാസിയെ സംബന്ധിച്ചിടത്തോളം സങ്കടകരമായ കാഴ്ചയായിരുന്നു. പക്ഷേ, കുമ്പസാരവും വൈദികരും എന്താണെന്നു മനസ്സിലാകാത്ത അന്യമതസ്ഥരെ സംബന്ധിച്ചിടത്തോളം ആർത്തട്ടഹസിച്ചു ചിരിക്കാനുള്ള വക



അതിലുണ്ടായിരുന്നുതാനും.

കോവിഡിന്റെ മുമ്പിറങ്ങിയ മലയാളസിനിമയിലെ ഹിറ്റ് പട്ടികയിൽ ഇടം പിടിച്ച മിഥുൻ മാനുവൽ തോമസിന്റെ അഞ്ചാം പാതിരയിലും കോവിഡിനു ശേഷംവന്ന നിധിൻ രൺജി പണിക്കരുടെ കാവലിലും ഏറ്റവും ഒടുവിൽ അമൽ നീരദിന്റെ ഭീഷ്മപർവത്തിലും കടന്നുവരുന്ന വൈദികകഥാപാത്രങ്ങൾ യഥാക്രമം ലൈംഗികപീഡകൻ, കൊലപാതകി, ലൈംഗികപീഡകർ എന്ന വിധത്തിലായിരുന്നു. കാവലിൽ അകത്തോലിക്കനായ വൈദികനാണ് ദേവാലയത്തിനുള്ളിൽ വച്ചുപോലും കൊലപാതകം ചെയ്യുന്നത്. കഷ്ടം!

സമകാലിക സഭാചരിത്രത്തിലെ ഒറ്റപ്പെട്ട ചില ദൗർബല്യങ്ങളെ സാമാന്യവത്കരിക്കുകയും പൊതുസമൂഹത്തിന്റെ മുമ്പിൽ വൈദികരെക്കുറിച്ചു തെറ്റുധാരണ ജനിപ്പിക്കുകയും ചെയ്തു എന്നതായിരുന്നു ഈ ചിത്രങ്ങൾ ചെയ്ത ക്രൂരത. കുടുംബജീവിതത്തിലുണ്ടാകുന്ന ഒറ്റപ്പെട്ട വഴിവിട്ടബന്ധങ്ങളും വിവാഹേതരബന്ധങ്ങളുംപോലെതന്നെയേയുള്ളൂ, വൈദികജീവിതത്തിലെ ചില വഴിതെറ്റലുകളും എന്നു പലരും മറന്നുപോകുന്നു.

വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യാൻ വിധിക്കപ്പെട്ടിരിക്കുന്നവരും വിളിക്കപ്പെട്ടിരിക്കുന്നവരും സവിശേഷമായ വിളിയുള്ളവരും ആയതുകൊണ്ടാണ് വൈദികരുടെ തീരെ ചെറിയ തെറ്റുകളോടുപോലും വിശ്വാസിസമൂഹം മാത്രമല്ല സമൂഹം മുഴുവനും അസഹിഷ്ണുത കാണിക്കുന്നത്. വൈദികർ തങ്ങൾക്കു ലഭിച്ചിരിക്കുന്ന വിളിയോട് അങ്ങേയറ്റം വിശ്വസ്തത പുലർത്തേണ്ടവരാണെന്നു മറന്നുപോകരുത്. ഇക്കൂട്ടത്തിലൊരാൾ ഇക്കാര്യം മറന്നുപോകുമ്പോഴാണ് ബാക്കി 99 പേരും ചെളിവാരിയെറിയപ്പെടുന്നത്.

ഈ മ യൗ സിനിമയിൽ നല്ല പങ്കു പ്രേക്ഷകരും കയ്യടിച്ച ഒരു രംഗമുണ്ടായിരുന്നു. വൈദികകഥാപാത്രത്തെ അവതരിപ്പിച്ച ദിലീഷ് പോത്തനെ ചെമ്പൻ വിനോദിന്റെ കഥാപാത്രം കരണത്തടിക്കുന്ന രംഗം. വൈദികനെക്കുറിച്ചുള്ള നെഗറ്റീവ് ഇമേജുകൾ സാധാരണക്കാർക്കിടയിൽ അത്രത്തോളം ശക്തമാണ് എന്നതിന്റെ പ്രകടമായ സൂചനയായിരുന്നു അവിടെ വെളിവായത്.

ദി പ്രീസ്റ്റ് എന്ന മമ്മൂട്ടിസിനിമയിൽ ഭൂതോച്ചാടകനായ വൈദികനായിരുന്നു കേന്ദ്രകഥാപാത്രം. പക്ഷേ, വൈദികന്റെ കൗദാശികജീവിതവുമായി ആ ചിത്രത്തിനു ബന്ധമൊന്നുമുണ്ടായിരുന്നില്ല. (കെ പി കുമാരന്റെ നേരം പുലരുമ്പോൾ എന്ന സിനിമയിലാണ് മമ്മൂട്ടി ആദ്യമായി വൈദികവേഷം അണിഞ്ഞത്.)

2019 ൽ പുറത്തിറങ്ങിയ വാരിക്കുഴിയിലെ കൊലപാതകം എന്ന സിനിമയാണ് വൈദികൻ മുഖ്യകഥാപാത്രമായി പുറത്തിറങ്ങിയ മറ്റൊരു സിനിമ. ലിജോ ജോസിന്റെ ആമേനിലുമുണ്ട് നന്മയും തിന്മയും നിറഞ്ഞ രണ്ടു വൈദികകഥാപാത്രങ്ങൾ.

ഏറ്റവും പുതുതായിവന്ന വരയൻ എന്ന സിജു വിൽസന്റെ സിനിമയുടെ കാര്യംകൂടി പറഞ്ഞുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

വൈദികന്റെ കഥ പറയുന്ന, ഒരു വൈദികൻതന്നെ തിരക്കഥയെഴുതിയ സിനിമയെന്നതാണ് വരയന്റെ പ്രത്യേകത. അച്ചന്മാരെന്നാൽ ധ്യാനിപ്പിച്ചും കുർബാന ചൊല്ലിയുംമാത്രം കഴിഞ്ഞാൽ മതിയെന്ന പരമ്പരാഗതവും വ്യവസ്ഥാപിതവുമായ സങ്കല്പങ്ങളെ കടപുഴക്കിയെറിഞ്ഞുകൊണ്ടാണ് മലയാളസിനിമയുടെ ചരിത്രത്തിൽ ഒരു വൈദികന്റെ പേര് തിരക്കഥാകൃത്തുക്കളുടെ പട്ടികയിൽ എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നത്. ഒരു വൈദികനു വേണമെങ്കിൽ എന്തുമാവാം എന്ന് ആനുഷംഗികമായി ഇത്തരമൊരു ചലച്ചിത്രപ്രവേശനത്തിലൂടെ സ്ഥാപിച്ചെടുത്ത ഡാനി കപ്പൂച്ചിൻ എന്ന തിരക്കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്ന ഫാ. എബി കപ്പൂച്ചിൻ എന്ന കഥാപാത്രം പറഞ്ഞുവയ്ക്കുന്നതും അതുതന്നെയാണ്. വേണമെങ്കിൽ അച്ചന്മാർക്ക് കുർബാനയും ചൊല്ലാം പടവും വരയ്ക്കാം തല്ലും കൂടാം, പ്രേമിച്ചു പിറകേ കൂടുന്ന പെൺകുട്ടിയുടെ തുനെറ്റിയിൽ സഹോദരസ്നേഹത്തോടെ ഉമ്മ വയ്ക്കുകയും ചെയ്യാം.

പക്ഷേ, ഇതിൽ എത്രയെണ്ണം സംഭവ്യമാണ്? മുരടന്മാരായ വൈദികരെ കണ്ടിട്ടുണ്ട്. പക്ഷേ, ഒരു വൈദികനും അടിപിടികൂടുന്നത് നമ്മൾ കണ്ടിട്ടില്ല. പെണ്ണ് എന്ന പ്രലോഭനത്തിൽ വീണുപോകുന്നവരും വീണുപോകാത്തവരുമായ വൈദികരുണ്ട്. പക്ഷേ, ഒരു പെണ്ണിനെയും തുനെറ്റിയിൽ സഹോദരസ്നേഹത്തോടെ ചുംബിച്ച് അവളിലെ കളങ്കം കഴുകിക്കളയുന്ന വൈദികരില്ല. അദ്ഭുതങ്ങൾ ചെയ്യുന്ന, രോഗസൗഖ്യങ്ങൾ നല്കുന്ന വൈദികരുണ്ട്. പക്ഷേ, ഉടലിന്റെ കാമതാമനകളെ സഹോദരചുംബനംകൊണ്ടു തണുപ്പിക്കാൻ അവർക്കുമാവില്ല. ഇതാണ് യാഥാർത്ഥ്യം. പക്ഷേ, എബിയച്ചന് അതു കഴിയുന്നു. കാരണം, വരയൻ സിനിമയാണ്. വൈദികനാണു തിരക്കഥാകൃത്തെങ്കിലും അദ്ദേഹത്തിനും സിനിമാറ്റിക് ആകാതിരിക്കാനാവില്ല.

ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായി യാതൊരു ബന്ധവുമില്ലെന്ന് സിനിമയ്ക്കു മുമ്പ് മുൻകൂർ ജാമ്യമെടുക്കുകയും എന്നാൽ, സമാനമായ രീതിയിലുള്ള ഒരു വൈദികൻ ഉണ്ടായിരുന്നുവെന്ന് അഭിമുഖങ്ങളിൽ പറയുകയും ചെയ്യുമ്പോൾ ചേരുംപടി ചേരാത്തതിലെ പൊരുത്തക്കേടു തന്നെയാണു വ്യക്തമാകുന്നത്. അച്ചനും ഹീറോയാകാം എന്നാണു വരയൻ പറഞ്ഞുവയ്ക്കുന്ന സുവിശേഷം. അതായത്, അടിയും പിടിയും പ്രേമവും പാട്ടും നന്മയും കാരുണ്യവും അദ്ഭുതവും വിശുദ്ധിയും ചേർന്ന നായകനാണ് വരയനിലെ വൈദികൻ. നായകന് ഉണ്ടായിരിക്കണമെന്ന് ഭാരതീയകാവ്യശാസ്ത്രം അനുശാസിക്കുന്ന നിബന്ധനകളെല്ലാം പൊളിച്ചെഴുതുന്ന നായകന്മാർ വിരാജിക്കുമ്പോഴാണ് നായകഗുണങ്ങളെല്ലാം തികഞ്ഞ സൗമ്യനും സുന്ദരനുമായ വൈദികനെ നായകനായി വരയൻ അവതരിപ്പിക്കുന്നത്. ഇങ്ങനെയാണ് ഫാ. എബി നായകപരിവേഷത്തിലേക്ക് ഉയരുന്നത്.

ശേഷം 16-ാം പേജിൽ

# മഴയെത്തുംമുമ്പേ...



സിൽജി ജെ. ടോം

മഴക്കാലം ഒരിക്കൽക്കൂടിയെത്തുമ്പോൾ മനസ്സിൽ പെയ്തുനിറയുന്നത് ഗൃഹാതുരമായ ഒരുപിടി ഓർമകൾ... ഇതെഴുതുമ്പോഴും പുറത്ത് മെല്ലെ മെല്ലെ മഴ പെയ്യുന്നുണ്ട്. മഴ അന്നുമിന്നും മലയാളിയുടെ താളവും ചലനവുമാണ്. ഇടവപ്പാതി കനത്തു പെയ്ത പണ്ടത്തെ പ്രഭാതങ്ങളിൽ, മഴ കുടയിലൂടെ ചെരിഞ്ഞു വന്ന് പുത്തൻ യൂണിഫോമിലേക്കു വീഴുന്നതു കണ്ട് പുസ്തകബാഗും ഒതുക്കിപ്പിടിച്ചു നടന്ന കാലങ്ങളൊക്കെ ഓർമയിലുണ്ട് ഇന്നും. മഴ പെയ്തു വെള്ളം മൂടിക്കിടന്ന റോഡിലെ ചെറിയ കുഴികളിൽ വെള്ളം ചവിട്ടിത്തെറിപ്പിച്ചു നടന്നിരുന്ന കൂട്ടുകാർക്കൊപ്പം വീട്ടിലേക്കുള്ള സായാഹ്നങ്ങൾ. എത്രകണ്ടാലും മതിവരാത്ത ഒരു വശീകരണമുണ്ടായിരുന്നു അന്നത്തെ മഴയ്ക്ക്. ഇന്ന് കാലവർഷമെത്തുമ്പോൾ ചുവപ്പ്, ഓറഞ്ച്, മഞ്ഞ അലെർട്ടുകളിലാണ് മഴയെ, മൺസൂണിനെ നാം അറിയുന്നത്.

അന്നൊക്കെ മഴ ഒരു അനുഭൂതിയായിരുന്നു, വികാരമായിരുന്നു. ഇടവപ്പാതി നിറഞ്ഞു പെയ്തിരുന്നത് പ്രണയാർദ്രമായ മനസ്സുകളിലേക്കാണ്. പൊള്ളുന്ന വേനൽ കടന്ന് തോടും പുഴകളും വറ്റി, ദാഹജലത്തിന് ജനം കാതങ്ങളോളം നെട്ടോട്ടമോടുമ്പോഴാവും മഴയുടെ വരവ്. അതങ്ങനെ നിന്നു പെയ്യും. ഇന്നത്തെ രൗദ്രഭാവം ഇല്ലായിരുന്നു അന്നൊന്നും മഴയ്ക്ക്.

മഴ എന്നും എഴുത്തുകാരുടെ പ്രിയപ്പെട്ട വിഷയമാണ്. മഴയിൽ പ്രണയത്തെ അറിഞ്ഞവരേറെ, കാല്പനികമായി അതിലേക്കു പ്രണയം പെയ്യിച്ചവരേറെ, അതിന്റെ രൗദ്രതയെ എഴുത്തിൽ നിറച്ചവരേറെ.

'രാത്രിമഴ, ചുമ്മാതെ
കേണും ചിരിച്ചും
വിതുമ്പിയും നിർത്താതെ
പിറുപിറുത്തും നീണ്ട
മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നൊരു
യുവതിയാം ഭ്രാന്തിയെപ്പോലെ..' എന്ന് സുഗതകുമാരി.

അതേ, മഴയ്ക്കു മുഖങ്ങൾ പലതാണ്. ചന്നംപിന്നം പെയ്തുതുടങ്ങി, ഭൂമിയെ കുളിർപ്പിച്ച്, തണുപ്പിച്ച് പിന്നെ സംഹാരഭാവം പൂണ്ട് ചിലപ്പോൾ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉരുൾപൊട്ടലുമായി അതു ഭീതി വിതയ്ക്കുന്നു. പലപ്പോഴും സംഹാരരുദ്രയാകുന്നു. മഴയെന്നു കേൾക്കുമ്പോഴേ ഇന്നു ഭയമാണ്. ഒരു മഴയെത്തുമ്പോഴേ നാടെങ്ങും വെള്ളത്തിൽ മുങ്ങുന്നു. വെള്ളമെപ്പോഴാണ് പുഴ മുറിച്ചു പറമ്പിലേക്കും മുറ്റത്തേക്കും എത്തുകയെന്ന ഭയം ഉള്ളിൽ നിറയുന്നു.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഒരു മഴക്കവിതയിങ്ങനെ:

'പ്രളയമാണെങ്ങും
ഇടവരാത്രിതൻ
കരിമുകിൽച്ചിറ
മുറിഞ്ഞു പേമഴ-
യിടിഞ്ഞു ചാടുന്നു
ഇടയ്ക്കു കൊള്ളിയാൻ
വെളിച്ചത്തിൽക്കാണാം
കടപുഴകിയ
മരങ്ങളും, ചത്ത
മൃഗങ്ങളും, മർത്ത്യ
ജഡങ്ങളും, ജല
പ്രവാഹത്തിൽച്ചുഴ-
ന്നൊലിച്ചുപോകുന്നു.'

കേരളത്തിൽ വീണ്ടും മഴക്കാലമെത്തുകയാണ്. അടുത്ത ദിവസങ്ങളിൽ പെയ്ത മഴയിൽ തന്നെ പലയിടങ്ങളിലും വെള്ളം കയറി. ആറുകളും പുഴകളും പാടങ്ങളും നിറച്ച് റോഡിലേക്കും വീട്ടുമുറ്റത്തേക്കും വീട്ടകങ്ങളിലേക്കും വെള്ളം വഴിമാറിയൊഴുകുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ പകച്ചുനിൽക്കുകയാണു നാടെങ്ങും.

ഇന്നു പണ്ടത്തേതുപോലെയല്ല; പ്രകൃതി മാറി, കാലാവസ്ഥ ആഗോളതലത്തിൽത്തന്നെ മാറി, അതിന്റെ പ്രത്യാഘാതങ്ങളിലൂടെയാണ് നമ്മുടെ നാടും കടന്നുപോകുന്നത്. മഴയുടെ ഭാവം മാറിയിരിക്കുന്നു, അതു കലിതുള്ളുന്നു. കുലം കുത്തിപ്പായുന്ന പുഴയിലേക്കു കാറ്റിൽ മുറിഞ്ഞുവീഴുന്ന മരക്കൊമ്പുകൾ. എപ്പോഴാണ് പുഴ പാടം മുറിച്ചുകടക്കുക എന്നോർത്ത് വേവലാതിപ്പെടുന്നവർ. കുറച്ചു വർഷങ്ങളായി കേരളം ഇത്തരമൊരു അവസ്ഥയിലാണ്. വെള്ളത്തിനു സുഗമമായി ഒഴുകിപ്പോകാൻ ഇടം ലഭിക്കുന്നില്ല എന്നതാണ് ഇവിടെ എടുത്തു പറയേണ്ട കാര്യം.

പ്രളയത്തിലേക്കും മണ്ണിടിച്ചിലിലേക്കും എത്തുന്നതറിഞ്ഞിട്ടും അതിനെ ശാസ്ത്രീയരീതികളിലൂടെ പ്രതിരോധിക്കാനുള്ള വഴികൾ നാം തേടുന്നില്ല. അശാസ്ത്രീയമായ ഓടനിർമാണവും മാലിന്യനിക്ഷേപവും ഓടകളെ നോക്കുകുത്തികളാക്കുന്നു. പലേടത്തും സംസ്ഥാന പാതകൾക്കും ജില്ലാ പാതകൾക്കും അരികെ പൊതുമരാമത്ത് വകുപ്പ് നിർമിച്ചിട്ടുള്ള ഓടകൾക്കൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. ഓടകളിലൂടെ ഒഴുകേണ്ട വെള്ളം റോഡുകളിലൂടെ പാഞ്ഞ് റോഡും സമീപപ്രദേശത്തെ സ്ഥാപനങ്ങളും മാലിന്യക്കൂമ്പാരമാകുന്ന അവസ്ഥ. കൊച്ചി നഗരത്തിലെയൊക്കെ അവസ്ഥ ഏറെ പരിതാപകരമാണ്. കഴിഞ്ഞ ദിവസങ്ങളിലെ ചെറിയ മഴയിൽപോലും നഗരവും പരിസരവുമെല്ലാം വെള്ളത്തിലായതു നാം കണ്ടു. ഇവിടെ പല ഓടകൾക്കും ആഴമോ പെയ്ത്തുവെള്ളം ഉൾക്കൊള്ളാനുള്ള വലിപ്പമോ വെള്ളം ഒഴുകാനുള്ള ചരിവോ ഇല്ല. തോടുകളും ഉപതോടുകളും കാനകളും ഉപകാനകളും കായലിലേക്കു വെള്ളം ഒഴുകിപ്പോകാനാവുന്ന വിധത്തിൽ ബന്ധിപ്പിക്കപ്പെട്ടിട്ടില്ല. തോടുകളിൽ വെള്ളം ഒഴുകാതെ കെട്ടിനിൽക്കുകയാണ്. മഴ ശക്തമാകുന്നതോടെ കാനകളും ഓടകളും നിറഞ്ഞ് റോഡിലെല്ലാം വെള്ളക്കെട്ടും ചെളിയും നിറയുന്നു.

തോടുകളും കാനകളുമെല്ലാം കൈയേറ്റംമൂലം വീതി ചുരുങ്ങിയ നിലയിലാണ്. കോടികൾ മുടക്കി നിർമിക്കുന്ന റോഡുകൾ അശാസ്ത്രീയമായ ഓടനിർമാണം കാരണം കുത്തിയൊലിച്ചു വരുന്ന വെള്ളത്തിൽ തകരുകയാണ്. വെള്ളപ്പൊക്കം ഒഴിവാക്കാൻ ഇത്തരം കാര്യങ്ങളിൽ അധികൃതരുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

ചെളി കോരി ആറുകൾക്ക് ആഴം കൂട്ടുന്നതിലൂടെ വെള്ളം കൂടുതൽ വ്യാപ്തിയിലും ആഴത്തിലും ഒഴുകിപ്പോകാൻ സാധിക്കും. മഴക്കാലം ശക്തമാകുന്നതിനുമുമ്പേ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ■



# മണ്ണും മനുഷ്യനും മനസ്സും





ജോർജ് കുളങ്ങര

മണ്ണും മനുഷ്യനും മനസ്സും; അതൊരു കെമിസ്ട്രിയാണ്, മഹാകെമിസ്ട്രി. അണ്ഡകടാഹത്തെക്കാളും വലിപ്പമുള്ള കെമിസ്ട്രി!

അത്രയേറെ കെട്ടുപിണഞ്ഞു കിടക്കുന്നതാണ് മനുഷ്യനും പ്രകൃതിയും: പൊക്കിൾക്കൊടിയിൽ ചുറ്റി അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുന്നതുപോലെ. പ്രകൃതിയും ജീവജാലങ്ങളും തമ്മിലുള്ള ബന്ധം എത്രത്തോളം പവിത്രമാണ്. ആ ബന്ധത്തിന്റെ മഹത്ത്വമറിയുന്നവർക്ക് പ്രകൃതിയാകുന്ന അമ്മയെ സംരക്ഷിക്കാതിരിക്കാൻ വയ്യ.

'ഭൂമിയമ്മ'യെ സംരക്ഷിക്കുന്നവർ പ്രകൃതിയെ സംരക്ഷിക്കും. പ്രകൃതിയെ സംരക്ഷിക്കണമെങ്കിൽ മരങ്ങൾ വച്ചുപിടിപ്പിക്കണം. മരങ്ങളുടെ ഇലകളിൽ നിന്നു പ്രാണവായുവും തടിശിഖരങ്ങളിൽനിന്നു ഫലങ്ങളും ലഭിക്കുന്നു. പ്രാണവായുവും ഫലങ്ങളും ജീവികളുടെ ജീവൻ നിലനിർത്തുന്നു.

മരങ്ങളിൽ ദേവവൃക്ഷമാണു പ്ലാവ്. ഹാരപ്പ-മോഹൻജോദാരോ കാലഘട്ടങ്ങളിലും പ്ലാവിനെ ദേവവൃക്ഷമായി കരുതിയിരുന്നതുകൊണ്ട് പ്രാചീനകാലഘട്ടം മുതൽ പ്ലാവിനു പ്രാധാന്യം കല്പിച്ചിരുന്നു.

ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങൾ പ്ലാവിൻതടിയിലും കരിങ്കല്ലിലുമാണു നിർമിക്കപ്പെടുന്നത്. പ്ലാവിന്റെ തളിരിലമുതൽ ചക്കപ്പഴത്തിന്റെ മടൽവരെ ഉപയോഗിച്ച് 250 ലധികം വിഭവങ്ങൾ പാകം ചെയ്യാൻ കഴിയും.

ഇളംപ്രായത്തിലുള്ള ചക്കയെ ഇടിച്ചക്ക എന്നു വിളിക്കും. പല തരത്തിലുള്ള വിഭവങ്ങൾ ഇടിച്ചക്കകൊണ്ടു പാകം ചെയ്യാം. ഇടിച്ചക്കത്തോരൻ, ഇടിച്ചക്ക വറുത്തരച്ചു കറി, ഇടിച്ചക്ക പനീർ തുടങ്ങിയവ. വടക്കേയിന്ത്യയിൽ ഇടിച്ചക്കകൊണ്ട് അനേകതരത്തിലുള്ള വിഭവങ്ങൾ ഉണ്ടാക്കി ഭക്ഷണത്തിന്റെ ഭാഗമാക്കുന്നു. കഷണങ്ങളാക്കിയ ഇടിച്ചക്ക ദിവസവും ട്രക്ക് കണക്കിനാണ് കേരളത്തിലെ പെരുമ്പാവൂർ, കാലടി പ്രദേശങ്ങളിൽനിന്നു വടക്കേയിന്ത്യയിലേക്കു കയറിപ്പോകുന്നത്. സ്റ്റീം ചെയ്ത് ശീതീകരിച്ച് ടൺ കണക്കിനു ചക്കയാണ് കണ്ടെയ്നറുകളിൽ വിദേശങ്ങളിലേക്കു കയറ്റിയയയ്ക്കുന്നത്.

പച്ചച്ചക്കപ്പൊടി 365 എന്ന പേരിൽ സ്വദേശത്തും വിദേശത്തും വളരെയധികം വിറ്റുപോകുന്നുണ്ട്. ജാക്ക് 365 ന്റെ ഉത്പാദനത്തിന് ഒരു വർഷം വേണ്ടത് 20000 ടൺ പച്ചച്ചക്കയാണ്. വലിയ ശീതീകരണശാലകളുള്ളതുകൊണ്ട് വൻകിട ഫാക്ടറികൾ ഓഫ് സീസണിലേക്കു ചക്ക സംഭരിച്ചുവയ്ക്കുന്നു. ശാസ്ത്രീയമായി സംസ്കരിച്ച ചക്കയുത്പന്നങ്ങൾ മാസങ്ങളോളം കേടുകൂടാതെ സൂക്ഷിക്കാവുന്നതാണ്.

നമ്മുടെ തൊട്ടടുത്തുള്ള പാറയിൽ ഏജൻസീസ് എത്രയോ ടൺ ചക്ക സംസ്കരിച്ച് വിവിധയിനം ഉത്പന്നങ്ങളാക്കി യൂറോപ്യൻ രാജ്യങ്ങളിലേക്കു കയറ്റിയയച്ചുവരുന്നു.

ന്യൂയോർക്കിലെ ഇന്ത്യൻ കടകളിൽ പാറയിൽക്കാരുടെ ശീതീകരിച്ച ചക്കപ്പഴവും കുമ്പിളപ്പവും ചപ്പാത്തിയും ഇഡ്ഡലിയും കുമ്പിളപ്പം പുഴുങ്ങാനുള്ള ഇടനയിലയുംവരെ ലഭിക്കും. ന്യൂയോർക്കിലെ മലയാളി അമ്മച്ചിമാർ ചക്കപ്പഴവും ഇടനയിലയും വാങ്ങി വീട്ടിൽ കൊണ്ടുചെന്നു വിരുന്നുകാർക്കു കുമ്പിളപ്പം ഉണ്ടാക്കി സത്കരിക്കുന്നതു പതിവുകാഴ്ച.

ഏതാനും മാസംമുമ്പ് 50 ടൺ ചക്കപ്പഴത്തിന്റെ ഓർഡർ കേരളത്തിലെത്തി. ഒരു ജർമൻ ബേക്കറിക്ക് ചക്കപ്പഴം ചേർത്ത് ഐസ്ക്രീം നിർമിക്കാനായിരുന്നു. നിർഭാഗ്യവശാൽ, കേരളത്തിൽ നിന്ന് 50 ടൺ ചക്കപ്പഴം ശേഖരിക്കാൻ അവർക്കു കഴിയാതിരുന്നതുകൊണ്ട് വിയറ്റ്നാമിൽനിന്ന് അവർ അതു ശേഖരിച്ചു. ചക്കപ്പഴം പൾപ്പാക്കി ശീതീകരിച്ചായിരുന്നു അവർ ജർമനിക്കു കയറ്റിയയച്ചത്. ചക്കയിൽനിന്ന് ഇതുപോലെ എന്തുമാത്രം വിഭവങ്ങൾ നിർമിക്കാൻ കഴിയും! ഇതെല്ലാം ചക്കയുടെ വാണിജ്യസാധ്യതകളാണ്.

തായ്‌ലൻഡ്, വിയറ്റ്നാം, കമ്പോഡിയ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നമ്മുടെ നാട്ടിലെ റബർത്തോട്ടവും തേയിലത്തോട്ടവും ഏലത്തോട്ടവും കാപ്പിത്തോട്ടവുംപോലെ പ്ലാവിൻതോട്ടങ്ങളുണ്ട്. പതിനായിരവും ഇരുപത്തയ്യായിരവും ഹെക്ടർ കണക്കിനാണ് ഈ രാജ്യങ്ങളിൽ പ്ലാവിൻ തോട്ടങ്ങൾ. ഈ തോട്ടങ്ങളിൽനിന്നു ശേഖരിക്കുന്ന ചക്ക സംസ്കരിച്ച് മൂല്യവർധിതോത്പന്നങ്ങളാക്കി യൂറോപ്പ്, ചൈന എന്നിവിടങ്ങളിലേക്കു കയറ്റുമതി ചെയ്തു വിദേശനാണ്യം നേടുന്നു. ഈ രാജ്യങ്ങളിലെ അഗ്രോടെക്കിന്റെ ആയിരത്തിലൊന്നുപോലും നമ്മുടെ രാജ്യത്തായിട്ടില്ല. മേല്പറഞ്ഞ രാജ്യങ്ങളെപ്പോലെ കൃഷിയിൽ മുന്നിട്ടുനില്ക്കുന്ന രാജ്യമാണ് ഇസ്രായേലും.

# എന്താണു പണം? ആരാണു പണക്കാരൻ?






ജസ്റ്റിൻ തോമസ്

പണത്തെ അമിതമായി സ്നേഹിക്കുന്നവരും പണത്തെ വെറുക്കുന്നവരും പണം എന്താണെന്ന് അറിയാത്തവരാണെന്ന ചിന്ത ബുദ്ധിപരവും തത്ത്വശാസ്ത്രപരവുമായ വീക്ഷണമാണ്. പണത്തെ അമിതമായി സ്നേഹിക്കുന്നവർ ജീവിക്കുന്നതു പണത്തിനുവേണ്ടിയാകുമ്പോൾ അത്തരക്കാർ മറ്റെല്ലാത്തിനും രണ്ടാം സ്ഥാനമേ നൽകൂ. ഒപ്പം, പണത്തെ വെറുക്കുന്നവർ, പണസമ്പാദനത്തിനെതിരായതിനാൽ പട്ടിണിയിലും പരാധീനതയിലും ജീവിക്കും. എന്റെ കൗൺസലിങ് അനുഭവത്തിൽ ഇപ്പറഞ്ഞ രണ്ടു തരത്തിലുമുള്ള വ്യക്തികളെ കണ്ടുമുട്ടിയിട്ടുണ്ട്. ഇത്തരക്കാരുടെ കുടുംബങ്ങൾ പല തരത്തിലുമുള്ള വെല്ലുവിളികളെ നേരിടുന്നുണ്ടുതാനും. എന്നാൽ, നന്മനിറഞ്ഞ മനുഷ്യന്റെ കൈയിൽ ധാരാളം പണമുണ്ടാകുന്നത് കുടുംബത്തിന്റെ, നാടിന്റെ, രാഷ്ട്രത്തിന്റെ നന്മയ്ക്ക് ഉപകരിക്കും എന്ന വീക്ഷണം നമ്മുടെ ചിന്താമണ്ഡലങ്ങളെ ഉദ്ദീപിപ്പിച്ചുകൊണ്ടിരിക്കുന്നു.

**പണസമ്പാദനത്തിലെ ചില മൂല്യങ്ങൾ:**

പണസമ്പാദനവുമായി ബന്ധപ്പെട്ട മൂല്യങ്ങൾ കുടുംബത്തിൽനിന്നു കുട്ടികൾ നേടിയെടുക്കേണ്ടവയാണ്.

1. പണത്തെ സ്നേഹിക്കണം 2. പണം നേരായ വഴിയിൽ അദ്ധ്വാനിച്ചു സമ്പാദിക്കണം 3. തങ്ങൾക്കു ലഭിക്കുന്ന വരുമാനത്തിൽനിന്ന് ഒരു നിശ്ചിത ശതമാനം എല്ലാവരും നാളേക്കായി സൂക്ഷിക്കണം 4. ലഭിക്കുന്ന പണത്തിന്റെ ഒരു നിശ്ചിതശതമാനം സുരക്ഷിതമായ നിക്ഷേപങ്ങൾക്കായി ഉപയോഗിക്കണം 5. ലഭിക്കുന്ന പണത്തിന്റെ ഒരു നിശ്ചിതശതമാനം ദാനധർമം നല്കണം 6. പണത്തിന്റെ മറ്റൊരു ശതമാനം നേരായ കാര്യങ്ങൾക്കായി ചെലവഴിക്കണം 7. നാം പണത്തെ സ്നേഹിക്കുമ്പോൾ പ്രപഞ്ചം/ദൈവം നമുക്ക് അതു ധാരാളമായി നമ്മുടെയും മറ്റുള്ളവരുടെയും നന്മയ്ക്കായി തരും എന്ന ബോധ്യം 8. പണം ധാരാളമായി ലഭിക്കുമ്പോൾ കൂടുതൽ ശാന്തരും വിനയാന്വിതരും നന്മ നിറഞ്ഞ മൂല്യങ്ങൾ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും കൊണ്ടുവരുന്നവരുമാകണമെന്ന അവബോധം.

മേൽസൂചിപ്പിച്ചവയൊക്കെ കുടുംബത്തിൽനിന്നു കുട്ടികൾക്കും യുവാക്കൾക്കും ലഭിക്കേണ്ട മൂല്യങ്ങൾതന്നെ. ഇവ ലഭിക്കാതെ വളരുന്ന, സാമ്പത്തികമായി ഉയർന്ന നിലയിലുള്ള വീടുകളിലെ കുട്ടികൾ താഴെപ്പറയുന്ന ചിന്താരീതികളുടെയും പ്രവൃത്തികളുടെയും ഉടമകളാകാം:

ഏതു മാർഗവുമുപയോഗിച്ച് പണം സമ്പാദിക്കാം, ധൂർത്ത്/പിശുക്ക്, എന്തും പണം കൊടുത്തു വാങ്ങാമെന്ന തെറ്റായ ധാരണ, അഹങ്കാരം, വെല്ലുവിളി, പണമില്ലാത്തവരോടുള്ള അവജ്ഞ, അടിമത്തങ്ങൾ (മയക്കുമരുന്ന്, ഗെയിമുകൾ, മദ്യപാനം, അവിഹിതബന്ധങ്ങൾ തുടങ്ങിയവ), നന്ദിയില്ലാത്ത പ്രവൃത്തികൾ, സംസാരം, ചിന്ത, അമിതധൈര്യം, വികാരവിചാരങ്ങളെ നിയന്ത്രിക്കുവാൻ പറ്റാതെ വരുക, തെറ്റായ വ്യാപാരങ്ങളിൽ പങ്കാളികളാവുക.

**എന്തുകൊണ്ട് ചിലർ പണത്തെ വെറുക്കുന്നു?**

പണസമ്പാദനം തെറ്റാണ് എന്ന ചിന്ത, ജീവിതത്തിൽ ഉണ്ടായിരിക്കുന്ന ചില അനുഭവങ്ങൾ, ദാരിദ്ര്യത്തെ സ്നേഹിക്കുന്ന അവസ്ഥ, മടി, അസൂയ, ശരിയായ മാനസികാരോഗ്യത്തിന്റെ അഭാവം ഇവയെല്ലാം ചിലർ പണത്തെ വെറുക്കാൻ കാരണമാകാം. പണത്തെ വെറുക്കുന്നവർക്ക് സാമ്പത്തികസ്വാതന്ത്ര്യം ലഭിക്കില്ല എന്നതു തെളിയിക്കപ്പെട്ട വസ്തുതതന്നെ. മേൽസൂചിപ്പിച്ച വസ്തുതകളെ വിശദമായി പരിശോധിക്കുക അഭികാമ്യമായിരിക്കും.

**1. പണസമ്പാദനം തെറ്റാണ് എന്ന ചിന്ത**

ഈ ചിന്ത ഉരുത്തിരിയാൻ കുടുംബത്തിലെ ചില വ്യക്തികളുടെ സ്വാധീനം, തെറ്റായ മതപഠനങ്ങൾ, ഉപദേശങ്ങൾ എന്നിവയൊക്കെ കാരണമാകാം.

**2. ജീവിതത്തിലുണ്ടായ ചില അനുഭവങ്ങൾ**

സമ്പന്നയായ സ്ത്രീയെ കല്യാണം കഴിച്ച സ്വന്തം ജ്യേഷ്ഠൻ സ്വന്തം മാതാപിതാക്കളെയും സഹോദരങ്ങളെയും വെറുത്തുതുടങ്ങിയപ്പോൾ അനുജന്റെ മനസ്സ് ഉറച്ചു വിശ്വസിച്ചു, 'സമ്പത്ത് തിന്മയാണ്.' ഇത്തരം അനുഭവങ്ങൾ ചിലരെ പണസമ്പാദനത്തിൽനിന്ന് അകറ്റി നിർത്താം.

**3. ദാരിദ്ര്യത്തെ സ്നേഹിക്കുന്ന അവസ്ഥ**

ചില വ്യക്തികളും കുടുംബങ്ങളും ദാരിദ്ര്യത്തെ സ്നേഹിക്കാറുണ്ട്. ഇത്തരക്കാർ വിശ്വസിക്കുന്നത് തങ്ങളുടെ ദാരിദ്ര്യം കാരണമാണ് തങ്ങളെ മറ്റുള്ളവർ സഹായിക്കുന്നതെന്നാണ്. ചുറ്റുമുള്ളവരുടെയും ഗവൺമെന്റിന്റെയുമൊക്കെ സഹായം കൈപ്പറ്റാൻ ഇവർ മനസ്സുകൊണ്ടും വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും ദാരിദ്ര്യത്തെ വാരിപ്പുണരുന്നു.



**4. മടി**

പണിയെടുക്കാൻ മടിയുള്ളവർ പണം എന്തിന്, പണമെന്ന തിന്മയെ എന്തിനു കൂട്ടുപിടിക്കണം എന്നീ ചോദ്യങ്ങളിലൂടെ ന്യായീകരിക്കുന്നത് തങ്ങളുടെ മടിയെയാണ്. ഇവർ തങ്ങളുടെ ശിഷ്ടകാലം കഴിച്ചുകൂട്ടാൻ ആരുടെയെങ്കിലുമൊക്കെ സഹായം മേടിച്ചെടുക്കും.

**5. അസൂയ**

കൂടെയുള്ളവർ സാമ്പത്തികമായി ഉയരുമ്പോൾ അസൂയ നിമിത്തം പണത്തെ വെറുക്കുന്നവരും ചുരുക്കമല്ല. ഇതു വളരെ അപകടകരമായ ഒരു പ്രവണതയാണ്. കാരണം, പണം ലഭിക്കാനുള്ള എല്ലാ വഴികളും അടയ്ക്കുന്ന പ്രവൃത്തിയാണ് മറ്റുള്ളവർക്കു പണമുണ്ടാകുമ്പോൾ അതിനെ അസൂയയോടെ കാണുക എന്നത്.

**6. ശരിയായ മാനസികാരോഗ്യത്തിന്റെ അഭാവം**

നമ്മുടെയും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി പണം സമ്പാദിക്കണമെന്ന ചിന്തയില്ലായെങ്കിൽ അതു മാനസികാസ്വസ്ഥതയുടെ ലക്ഷണംതന്നെ. ക്രിയാത്മകമായി ചിന്തിക്കുന്ന ഒരു വ്യക്തി പണസമ്പാദനത്തിന് അതിന്റേതായ പ്രാധാന്യം നല്കുന്നു. ചില കമ്യൂണിറ്റികളിൽ ഒരുമിച്ചു ജീവിക്കുന്നവർ ഇതിനപവാദമാകാം.

ചുരുക്കത്തിൽ, കുടുംബങ്ങളിൽ സാമ്പത്തിക അച്ചടക്കവും പണത്തിന്റെ മഹത്ത്വവും ചർച്ച ചെയ്യപ്പെടണം. ഇത് നമ്മുടെയും നമ്മുടെ മക്കളുടെയും ഭാവിസുരക്ഷിതത്വത്തിന് അനിവാര്യമാണ്.

■

# പിറന്നാൾമധുരം

കഥ

പി. സി. എറികാട്

അയാൾക്ക് എൺപതാം പിറന്നാൾ. അതിരാവിലെമുതൽ ഫോൺ വിളികൾ കാതുനിറയെ. മക്കളും കൊച്ചുമക്കളും.

ഹാപ്പിബർത്ത്ഡേ അപ്പച്ചാ.

അപ്പാ ഹാപ്പി ബർത്ത്ഡേ

ഹാപ്പി ബർത്ത് ഡേ അപ്പാജി.

അവരെല്ലാം പുറംനാടുകളിൽ. ഓടിവരാനൊന്നും പറ്റുന്ന കാലമല്ലല്ലോ. മൊബൈൽ മൗനത്തിലായതും അവൾ പ്രാഞ്ചി പ്രാഞ്ചി അടുത്തുവന്നു. സഹധർമിണി. അടുത്തയാണ്ടിൽ അവൾക്കും അശീതി.

"മധുരം തരാം, വായൊന്നു പൊളിക്ക്."

"എന്നതാ കേക്കാ?"

"അതിനിവിടാരാ കേക്കു മേടിക്കാൻ? ഒരു പൂളു പഴുത്ത മാങ്ങയാ."

അയാൾ വാ തുറന്നു. മാമ്പഴം ചവയ്ക്കുമ്പോൾ പറഞ്ഞു:

"പല്ലെല്ലാം ആടി നിക്വാ. ഇയാടെ മധുരം ഒക്കേം കൊഴിച്ചു കളേവോന്നാ..."

"പതിയെ ചവച്ചാ മതി."

അവൾ അകത്തേക്കു പോയി തിരിച്ചുവന്ന് ഒരു ചവുണ്ട പുസ്തകം നീട്ടി.

"ബർത്ത്ഡേ സമ്മാനം."

"എന്നാതാടോ."

"നിങ്ങടെ കൈപിടിച്ച് ഇവിടെ വന്നു കേറീപ്പം ഞാൻ കൊണ്ടുവന്ന സമ്പത്താ. എന്റമ്മ തന്നു വിട്ട വേദപുസ്തകം."

അയാൾ അതു മേടിച്ചുനോക്കി. അരനൂറ്റാണ്ടിലേറെ പഴക്കമുള്ള പുതിയ നിയമം!

വിസ്മയം കൂറി.

"ഇയാളിത് എത്രവട്ടം വായിച്ചു കാണും?"

"പതിനായിരം പ്രാവശ്യം."

"വായിച്ചിട്ട് ആരടെ കാര്യാ ഇപ്പഴും ഓർത്തിരിക്കുന്നെ?"

"മഗ്ദലേനമറിയത്തിന്റെ."

"എന്താ അങ്ങനെ? ഓ! ഉയിർത്തെഴുന്നേറ്റ കർത്താവിനെ ആദ്യം കണ്ട ഭാഗ്യവതിയാണല്ലോ."

"അതുകൊണ്ടൊന്നുമല്ല."

"പിന്നെ?"

"ഈശോയുടെ തൃപ്പാദങ്ങൾ കഴുകിയില്ലേ, കരഞ്ഞുകരഞ്ഞു കണ്ണീരൊഴുക്കി..."

അത്രയും പറഞ്ഞതും അയാളുടെ കാൽച്ചുവട്ടിലിരുന്ന് അവൾ കരഞ്ഞുപോയി.



വെമ്പിപ്പോയ അയാൾ അവളുടെ നരച്ച തലയിൽ തൊട്ടുതലോടി ഗദ്ഗദപ്പെട്ടു.

"എന്തിനാ കരേന്നെ? വേണ്ട, കരേണ്ടാ. ഇവിടാരും പാപിനിയല്ലല്ലോ."

അവളുടെ ചുളുങ്ങിയ ചുണ്ടുകൾ തന്റെ പാദങ്ങളിൽ പതിഞ്ഞത് അയാളറിഞ്ഞതേയില്ല.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക. അപ്പോൾ, കർത്താവിന്റെ കൃപയ്ക്കു നീ പാത്രമാകും.
പ്രഭാഷകൻ 3:18

**എഡിറ്റോറിയൽ**

# കുറ്റവാളിയെ കൊന്നുകളഞ്ഞാൽ നീതിയും ന്യായവും പുലരുമോ?

വിചാരണക്കോടതികൾ വധശിക്ഷ വിധിക്കുന്നതു പലപ്പോഴും പകവീട്ടുന്നതുപോലെയാണെന്നും പ്രതികളുടെ മാനസികാവസ്ഥയും കുടുംബപശ്ചാത്തലവുമുൾപ്പെടെയുള്ള ഘടകങ്ങൾകൂടി പരിഗണിച്ചാണു വിധി പറയേണ്ടതെന്നും ഇക്കഴിഞ്ഞ ദിവസം സുപ്രീംകോടതി നടത്തിയ നിരീക്ഷണം രാജ്യം ശ്രദ്ധയോടെ കേട്ടു. വിധിക്കാനുള്ള നടപടിക്രമങ്ങളെക്കുറിച്ചു പ്രത്യേക മാർഗനിർദേശങ്ങളും കോടതി പുറത്തിറക്കി.

2015 ൽ മധ്യപ്രദേശിലെ ഒരു കൊലപാതകക്കേസുമായി ബന്ധപ്പെട്ടാണ് ജസ്റ്റീസ് യു.യു. ലളിത്, എസ്. രവീന്ദ്ര ഭട്ട്, ബേല എം. ത്രിവേദി എന്നിവരുൾപ്പെട്ട ബഞ്ചിന്റെ നിർദേശം. വിചാരണയ്ക്കിടെ പ്രതികൾക്കു മാനസാന്തരമുണ്ടാകാനുള്ള സാഹചര്യമുണ്ടോയെന്നു കോടതികൾ ഒരിക്കൽപ്പോലും പരിശോധിക്കുന്നില്ലെന്നുള്ള ബഞ്ചിന്റെ അതിരൂക്ഷമായ വിമർശനമാണ് കാര്യഗൗരവമായ വിചിന്തനത്തിനു പ്രസക്തമായിരിക്കുന്നത്.

മനുഷ്യവ്യക്തിത്വത്തെ ആദരിക്കുകയും തുല്യധാർമികമൂല്യത്തെ അടിസ്ഥാനമാക്കിയുള്ള മനുഷ്യാവകാശങ്ങൾക്കുവേണ്ടി പോരാടുകയും ചെയ്യുന്ന ഇക്കാലഘട്ടത്തിൽ, വധശിക്ഷയ്ക്കു നിയമപരിരക്ഷ നല്കുന്നതു ചോദ്യം ചെയ്യപ്പെടുകയാണ്. ജീവന്റെ അധിപതി ദൈവമാണെന്നും മനുഷ്യജീവനെ നശിപ്പിക്കാനല്ല, പരിരക്ഷിക്കാൻ മാത്രമേ മനുഷ്യന് അവകാശമുള്ളൂവെന്നും സാമാന്യവിദ്യാഭ്യാസമുള്ളവർക്കുകൂടി അറിയാമെന്നിരിക്കേ, വധശിക്ഷയെന്ന പ്രാകൃതകൊലപാതകത്തെ നിയമംമൂലം നിലനിർത്തിയിരിക്കുന്നതു ക്രൂരവും മനുഷ്യത്വരഹിതവുമാണ്. അത് നമ്മുടെ ധാർമികതയ്ക്കും സംസ്കാരത്തിനുമേറ്റ പ്രഹരമാണ്.

2007 മുതൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ വധശിക്ഷ നിർത്തലാക്കാനുള്ള പ്രമേയങ്ങൾ കൊണ്ടുവന്നിട്ടും, വികസിതരാജ്യങ്ങളായ അമേരിക്കയിലും ജപ്പാനിലുംവരെ വധശിക്ഷ നിലനില്ക്കുന്നു. ലോകത്തെ ഏറ്റവും വലിയ ആരാച്ചാരായി ചൈന തുടരുന്നു. ഇറാനും സുഡാനും ഉത്തരകൊറിയയും രാഷ്ട്രീയ എതിരാളികളെ അമർച്ച ചെയ്യാൻ വധശിക്ഷയെ ശരണം പ്രാപിക്കുന്നുവത്രേ. താരതമ്യേന അപൂർവമാണെങ്കിലും, ഇന്ത്യയിലും വധശിക്ഷ നൈയാമികമായി അംഗീകരിക്കുന്ന രീതിയാണു നിലവിലുള്ളത്. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന അതിക്രൂരവും പൈശാചികവുമായ കൃത്യങ്ങളിലേർപ്പെടുന്നവർക്കുള്ള ശിക്ഷാരീതി എന്ന നിലയിലാണു വധശിക്ഷയെ ന്യായീകരിക്കുന്നവർ വ്യാഖ്യാനിക്കുന്നത്. ഭീകരതയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളൊഴികെ, മറ്റെല്ലാ കുറ്റങ്ങൾക്കും വധശിക്ഷ ഒഴിവാക്കണമെന്നു ലോ കമ്മീഷൻ 2015 ഓഗസ്റ്റിലെ റിപ്പോർട്ടിൽ പറയുന്നു. വധശിക്ഷ എത്രയും വേഗം നിർത്തലാക്കുന്നതാണ് അഭികാമ്യമെന്ന് കമ്മീഷൻ അഭിപ്രായപ്പെടുന്നു.

വധശിക്ഷയിലൂടെ കുറ്റവാളിയെ നൈയാമികമായി കൊന്നുകളയുന്ന പ്രാകൃതരീതി തിരുത്തപ്പെടേണ്ടതാണെന്നു പറയാൻ ഇനി ആരും മടിക്കേണ്ടതില്ല. കാരണം, അത്തരത്തിലുള്ള നിരീക്ഷണമാണ് രാജ്യത്തെ പരമോന്നത നീതിപീഠം ഇപ്പോൾ ഉയർത്തിരിക്കുന്നത്. പ്രതികൾക്കു മാനസാന്തരപ്പെടാനുള്ള സ്വാഭാവികസാധ്യതയെ തള്ളിക്കളയാനുള്ള അധികാരം ഈ ഭൂമിയിൽ ആർക്കാണുള്ളത്? അതു പരിശോധിച്ചറിയാനുള്ള സംവിധാനങ്ങൾ നിലവിലില്ലെങ്കിൽ ഉറപ്പുവരുത്തേണ്ട ചുമതല ഉത്തരവാദിത്വപ്പെട്ടവർക്കുണ്ടാകണം.

വിചാരണഘട്ടംമുതൽ ശിക്ഷയുടെ കാഠിന്യം കുറയ്ക്കാനുള്ള മാർഗങ്ങൾ വിലയിരുത്തണം. പ്രതികളുടെ കുടുംബപശ്ചാത്തലം, വിദ്യാഭ്യാസം, സാമൂഹിക - സാമ്പത്തിക പശ്ചാത്തലം തുടങ്ങിയവയൊക്കെ പരിഗണിക്കണം. ഇതിനായി, കോടതിയും സംസ്ഥാനങ്ങളും പ്രതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കണം. 1980 ലെ ബച്ചൻസിങ് കേസിൽ കൊലപാതകസാഹചര്യം വിശദമായി പരിശോധിക്കണമെന്നു സുപ്രീംകോടതി നിർദേശിച്ചിരുന്നു. പ്രതിയുടെ മാനസികനില, കൊലപാതകം നടത്താനിടയായ സാഹചര്യം, കുടുംബപശ്ചാത്തലം, ക്രിമിനൽ പശ്ചാത്തലമുണ്ടോയെന്ന കാര്യം എന്നിവയൊക്കെ പരിശോധിച്ചു മാത്രമേ വധശിക്ഷയിലേക്കു പോകാവൂ എന്നായിരുന്നു നിർദേശങ്ങൾ.

കുറ്റവാളിയായാലും അല്ലെങ്കിലും ജീവിക്കാനുള്ള ഒരാളുടെ അവകാശത്തെ നിഷേധിക്കുന്നത് കടുത്ത മനുഷ്യാവകാശധ്വംസനമാണ്. വധശിക്ഷപോലുള്ള മനുഷ്യത്വരഹിതവും അപമാനകരവുമായ ശിക്ഷാരീതികൾ പിന്തുടരുന്നത് വിദ്യാഭ്യാസവും സംസ്കാരവുമുള്ള ഒരു രാജ്യത്തിനോ ജനതയ്ക്കോ ഭൂഷണമല്ല. വധശിക്ഷ കൊണ്ടു പ്രതിയെ തീർത്തുകളയാമെന്നല്ലാതെ, കുറ്റകൃത്യങ്ങൾ പെരുകുന്നതിനെ ഇല്ലാതാക്കാനാവില്ലല്ലോ. ഒരു തെറ്റിനെ അതിനെക്കാൾ വലിയൊരു തെറ്റുകൊണ്ടു പരിഹരിക്കാമെന്നു പറയുന്നതിൽ എന്തു യുക്തിയാണുള്ളത്? കൊലപാതകം, ബലാത്സംഗം പോലുള്ള മാരകമായ കുറ്റകൃത്യങ്ങൾക്കു കാരണം വ്യക്തിത്വവൈകല്യമോ അമിത ലഹരിയുപയോഗമോ ആണെന്നു മനഃശാസ്ത്രപഠനങ്ങൾ പറയുന്നു. അതായത്, സുബോധത്തോടെ ആയിരിക്കുകയില്ല ഇവർ കുറ്റകൃത്യങ്ങളിലേർപ്പെടുന്നത്. അത്തരക്കാർക്കു മാനസാന്തരപ്പെടാനും പുതിയ ജീവിതത്തിലേക്കു വരാനുമുള്ള സാധ്യതയെയാണ് നൈയാമിക കൊലപാതകത്തിലൂടെ നിഷേധിക്കുന്നതെന്നോർക്കണം. ഇതിനു നമ്മുടെ ഭരണാധികാരികളും നിയമങ്ങളും നീതിപീഠങ്ങളും കൂട്ടുനില്ക്കുന്നുണ്ടെങ്കിൽ, മനുഷ്യാവകാശപ്രവർത്തകർ മാത്രമല്ല, പൗരസമൂഹം മുഴുവനും തുറന്നു പ്രതികരിച്ചു പ്രതിഷേധിക്കേണ്ട സമയമടുത്തിരിക്കുന്നു.

"വധശിക്ഷ ജുഡീഷ്യൽ മർഡർ ആണെന്നാണ് എന്റെ വിശ്വാസം... ഒരു കുറ്റവാളിയെ നന്നാക്കിയെടുക്കുകയാണ് പരിഷ്കൃതസമൂഹത്തിന്റെ ധർമം. വികാരപ്രകടനത്തിലൂടെ ഒരാളെ ഇല്ലാതാക്കുന്ന വധശിക്ഷയിൽ വന്യമായ ഒരാനന്ദമുണ്ട്. അതു മറികടക്കുമ്പോഴാണ് നാം പരിഷ്കൃതസമൂഹമാകുന്നത്." ജസ്റ്റീസ് കെ.ടി. തോമസിന്റെ ഈ നിരീക്ഷണം ആഴമുള്ളതാണ്. വധശിക്ഷ അംഗീകരിക്കാനാവാത്തതും ഇല്ലാതാക്കേണ്ടതുമാണെന്ന് ഫ്രാൻസീസ് മാർപാപ്പാ 'എല്ലാവരും സഹോദരർ' എന്ന ചാക്രിക ലേഖനത്തിൽ അടിവരയിട്ടു പറഞ്ഞതും ഇത്തരുണത്തിൽ ഇരുത്തിച്ചിന്തിപ്പിക്കുന്നതാണ്.

■

# ശബ്ദം ശല്യമാകുമ്പോൾ



**പ്രതികരണം**

ശബ്ദം ചിലപ്പോഴെങ്കിലും ശല്യമാകാറുണ്ട് മനുഷ്യന്. അതിൽ തർക്കമൊന്നുമില്ല. പ്രത്യേകിച്ച്, അവന്റെ മനസ്സ് അസ്വസ്ഥമെങ്കിൽ. ഏതായാലും ദീപനാളം മേയ് 26 ലക്കത്തിൽ ഫാ. തോമസ് പാട്ടത്തിൽച്ചിറ ശബ്ദശല്യത്തെക്കുറിച്ചെഴുതിയത് കാലോചിതമായി. ഇന്നു നാടാകെ ബഹളമയമാണെന്നു പറഞ്ഞാൽ അതിശയോക്തിയില്ല. കാലം കൊണ്ടുവന്ന മാറ്റങ്ങളെ കണ്ടില്ലെന്നു നടിക്കുന്നില്ല. ചില ബഹളങ്ങൾ ഇന്ന് അനിവാര്യമായിത്തീർന്നിരിക്കുന്നു. യുവലോകം അക്കൂടെയാണെന്നും നമുക്കറിയാം. മുതിർന്നവരെ സംബന്ധിച്ചു പറയുമ്പോൾ, അവർക്കു ഭൂതകാലത്തിലേക്ക് ഊളിയിടുവാനിഷ്ടം. അവിടെ ഇത്രയും ബഹളങ്ങളില്ല. വിജനമായ നിരത്തുകൾ. ഒറ്റപ്പെട്ട വഴിയാത്രക്കാർ. വല്ലപ്പോഴുമോടുന്ന കാളവണ്ടികൾ, പ്രകൃതിയുടെ നിറഞ്ഞ പച്ചപ്പ്. പൊതുവെ ശാന്തമാണു കാര്യങ്ങൾ. ഓർക്കുമ്പോൾ എവിടെനിന്നോ ഒരു ശാന്തിയും സമാധാനവും ഉള്ളിലേക്കു വരുന്നു.

ആ പഴയ സമാധാനം ഇന്നില്ലായെന്നു പൊതുവെ എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. അതു തിരിച്ചുപിടിക്കണമെന്ന വാശിപിടിക്കുന്നതിലും അർത്ഥമില്ല. എങ്കിലും ഇന്നത്തെ ആവശ്യമില്ലാത്ത ബഹളങ്ങൾ കുറച്ചുകുറയ്ക്കാം. അല്ലെങ്കിൽ ബഹളങ്ങളിൽനിന്നു മാറിനില്ക്കാം. ശാന്തമായ മനസ്സിൽനിന്നുവേണം തീരുമാനങ്ങളെന്നാണല്ലോ. മതമൈത്രിയുടെ നാട്ടിൽ ഇന്നുയർന്നുകൊണ്ടിരിക്കുന്ന കൊലവിളിയുടെ ശബ്ദങ്ങളെക്കുറിച്ച് എല്ലാവരും ഈയവസരത്തിൽ ഗൗരവത്തോടെ ശാന്തമായി ചിന്തിക്കുന്നതു നല്ലതാണ്.

**സാബു കുര്യൻ**
**കൂത്താട്ടുകുളം**

# മനോഹരമായ നോവൽ

വിശുദ്ധ ദേവസഹായംപിള്ളയുടെ ജീവിതം പശ്ചാത്തലമാക്കി ഗിരീഷ് കെ. ശാന്തിപുരം എഴുതുന്ന നോവൽ 'ദേവാങ്കണം' മനോഹരമാകുന്നുണ്ട്. വിശാലമായ ക്യാൻവാസിൽ നോവലിസ്റ്റ് കോറിയിടുന്ന ജീവിതചിത്രങ്ങൾ ഒരു കാലഘട്ടത്തിലേക്കു വെളിച്ചം വീശുന്നവയാണ്. വായനക്കാരെ സംബന്ധിച്ചിടത്തോളം ഭൂതകാലത്തിലേക്കുള്ള ഒരു തീർത്ഥയാത്രയാണത്. മനോഹരമായ രചനാശൈലി. അർത്ഥഭംഗിയുള്ള വാക്കുകൾ. ഓരോ ലക്കത്തിനും കാത്തിരിക്കുന്നു.

**പോൾ ജോസഫ്**
**തൃശൂർ**

**പുളിമധുരം** — പ്രതാപൻ പുളിമാത്ത്



# ഹോസ്പിറ്റൽ എന്ന ആശയത്തിനു ജീവൻ നൽകിയവർ



ജോസ് വഴുതനപ്പിള്ളി

**ലോ**കത്തിൽ ഹോസ്പിറ്റൽ എന്ന ആശയം ആദ്യം പ്രാവർത്തികമാക്കിയത് കത്തോലിക്കരായിരുന്നു. ഗവൺമെന്റുകൾ കഴിഞ്ഞാൽ ഈ ലോകത്ത് ഏറ്റവും കൂടുതൽ ആതുരസേവനം ചെയ്യുന്നതു കത്തോലിക്കാസഭയാണ്. ആശുപത്രികളും ക്ലിനിക്കുകളും മറ്റു ചികിത്സാലയങ്ങളും ലോകത്തിന്റെ ഏത് ഓണംകേറാമൂലയിലും കാണാം. ഇതിൽ സിംഹഭാഗവും സ്ഥിതിചെയ്യുന്നത് അവികസിതരാഷ്ട്രങ്ങളിലാണ് എന്നതാണ് മറ്റൊരു സവിശേഷത. ലോകത്തിലെ സ്വാസ്ഥ്യകേന്ദ്രങ്ങളുടെ ഏതാണ്ട് 30 ശതമാനവും കാത്തലിക് സംരംഭങ്ങളാണ്.

ഏതാണ്ട് 5000 ബിസി മുതൽതന്നെ ഈജിപ്റ്റ് പോലുള്ള രാജ്യങ്ങളിൽ മരുന്നും ചികിത്സയും സാധാരണമായിരുന്നു. യഹൂദന്മാർക്കും പാഷണ്ഡ മതവിശ്വാസികൾക്കും മരുന്നുകൾ സുപരിചിതമായിരുന്നു. പക്ഷേ, ദീനാനുകമ്പയുടെ, സ്നേഹത്തിന്റെ മേമ്പൊടി അവർക്കതിൽ ചേർക്കാനായില്ല എന്നു മാത്രം.

യേശുവാണ് ആദ്യമായിപ്പറഞ്ഞത്, രോഗികളോടു ദയ കാണിക്കാനും അവരെ സുഖപ്പെടുത്താനും. നല്ല സമരിയാക്കാരന്റെ വിശ്വപ്രസിദ്ധമായ ഉപമയിലൂടെ നമ്മെ കാരുണ്യത്തിന്റെ യഥാർത്ഥ മുഖം കാണിച്ചുതന്നതും അവൻതന്നെ. ആദിമക്രിസ്ത്യാനികൾ രോഗികളെയും അശരണരെയും ശുശ്രൂഷിക്കാൻ അതീവതാത്പര്യമുള്ളവരായിരുന്നു. പ്രയോഗത്തിലാക്കിയ അത്തരം കാരുണ്യപ്രവർത്തനമാണ് പിൽക്കാലത്തു രോഗീശുശ്രൂഷ, ആശുപത്രി എന്നീ ആശയങ്ങളിലേക്ക് അവരെ എത്തിച്ചത്. നേരത്തേ പറഞ്ഞതുപോലെ സ്നേഹം മേമ്പൊടി ചേർത്ത ഒരു ബൃഹത്പ്രസ്ഥാനത്തിനു സഭ തുടക്കം കുറിച്ചത് അങ്ങനെയാണ്.

പഴയ റോമാക്കാർക്കു ശാസ്ത്രജ്ഞാനവും ചികിത്സാവിധികളും അറിയാമായിരുന്നിട്ടും അവരുടെ ചികിത്സകൾ പലപ്പോഴും ഫലപ്രദമായിരുന്നില്ല. കറുത്ത മുഖമുള്ള ഡോക്ടർമാർ പകർച്ചവ്യാധികൾ ഏഴയലത്തു വന്നപ്പോഴൊക്കെ അപകടം മനസ്സിലാക്കി ഓടിമറഞ്ഞു. ലോക്കൽ വൈദ്യന്മാർ ബാഗും തൂക്കി ലാഭമുള്ളിടത്തു മാത്രം കച്ചവടത്തിനായി എത്തി. അവർ അവരുടെ അടുത്ത തലമുറയ്ക്കുമാത്രം അവരുടെ പരമ്പരാഗതവൈദ്യരഹസ്യങ്ങൾ പകർന്നുനൽകി. പലപ്പോഴും വലിയ പരാജയങ്ങളായി അവർ തുടരുമ്പോഴാണ് ക്രിസ്ത്യൻ ആശുപത്രികളുടെ രംഗപ്രവേശം.



മൂന്നാം നൂറ്റാണ്ടിലാണ് ലോകത്തെ പിടിച്ചടക്കാനെന്നവണ്ണം പ്ലേഗ് എത്തുന്നത്. ഏതായാലും ഇതിന്റെ അണുക്കൾ വർഷങ്ങളോളം ലോകത്തെ വല്ലാതെ ഞെരിച്ചുകളഞ്ഞു. ചില നാടുകളിൽ മൂന്നിൽ രണ്ടു ഭാഗം ജനം മരണമടഞ്ഞു. ക്രിസ്ത്യാനികൾ തങ്ങളുടെ വിഗ്രഹങ്ങൾ വണങ്ങാത്തതിന്റെ ശാപമാണ് ഈ പ്ലേഗ് എന്നു റോമാക്കാർ വിധിച്ചു. ക്രിസ്തുമതം നിഷിദ്ധമായിരുന്ന, ക്രൂരമായി ക്രിസ്ത്യാനികളെ വേട്ടയാടിയിരുന്ന ഒരുകാലത്തു ധീരതയോടെ രോഗികളെ ശുശ്രൂഷിക്കാനാണ് ക്രിസ്ത്യാനികൾ തീരുമാനിച്ചത്.

**ക്രിസ്ത്യൻ മൂല്യങ്ങൾ സൃഷ്ടിച്ച അദ്ഭുതം**

ക്രിസ്തീയമൂല്യങ്ങളിൽ അധിഷ്ഠിതമായ, മനുഷ്യസ്നേഹത്തിലും ഭൂതദയയിലും വേരൂന്നിയ, ഒരു ഉത്കൃഷ്ടാശയമായിരുന്നു ഹോസ്പിറ്റൽ. നാളിതുവരെ ലോകം കാണാത്ത ഒരാശയമായിരുന്നു അത്.

പ്ലേഗുകാലത്ത് മരണാസന്നരായ ഒട്ടേറെ രോഗികൾക്ക് ആശ്രയമായിരുന്നതു ക്രിസ്ത്യൻദൈവാലയങ്ങൾ മാത്രമായിരുന്നുവെന്നു ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. മറ്റാരും അവരെ തിരിഞ്ഞു നോക്കാൻ പോലുമുണ്ടായിരുന്നില്ല. ആന്റിബയോട്ടിക് മരുന്നുകളെക്കുറിച്ച് അന്നു കേട്ടുകേൾവിപോലുമില്ല. സാംക്രമികരോഗങ്ങൾ ഭീതിയും നടുക്കവും സൃഷ്ടിച്ചുകൊണ്ടിരുന്ന ലോകത്ത് ആശ്വാസത്തിന്റെ ഏക ആശ്രയമായിരുന്നു കത്തോലിക്കർ.

ബിഷപ്സ് ഹൗസുകൾ കേന്ദ്രീകരിച്ചുള്ള കാരുണ്യപ്രവൃത്തികൾക്കു സമ്പന്നരായ ക്രിസ്ത്യാനികൾ ധനസഹായം നൽകി. കൂടാതെ, കടമുള്ള പ്രവൃത്തിയായിക്കരുതി അവർ നേരിട്ടു ശുശ്രൂഷയ്ക്കിറങ്ങി. റോമിൽ എഡി 250 ആയപ്പോഴേക്കും ധാരാളം കരുണാലയങ്ങൾ രൂപംകൊണ്ടു. നാനൂറാമാണ്ടിൽ സെന്റ് ഫാബിയോള ഒരു ആശുപത്രി സ്ഥാപിച്ചു. വഴിയോരങ്ങളിൽനിന്നു രോഗികളെ വാരിയെടുത്ത് അവരുടെ മുറിവുകൾ വച്ചുകെട്ടി, അവരുടെ വിശപ്പടക്കി, അവർക്കു മരുന്നു കൊടുത്തു. അവരുടെ പഴുത്തു ദുർഗന്ധം വമിക്കുന്ന വ്രണങ്ങൾ വെച്ചുകെട്ടുന്നതു കണ്ടുനിൽക്കാൻപോലും സാധിക്കുമായിരുന്നില്ല. വൃത്തിയുള്ള, തുറന്ന, ശ്വാസം മുട്ടാത്ത മുറികളിൽ സജ്ജീകരിച്ച കിടക്കകൾ രോഗികൾക്കു ലഭിച്ചുവെന്നത് ഒരു വലിയ കാര്യമായിരുന്നു. നല്ല ഭക്ഷണവും മരുന്നും നൽകി അവരെ പരിചരിച്ച നഴ്സുമാരിലും ഡോക്ടർമാരിലും അവർ ദൈവത്തെ കണ്ടു. പലരും മാനസാന്തരപ്പെട്ടു ക്രിസ്ത്യാനികളായി.

**പിൽക്കാലത്തെ വികസനം**

മതപീഡനത്തിന്റെ കാലം കഴിഞ്ഞപ്പോൾ നഴ്സിങ് ഹോമുകളും ആശുപത്രികളും കൂടുതൽ വ്യവസ്ഥാനുസൃതമായി പ്രവർത്തിക്കാൻ തുടങ്ങി. സഭയുടെ അംഗങ്ങൾ ശാസ്ത്രത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും രംഗങ്ങളിൽ മികവുകൾ കരസ്ഥമാക്കി. ഇറാസ്മസിനെപ്പോലുള്ള പ്രഗല്ഭർ ഈ വികാസത്തിന്റെ വേഗം കൂട്ടി. സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി, സിസ്റ്റേഴ്സ് ഓഫ് മേഴ്സി, സിസ്റ്റേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് തുടങ്ങിയ സന്ന്യാസിനീസമൂഹങ്ങൾ അത്യാധുനികങ്ങളായ മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കി. ഓസ്ട്രേലിയയിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ്, സെന്റ് മേരി മാക്കിലൊപ്പിന്റെ നേതൃത്വത്തിൽ ഹോസ്പിറ്റലുകൾ തുടങ്ങി. അവർ അവിടത്തെ മറ്റൊരു മദർ തെരേസയായി.



എൽ.എസ്.എസ്., യു.എസ്.എസ്. ജേതാക്കളെ ആദരിക്കുന്നതിന് പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന സംഗമം പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്യുന്നു. കേരള മനുഷ്യാവകാശ കമ്മീഷൻ ഡിജിപി ടോമിൻ ജെ. തച്ചങ്കരി, പാലാ എ.എസ്.പി. നിഥിൻരാജ്, ഇൻസ്റ്റിറ്റ്യൂട്ട് മാനേജർ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ സെക്രട്ടറി ഫാ.ബെർക്കുമാൻസ് കുന്നുംപുറം, ഡയറക്ടറും ഡീനുമായ ഡോ. സിറിയക് തോമസ്, പ്രിൻസിപ്പൽ ഡോ. വി. വി. ജോർജുകുട്ടി, ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, ഡോ. ബേബി തോമസ് എന്നിവർ സമീപം.

## ആഴ്ചമൊഴി



ഞാനെന്ന ചെണ്ടയുടെ രണ്ടു പുറങ്ങൾ സയൻസും ദാർശനികതയുമാണ്. രണ്ടും തമ്മിൽ ആവുംവിധം ശ്രുതി ചേർക്കാൻ ശ്രമിക്കുന്നു. എനിക്കു ലയമുണ്ടാക്കുന്ന നടകളേ ഞാൻ കൊട്ടാറുള്ളൂ. ചുറ്റുപാടുകളുമായി പൂർണമായും ഇണങ്ങാതെ ലയം സാധ്യമല്ല. ശത്രുതാഭാവം പൂർണമായും വേരറ്റുകിട്ടണമെന്നു സാരം. കാട്ടാളത്തത്തോട് എതിർക്കാൻ അവസരം തന്ന് ഈ ഭാവം എന്നിൽ നട്ടുവളർത്താൻ പഠിപ്പിച്ചവരെ ഗുരുനാഥരായല്ലേ കാണാനാവൂ.

**സി. രാധാകൃഷ്ണൻ**



ഭൂരിപക്ഷതീവ്രവാദികളാൽ വേട്ടയാടപ്പെടുന്ന കലാസാഹിത്യപ്രതിഭകളെ ആദരിക്കുകയും ന്യൂനപക്ഷതീവ്രവാദികളാൽ വേട്ടയാടപ്പെടുന്ന കലാസാഹിത്യപ്രതിഭകളെ ആദരിക്കാതിരിക്കുകയും ചെയ്യുന്നു നമ്മുടെ മതേതരരാഷ്ട്രീയക്കാരും സാംസ്കാരികപ്രഭുക്കളും.

**ഹമീദ് ചേന്നമംഗലൂർ**




**ജൂൺ 5 (പന്തക്കുസ്താ)**
**ശ്ലീഹാക്കാലം**
**ഒന്നാം ഞായർ**

**ഉത്പ 2 : 1– 8**
**ജോബ് 33:2 – 4, 34:14 – 15**
**ശ്ലീഹ 2 : 1 – 21**
**യോഹ 20 : 19 – 23**

# ദർശനം നൽകലും ദൗത്യം ഏല്പിക്കലും



**ഡോ. തോമസ് വടക്കേൽ**

**യോ**ഹന്നാൻശ്ലീഹായുടെ സുവിശേഷത്തിന്റെ ഒന്നാംഭാഗമായ മഹത്ത്വത്തിന്റെ പുസ്തകത്തിന്റെ (Book of Glory : 12–21) അവസാനഭാഗത്ത് ഈശോയുടെ പ്രത്യക്ഷപ്പെടലുകളെക്കുറിച്ചാണു പ്രധാനമായും അവതരിപ്പിച്ചിരിക്കുന്നത്. ഈശോയുടെ ഉത്ഥാനശേഷം (20:1–10) അവിടുന്ന് മഗ്ദലനമറിയത്തിനും (20:11 –18) ശിഷ്യന്മാർക്കും (20:19–23) തോമാശ്ലീഹായ്ക്കും (20:24–29) ദർശനം നൽകുന്നുണ്ട്. ഇരുപതാം അധ്യായത്തിൽ വിവരിക്കുന്ന ഈ മൂന്നു പ്രധാന ദർശനങ്ങളിൽ രണ്ടാമത്തേതാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രമേയം. ശിഷ്യന്മാർക്കു ദർശനമരുളുന്ന ഈശോ അവരെ ദൗത്യം ഭരമേല്പിക്കുകയും ദൗത്യനിർവഹണത്തിനു പരിശുദ്ധാത്മാവിനെ നൽകുകയും ചെയ്യുന്നതാണു സുവിശേഷപശ്ചാത്തലം.

ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കേ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! (20:19). ഈശോ പ്രത്യക്ഷനാകുന്നത് ആഴ്ചയുടെ ആദ്യദിവസമാണ് (First day of the week). യഹൂദരുടെ കാഴ്ചപ്പാടനുസരിച്ച് ആഴ്ചയുടെ ഏഴാമത്തെ ദിനം സാബത്ത് (ഗ്രീക്ക് : Sabbaton) ആണ്. അതു ശനിയാഴ്ചയാണ്. വെള്ളി സൂര്യാസ്തമയം മുതൽ ശനി സൂര്യാസ്തമയം വരെ. അപ്രകാരമെങ്കിൽ ആഴ്ചയുടെ ആദ്യദിനമെന്നത് ഞായറാഴ്ചയാണ്. ശനി സൂര്യാസ്തമയം മുതൽ ഞായർ സൂര്യാസ്തമയം വരെ. ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷനാകുന്നത് ആഴ്ചയുടെ ആദ്യദിവസത്തിന്റെ സായാഹ്നത്തിലാണ്. തങ്ങളുടെ ജീവിതത്തിൽ പ്രകാശസൂര്യനായ ഈശോ അസ്തമിച്ചുപോയോ എന്നു വിഷമിച്ചിരിക്കുന്നവരുടെ ഇടയിലേക്കു സൂര്യാസ്തമയസമയം കഴിഞ്ഞ് ഈശോ കടന്നുവരുമ്പോൾ ഇതു സൂചിപ്പിക്കുന്നത് യഥാർത്ഥ പ്രകാശസൂര്യൻ ഈശോതന്നെയാണെന്നാണ്.

ഈശോ കൂടെയില്ലായെന്നുള്ള ചിന്തയിൽ ശിഷ്യന്മാരുടെ മനസ്സുകളെ ഭരിക്കുന്നതു ഭയമാണ്. അവർക്കു ഭയം യഹൂദരെയാണ്. അവരുടെ ഭയത്തെ സൂചിപ്പിക്കാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം ഫോബോൻ (phobon) എന്നാണ്. ഭയം, ഭീതി, പേടി, സംഭ്രാന്താവസ്ഥ (dread, fear, alarm, horror, anxiety) എന്നൊക്കെയാണ് ഈ വാക്കിന്റെയർത്ഥം. ഈശോമിശിഹായെ എതിർക്കുകയും കുരിശിലേറ്റുകയും ചെയ്ത യഹൂദനേതാക്കന്മാരെയാണ് യഹൂദർതന്നെയായ ശിഷ്യന്മാർക്കു ഭയം. ഈശോ കൂടെയില്ലായെന്നുള്ള ചിന്തയിൽ നിന്നാണു ഭയത്തിന്റെയും ആശങ്കയുടെയും മാനസികാവസ്ഥകൾ ഒരാളിൽ ഉണ്ടാകുന്നത്. ഈശോ നമ്മുടെ കൂടെയുള്ളപ്പോൾ, നാം ഈശോയോടുകൂടെ ഉണ്ടാകുമ്പോൾ ഭയം നമ്മിൽനിന്ന് അകന്നുപോകും.

ശിഷ്യന്മാരിൽ ഈ ഭയമുണ്ടാകാനുള്ള മറ്റൊരു കാരണം അവർ ഈശോമിശിഹായുടെ ഉത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല എന്നതാണ്. ഈശോയുടെ ഉത്ഥാനത്തെപ്പറ്റി മഗ്ദലനമറിയം പറഞ്ഞത് (യോഹ. 21) അവർ പൂർണമായി വിശ്വസിച്ചില്ല. കൂടാതെ, ഈശോയുടെ ശരീരം കല്ലറയിൽനിന്ന് അപ്രത്യക്ഷമായതിനാൽ (20:1–10) തങ്ങൾക്കും പീഡനങ്ങൾ ഏല്ക്കേണ്ടിവരുമോയെന്നു ശിഷ്യന്മാർ ഭയപ്പെട്ടിരുന്നു.

ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷനാകുന്നത് അവർ 'യഹൂദരെ ഭയന്നു കതകടച്ചിരിക്കെ' ആണ് (doors were locked). പ്രവേശിക്കാനാവാത്തവിധം 'പൂട്ടുക, അടയ്ക്കുക' എന്നർത്ഥം വരുന്ന ക്ലെയ്യോ (kleio) എന്ന ഗ്രീക്കുക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ അടഞ്ഞ വാതിലുകളിലൂടെയുള്ള ഈശോയുടെ പ്രവേശനം സൂചിപ്പിക്കുന്നത് അവിടുത്തെ പുതിയ അസ്തിത്വസവിശേഷതയെയാണ്. ഈശോയുടെ ഉത്ഥിതമായ ശരീരത്തിന് അടഞ്ഞ വാതിലുകൾ ഒരിക്കലും പ്രതിബന്ധമല്ല. സ്ഥലകാലപരിമിതികളില്ലാത്ത മഹത്ത്വപൂർണമായ ശരീരമാണ് (glorified body) ഈശോയുടേത് (ccc. 64)

ഉത്ഥിതനായ ഈശോ ശിഷ്യന്മാർക്കു നൽകുന്ന ആശംസ 'സമാധാന'മാണ്. യഹൂദസമൂഹത്തിലും മറ്റും ആശംസ നൽകുന്ന ഒരു ശൈലിയാണിത്. ഹീബ്രുഭാഷയിൽ ഷലോം (Shalom) എന്നും ഗ്രീക്കുഭാഷയിൽ എയ്റേന (eirene) എന്നുമാണ് സമാധാനം (peace) എന്ന വാക്കിന്റെ പ്രയോഗങ്ങൾ. 'ശാന്തി, സമാധാനം, മനഃസ്വസ്ഥത' (peace, harmony, tranquility) എന്നീയർത്ഥങ്ങളുള്ള എയ്റേനെ എന്ന സമാധാനാശംസ ശിഷ്യരുടെ മനസ്സിന്റെ ഭയാശങ്കകളെ നീക്കുന്നതാണ്, അവർക്ക് പ്രത്യാശ നൽകുന്നതാണ്. അസ്വസ്ഥമായിരിക്കുന്ന മനസ്സുകൾക്കു സമ്മാനിക്കാനുള്ള ആശംസ 'സമാധാനം' ആണ്. ഈശോ ഉള്ളയിടങ്ങളിലാണു സമാധാനം ഉണ്ടാകുന്നത്.



"ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു" (യോഹ. 20:20). ഈശോ ഉത്ഥാനം ചെയ്തു എന്നതിന്റെ തെളിവായിട്ടാണ് അവിടുന്ന് തന്റെ കൈകളും പാർശ്വവും അവരെ കാണിക്കുന്നത്. തങ്ങളുടെ ഗുരുനാഥൻ അസ്തമിച്ചുപോയിട്ടില്ല; മറിച്ച്, അവരുടെ ഒപ്പമുണ്ടെന്ന ഒരു ബോധ്യം ഇതു ശിഷ്യന്മാർക്കു നൽകുന്നുണ്ട്. ഈ കാഴ്ച ശിഷ്യന്മാർക്കു നൽകുന്നത് അതിരില്ലാത്ത ആനന്ദമാണ്. 'സന്തോഷിക്കുക, ആനന്ദിക്കുക, ആഹ്ലാദിക്കുക' (be glad, be delighted, rejoice) എന്നീയർത്ഥങ്ങളുള്ള ഖെയ്റോ (chairo) എന്ന ഗ്രീക്കുക്രിയാപദം ശിഷ്യരുടെ മനസ്സിന്റെ പുതിയ ഭാവത്തെ കാണിക്കുന്നു. ഈശോ കൂടെയില്ലാത്തപ്പോൾ ഭയവും ദുഃഖവും അവിടുന്നു കൂടെയുള്ളപ്പോൾ സന്തോഷവും, ആശ്വാസവും.

യേശു വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു (യോഹ. 20:21). രണ്ടാമതും 'സമാധാനം' ആശംസിച്ചിട്ട് ഈശോ തന്റെ ശിഷ്യരെ പ്രേഷിതപ്രവർത്തനത്തിനായി അയയ്ക്കുകയാണ്. ഭയാശങ്കകളില്ലാതെ നിറഞ്ഞ മനസ്സോടെ അവർ യാത്ര ചെയ്യണമെന്നതിനാലാവണം രണ്ടാമതും ഈശോ സമാധാനം നൽകുന്നത്. ഈശോ നൽകുന്ന ഒരു ദാനമാണ്, സമ്മാനമാണ് ഈ സമാധാനം.

'അയയ്ക്കുക, നിയോഗിക്കുക' (send out, send forth, authorise) എന്നീയർത്ഥങ്ങളുള്ള അപ്പോസ്തെലോ (apostello) എന്ന ഗ്രീക്കുക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തിൽനിന്നാണ് അയയ്ക്കപ്പെട്ടവൻ (the sent one) എന്നർത്ഥമുള്ള അപ്പസ്തോലൻ (അപ്പോസ്തലോസ്- apostolos) എന്ന വാക്കു വരുന്നത്. ഈശോ ശിഷ്യരെ അയയ്ക്കുന്നത് അവിടുത്തെ പിതാവായ ദൈവം അയച്ചതുപോലെയാണ് (17:18). ഈശോ അയയ്ക്കപ്പെട്ടത് എല്ലാവരെയും രക്ഷിക്കാനാണ്. ശിഷ്യന്മാർ ഈശോയാൽ അയയ്ക്കപ്പെടുന്നത് അവർ അവിടുത്തെ രക്ഷണീയകർമത്തിൽ പങ്കുകാരാകുന്നതിനും അത് ഇന്നും സഭയിൽ തുടരുന്നതിനും ഈശോ യഥാർത്ഥ രക്ഷകനാണെന്ന് എല്ലാവരോടും പ്രഘോഷിക്കേണ്ടതിനുമാണ്.

ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുൾചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ (യോഹ. 20:22). എംഫുസാവോ (emphusao) എന്ന ഗ്രീക്കുക്രിയാപദത്തിന്റെ അർത്ഥം നിശ്വസിക്കുക, പ്രാണൻ നൽകുക (breathe in to, blow upon) എന്നൊക്കെയാണ്. ഈശോ ശിഷ്യന്മാർക്കു പുതുജീവൻ നൽകുന്നതിനാണിത്. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം തന്റെ ശ്വാസം താൻ സൃഷ്ടിച്ച മനുഷ്യനിലേക്ക് നിശ്വസിച്ചതുപോലെ (ഉത്പ. 2:7) ഇവിടെ ഈശോ ശിഷ്യന്മാരിലേക്കു നിശ്വസിക്കുകയാണ്. അവർക്ക് ഈശോ നല്കുന്നത് പരിശുദ്ധാത്മാവിനെയാണ്. പ്നെവുമാ (pneuma) എന്ന വാക്ക് പരിശുദ്ധാത്മാവിനെ (Holy spirit) സൂചിപ്പിക്കുന്നു. പതിവായി 'ആശ്വാസദായകൻ' (comforter) എന്നർത്ഥം വരുന്ന പാരക്ലേത്തോസ് (paracletos) എന്ന പദം ഉപയോഗിക്കുന്ന യോഹന്നാൻ ശ്ലീഹാ ഇവിടെ പ്നെവുമാ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ജീവൻ നൽകുന്ന ഉത്ഥിതനായ ഈശോയിലേക്ക് ഇതു വിരൽചൂണ്ടുന്നു.

നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും, നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും (യോഹ. 20:23). രണ്ടു ക്രിയാപദങ്ങളാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അഫെത്തെ (aphete), ക്രാത്തെയോ (krateo). പൊറുക്കുക (forgive) എന്നർത്ഥം വരുന്ന അഫെത്തെ എന്ന പദം പാപങ്ങൾ മോചിക്കുവാനുള്ള ഈശോയുടെ അധികാരത്തിൽ ശിഷ്യന്മാർക്കു പങ്കുണ്ട് എന്നു സൂചിപ്പിക്കുന്നു. ബന്ധിക്കുക (retain, hold back) എന്നർത്ഥം വരുന്ന ക്രാത്തെയോ എന്ന പദം നൈയാമികതലത്തിൽ കൂടുതലായി ഉപയോഗിക്കുന്ന ഒന്നാണ്. ന്യായാധിപന്റെ മുമ്പിൽ വരുന്ന കേസുകളിൽ വിധിപ്രസ്താവത്തിന് ഉപയോഗിക്കുന്നതാണിത്. രക്ഷിക്കാനും ശിക്ഷിക്കാനുമുള്ള ഈശോയുടെ അധികാരത്തിൽ ശിഷ്യന്മാർക്കും അവിടുന്നു പങ്കു നൽകുന്നതാണ് ഈ വാക്കുകൾ. ■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**മറിയാമ്മ സേവ്യർ**
**പെരുമാംകുന്നേൽ, പാദുവ**



## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

ടി.പി. ശാസ്തമംഗലം

**പ**ഴയ പാട്ടുകൾ പലതും നമ്മെ കവിതയുടെ ഗന്ധർവലോകത്തേക്ക് ആനയിക്കുമായിരുന്നു. ഇന്നും അവ കേട്ടാൽ നാം അത്തരം അനുഭൂതിയിൽ ആറാടുകതന്നെ ചെയ്യും. എന്നാൽ, പുതുതായി ഇറങ്ങുന്ന ഗാനങ്ങളുടെ സ്ഥിതി അങ്ങനെയല്ല. അവ നമ്മെ നരകത്തിലേക്കാണു പിടിച്ചുതള്ളുന്നത്. എത്രയുംവേഗം അവിടെനിന്നു രക്ഷപ്പെടാനായിരിക്കും നാം ശ്രമിക്കുക. എന്തുകൊണ്ടാണ് ഈ പ്രകടമായ മാറ്റം സംഭവിക്കുന്നത്? ഉത്തരം വളരെ വ്യക്തം. മുമ്പു ഗാനരംഗത്തു പ്രവർത്തിച്ചിരുന്നവർ പ്രതിഭാധനരായിരുന്നു. ഇക്കാലത്ത് മഷിയിട്ടുനോക്കിയാൽപ്പോലും അങ്ങനെ ഒരാളെ കണ്ടെത്താൻ സാധ്യമല്ല. അതുകൊണ്ടാണ് പുതിയ പുതിയ ചലച്ചിത്രങ്ങളിൽ മുഴങ്ങുന്നതു മുഴുവൻ പീറപ്പാട്ടുകൾ മാത്രമായി മാറുന്നത്.

# അമ്പേ പരാജയം

'സ്വർഗവാതിൽ പക്ഷികൾ' എന്ന ചിത്രത്തിലെ ഗാനങ്ങളുടെ കാര്യം നോക്കുക. ആകെ രണ്ടു പാട്ടുകൾ. അവ എഴുതിയതും ചിട്ടപ്പെടുത്തിയതും ഒരാളാണ് – സതീഷ് വിശ്വ. ആദ്യത്തെ ഗാനം ഇങ്ങനെ തുടങ്ങുന്നു:

"ചെമ്പകമലരേ ചെമ്പകമലരേ  
സുന്ദരിയാമഴകേ  
ചന്ദനവീണേ ചന്തമണിഞ്ഞൊരു  
ചുന്ദരനാമഴകേ  
മഴമുകിൽ ആടകളാൽ  
നെയ്തെടുത്തൊരു കുപ്പായം  
മണിമാറിൻ ചേലു മറയ്ക്കാൻ  
നീയൊരുക്കിയ പൂഞ്ചേല  
രാജകുമാരീ നീ വരുമെങ്കിൽ  
ഞാനൊരുക്കാം കൊട്ടാരം"

കുറച്ചുകാലംമുമ്പ് ഒരു പാട്ടെഴുത്തുകാരൻ ചെമ്പകമരത്തെ നിഷ്പ്രയാസം വല്ലിയാക്കി മാറ്റി സ്വയം പരിഹാസപാത്രമായിത്തീർന്നത് നാം മറക്കാറായിട്ടില്ല.

"ചെമ്പകവല്ലികളിൽ തുളുമ്പിയ  
ചന്ദനമാമഴയിൽ" (ചിത്രം – അറബീം ഒട്ടകോം പി. മാധവൻ നായരും; ഗാനരചന–രാജീവ് ആലുങ്കൽ)

ചെമ്പകവും ചന്ദനവും ഈ പാട്ടിലും കടന്നുവന്നത് തികച്ചും യാദൃച്ഛികമാണെന്നു പറയാനാവുമോ? ചെമ്പകമലർ ഭംഗിയുള്ളതാണെന്നതിൽ തർക്കമൊന്നുമില്ല. കവിയുടെ സ്വാതന്ത്ര്യം കൈയാളിക്കൊണ്ട് സുന്ദരി എന്നു വിളിക്കുന്നതിലും തെറ്റില്ല. പക്ഷേ, 'സുന്ദരിയാമഴകേ' എന്നു പാടിക്കേൾക്കുമ്പോൾ ഭാഷയറിയാവുന്ന ആരുടെയും മനസ്സൊന്നു കലമ്പും. സുന്ദരിക്ക് അഴകുള്ളവൾ എന്നാണ് രൂഢിയായ അർത്ഥം. അപ്പോൾ 'സുന്ദരിയാമഴകേ' എന്ന് എഴുതാൻ ഭാഷാഭിമാനികൾ യഥാർത്ഥത്തിൽ മടിക്കേണ്ടതല്ലേ? അതുകൊണ്ടു തീർന്നില്ല, ചന്ദനവീണയെ ചന്തമണിയിക്കുകയും ചുന്ദരൻ (സുന്ദരൻ എന്നതിന്റെ ഗ്രാമ്യഭാഷ) എന്നു വിശേഷിപ്പിക്കുകയും തൊട്ടടുത്ത് വീണ്ടും അഴകു തിരുകി ഗാനത്തെ കൂടുതൽ വിരൂപമാക്കുകയും ചെയ്തു രചയിതാവ്.

മഴമുകിലിന്റെ ആടകൾകൊണ്ടു നെയ്തെടുത്ത കുപ്പായം മണിമാറിൽ ചേലു മറയ്ക്കാൻ ചെമ്പകമലരിന്റെ പൂഞ്ചേലയായി മാറിപോലും! അതെങ്ങനെ സംഭവിക്കുമെന്ന് ആലോചിച്ച് ആശ്ചര്യപ്പെടുന്നതിനെക്കാൾ വിസ്മയം തോന്നുന്നത് വീണ്ടും ചേല് (ഭംഗി എന്നർത്ഥം) എന്ന പദം കടന്നുവന്നതും ഇവിടെ ഭംഗിയെ മറച്ചുകളയുന്നു എന്ന അസംഗതമായ ഭാവന കൊണ്ടുവന്നതുമാണ്.

"നറുതിങ്കൾ തെന്നൽപോലെ  
നറുപൂവിൻ ഈണംപോലെ  
മലരായ് നീ മുന്നിൽ നില്ക്കുകയോ  
ഒരു കാതിലോലപോലെ  
ഒരു പൂനിലാവുപോലെ  
തരളമായ് മധുരമായ് നിറയുമോ  
ആലോലം തേടുന്ന പൂങ്കാറ്റേ  
നിന്നെ ഞാൻ പ്രണയിച്ചുപോയ്."

ഇതാണ് ഈ ചിത്രത്തിലെ അടുത്ത ഗാനം. ഒന്നും രണ്ടും വരികളിൽ കടന്നുവന്ന കല്പനകളുടെ വൈരുധ്യം, പല്ലവിയുടെ ആശയദാരിദ്ര്യം എന്നിവ സഹൃദയരെ ഗാനത്തിൽനിന്നകറ്റുന്നു. ഇത്തരം സൃഷ്ടികളെ ജോസഫ് മുണ്ടശേരി 'അമ്പേ പരാജയം' എന്നു വിലയിരുത്തിയത് വെറുതെയല്ല. അദ്ദേഹത്തിനു സ്തുതി!


■

# പരിസ്ഥിതിപ്രേമം പ്രഹസനമായാൽ

(1–ാം പേജ് തുടർച്ച)

ബുദ്ധമതപ്രബോധനങ്ങളിൽ പ്രപഞ്ചത്തിലുള്ള സർവതിന്റെയും പരസ്പരബന്ധത്തെക്കുറിച്ചു പരാമർശമുണ്ട്. അതനുസരിച്ച്, മനുഷ്യർ പരിസ്ഥിതിയെയും പരിസ്ഥിതി മനുഷ്യരെയും ആശ്രയിച്ചാണു കഴിയുന്നത്. പ്രകൃതിയുടെ ഏതെങ്കിലുമൊരു ഭാഗത്തോടു നാം ചെയ്യുന്ന ദ്രോഹം അതിന്റെ സമസ്തത്തോടുതന്നെയാണു ചെയ്യുന്നത്. ആയതിനാൽ, മനുഷ്യർ പരിസ്ഥിതിയോടു സൗഹൃദത്തിലും ലാളിത്യത്തിലും ജീവിക്കാൻ പഠിച്ചാൽ പ്രപഞ്ചംമുഴുവനും അതു പ്രയോജനപ്പെടും. സിക്ക് മതഗ്രന്ഥമായ ഗുരുഗ്രന്ഥസാഹിബിലെ പ്രബോധനമനുസരിച്ച്, ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ കാര്യസ്ഥരാണ് മനുഷ്യർ. അതുകൊണ്ട്, നാം അതിനോടു ബഹുമാനവും ഉത്തരവാദിത്വവും പ്രദർശിപ്പിക്കണം. അതോടൊപ്പം, നമ്മുടെയും വരാനിരിക്കുന്ന തലമുറകളുടെയും ആവശ്യങ്ങളെപ്പറ്റി ചിന്തയുള്ളവരുമായിരിക്കണം. ജൈനമതത്തിന്റെ പരിസ്ഥിതിധർമശാസ്ത്രം പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളുടെയും പരസ്പരബന്ധത്തെപ്പറ്റി പഠിപ്പിക്കുന്നുണ്ട്. ഇത്തരമൊരവബോധം സ്വന്തമാക്കിക്കൊണ്ട് ജീവജാലങ്ങൾ അന്യോന്യം ആദരിക്കുകയും സംരക്ഷിക്കുകയും വേണം.

ഇങ്ങനെ നോക്കുമ്പോൾ, മണ്ണിലെ മതങ്ങൾക്കെല്ലാം മതിലുകൾ മറന്നും മറികടന്നും പരസ്പരം കൈകോർത്തു നില്ക്കാവുന്ന ഒരു പൊതുവേദിയും, സ്പർദ്ധ മറന്നു പ്രവർത്തിക്കാവുന്ന മേഖലയുമാണ് പരിസ്ഥിതിസംരക്ഷണത്തിന്റേത്. ഇന്നിന്റെ ഭദ്രതയും, ഭാവിയുടെ ഭാസുരതയുമാണ് സർവപ്രധാനം.



പരിസ്ഥിതി മനുഷ്യനിർമിതമല്ല. അതുകൊണ്ടുതന്നെ അതിനെ മോശമാക്കാനോ നശിപ്പിക്കാനോ മനുഷ്യന് അനുമതിയുമില്ല. പരിസ്ഥിതിയെ നമ്മുടെ ഓരോരുത്തരുടെയും അർദ്ധസത്തയായി കാണാൻ കഴിയണം. അപ്പോൾ അതിനെ നാം മലിനമാക്കുകയോ ദുരുപയോഗിക്കുകയോ നിന്ദിക്കുകയോ അപായപ്പെടുത്തുകയോ ഇല്ല. പരിസരത്തെ ഒരു കണ്ണാടിയായി കരുതണം. കണ്ണാടി വെടിപ്പുള്ളതാണെങ്കിൽ മാത്രമേ അതിൽ നോക്കുന്ന നമ്മുടെ ഛായയും വൃത്തിയുള്ളതാകൂ. അല്ലെങ്കിൽ മുഖം എത്ര മിനുക്കിയാലും പ്രയോജനമൊന്നുമുണ്ടാകില്ല. നമ്മുടെ ചുറ്റുപാട് ശുചിത്വമുള്ളതാകുമ്പോഴേ നമ്മുടെ ജീവിതവും ശുദ്ധിയുള്ളതാകൂ. പരിസ്ഥിതിയെ ഒരു പാഠപുസ്തകമായി പരിഗണിക്കാൻ പരിശീലിക്കണം. അതിനുള്ളിലെ ഓരോതാളും അമൂല്യമായ അവബോധങ്ങൾ നമുക്കു പറഞ്ഞുതരുന്ന അധ്യായങ്ങളാണ്. പ്രകൃതിയിൽനിന്നല്ലേ അധികം അറിവും നാം സ്വായത്തമാക്കുന്നത്? നാം പരിസ്ഥിതിപ്രേമികളായാൽ മാത്രം മതിയാകില്ല; പരിസ്ഥിതിപാലകർകൂടിയാകണം.

വ്യാപകമായിട്ടുള്ള 'വലിച്ചെറിയൽവ്യാധി'യിൽനിന്നു മനുഷ്യവംശം വലിയ തോതിൽ ഇനിയും വിമുക്തമാകേണ്ടിയിരിക്കുന്നു. അലസമായി നാം വലിച്ചെറിയുന്ന ഒരു മിഠായിപ്പൊതിപോലും പരിസ്ഥിതിയുടെ സുസ്ഥിതിക്കു ഹാനികരമായി ഭവിക്കുന്നുണ്ട്. പുഴയും കിണറും കടലുമൊന്നും കുപ്പത്തൊട്ടികളല്ല എന്ന ഒന്നാം പാഠം മനഃപാഠമാക്കാം. മലിനജലത്തിൽ ചത്തുപൊങ്ങുന്ന മത്സ്യങ്ങളിൽ നമ്മുടെ മരണത്തിന്റെ അംശം നാം കണ്ടേ തീരൂ.

അടിയന്തരമായി മാറേണ്ട പലതുമുണ്ട്. ആദ്യമായി, മനസ്സിലെ മാലിന്യങ്ങൾ മാറ്റാം. അപ്പോൾ ചുറ്റുമുള്ളവയെല്ലാം മനോഹരമാകും. ചിന്തകളും ചെയ്തികളും ചന്തമുള്ളവയാക്കാം. അനാരോഗ്യകരവും ആപത്കരവുമായ ജീവിതശൈലികളും ശീലങ്ങളും മാറ്റാം. നദികളും നടവഴികളും തോടുകളും തണ്ണീർത്തടങ്ങളുമൊക്കെ മലിനമാകാതെ നോക്കാം. പരിസ്ഥിതിമലിനീകരണം ഒരു 'പാപം' തന്നെയാണ്. കാരണം 'നല്ലത്' ആയി ദൈവം സൃഷ്ടിച്ചവയെ (ഉത്പത്തി 1:25) ഒക്കെയും വികലവും വിരൂപവുമാക്കുന്ന പ്രവൃത്തികളിൽ ഒന്നാണത്. ആകയാൽ, പൊറുതി അപേക്ഷിക്കേണ്ട തെറ്റും, പരിഹാരം അനുഷ്ഠിക്കേണ്ട കുറ്റവുമാണത്. പരിസ്ഥിതിയുടെ ആത്മീയതയോടു ചേർത്തുവയ്ക്കുമ്പോഴേ നമ്മുടെ ആത്മീയതയ്ക്ക് അർത്ഥപൂർണതയുണ്ടാകൂ.

ചുറ്റുപാടിനോടുമുള്ള കടപ്പാടു വലുതാണ്. നാം നില്ക്കുന്ന ഇടം ശുദ്ധിയുള്ളതാകട്ടെ. നമ്മുടെ പരിസരവും ഒപ്പം അപ്രകാരം ആയിക്കൊള്ളും. തെളിഞ്ഞൊഴുകുന്ന പുഴകളും പച്ചക്കുന്നുകളും മഞ്ഞണിഞ്ഞ മലനിരകളും ശുദ്ധമായ വായുവും നിബിഡമായ ഹരിതവനങ്ങളും ജൈവവൈവിധ്യങ്ങളുമെല്ലാം നമുക്കും പിറക്കാനുള്ള ജന്മങ്ങൾക്കും ഇനിയും വേണം. ഇഹത്തിലെ ഹ്രസ്വായുസ്സിന്റെ അസ്തമയം എത്തുമ്പോൾ കാത്തുപാലിക്കാൻ കൈക്കുമ്പിളിൽ കിട്ടിയവയ്ക്കൊക്കെ കണിശമായും കണക്കുകൊടുക്കേണ്ട കാര്യസ്ഥരാണ് (ലൂക്കാ 16:2) നാമോരുത്തരും എന്നുള്ള തിരിച്ചറിവ് സ്വന്തമാക്കാം. മേലിൽ നമ്മുടെ പുഴകൾ പുഴുക്കളരികളാകാതിരിക്കട്ടെ. കടലുകൾ കലങ്ങാതിരിക്കട്ടെ; കുന്നുകൾ കുഴികളാകാതിരിക്കട്ടെ, രൂക്ഷഗന്ധിയാകാതിരിക്കട്ടെ; വഴിയോരങ്ങൾ അഴുക്കുകുട്ടകളാകാതിരിക്കട്ടെ; അന്തരീക്ഷം രൂക്ഷഗന്ധിയാകാതിരിക്കട്ടെ. വിദൂരവ്യാപകമായ വിഷക്കെടുതികൾ വിളിച്ചുവരുത്തുന്ന പ്ലാസ്റ്റിക് പോലെയുള്ള വസ്തുക്കൾ പാടേ വെടിയാം. ജീവമണ്ഡലത്തെ ആവരണം ചെയ്തുനിൽക്കുന്ന ഓസോൺപാളിയെ സംരക്ഷിക്കാം.

ഓർക്കണം, ഒരു തൈ വയ്ക്കാൻ താത്പര്യമില്ലാത്തവർക്ക് ഒരു കൊമ്പു വെട്ടാൻ അവകാശമില്ല. മരമോ മലയോ പുഴയോ ഒന്നും അസ്ഥാനത്തല്ല. വഴിമാറി നടക്കേണ്ടത് ചലിക്കാനും ചിന്തിക്കാനും ശേഷിയുള്ള മനുഷ്യർതന്നെയാണ്. പ്രപഞ്ചത്തിന്റെ പച്ച കെടാതെ കാക്കാം. 'നല്ലത്' ആയി നമുക്കു കിട്ടിയതൊക്കെ 'നല്ലത്' ആയിത്തന്നെ നിലനിർത്തി നാളേക്കു കൈമാറാം. അതിലും വലിയ പുണ്യമൊന്നും വരുംതലമുറയ്ക്കുവേണ്ടി ചെയ്യാനില്ല. Healthy Mind in a Healthy Body in a Healthy Environment എന്ന അഞ്ചാം ക്ലാസ്സുകാർക്കുപോലും മനസ്സിലാകുന്ന അടിസ്ഥാനപ്രമാണം ജീവിതത്തിന്റെ അച്ചുതണ്ടാക്കാം. സ്വാർത്ഥതയുടെ മൂർച്ചയേറിയ മുനയുള്ള മനുഷ്യമനസ്സുകളുടെ ആക്രമണത്താലുള്ള പ്രകൃതിയുടെ പ്രലപനം ഇനി പ്രതിധ്വനിക്കാതിരിക്കട്ടെ. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളെയും കൂടപ്പിറപ്പുകളെപ്പോലെ കണ്ട വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെയും പരിസ്ഥിതിയുടെ സ്വർഗീയമദ്ധ്യസ്ഥയായ വിശുദ്ധ കടേരി തെകാകിതയുടെയും ജീവിതങ്ങൾ ഇക്കാര്യത്തിൽ നമുക്ക് അനുകരണീയങ്ങളായ മാതൃകകളാകട്ടെ.

■

# കാശിയിൽ കരിനിഴൽ വീഴരുത്



ജോർജ് കള്ളിവയലിൽ

മണ്ണാങ്കട്ടയും കരിയിലയും കാശിക്കു പോയതു കേട്ടു വളർന്നവരാണു മലയാളികൾ. യാത്രയ്ക്കിടെ പരസ്പരം വാശിപിടിച്ചതു മണ്ണാങ്കട്ടയ്ക്കും കരിയിലയ്ക്കും ഒരുപോലെ വിനയായതു മറക്കരുതല്ലോ. കരിയില പറന്നും പോയി, മണ്ണാങ്കട്ട അലിഞ്ഞും പോയി. പഴമൊഴികളിൽ പതിരില്ലെന്നതിൽ സംശയമില്ല. മോക്ഷം കിട്ടാൻ കാശിക്കു പോകുന്ന ഹൈന്ദവവിശ്വാസികൾ ഏറെയുള്ള നാടാണ് കേരളം. മലയാളികൾ കണ്ടുപരിചയിച്ച കാശിയിൽ സ്ഥിതി പാടെ മാറുകയാണ്.

കാശി വിശ്വനാഥക്ഷേത്രവും തൊട്ടുരുമ്മിയുള്ള ജ്ഞാൻവാപി മസ്ജിദും ഏറെക്കാലയമായി സമുദായ മൈത്രിയുടെ പ്രതീകമായിരുന്നു. തൊട്ടുരുമ്മിയുള്ള രണ്ട് ആരാധനാലയങ്ങളെയും വേർതിരിക്കാൻ രണ്ടാൾ പൊക്കത്തിൽ ഇരുമ്പുവേലിയുണ്ട്. പൂർണമായി കാഴ്ച മറയ്ക്കാത്ത വേലിക്കപ്പുറത്ത് എന്താണു നടക്കുന്നതെന്നു കാണാനാകും. ഇരുവിഭാഗങ്ങളും തമ്മിൽ വലിയ സംഘർങ്ങളോ ഏറ്റമുട്ടലുകളോ ഇല്ലാതെ ഏറെക്കാലമായി സമാധാനത്തിൽ പോകുകയായിരുന്നു. കഴിഞ്ഞ മാസം അടക്കം അഞ്ചു തവണ ലേഖകൻ ഈ സമുച്ചയം സന്ദർശിച്ചപ്പോഴും പ്രശ്നങ്ങളൊന്നും ഇല്ലായിരുന്നു.

എന്നാൽ, ഇപ്പോഴിതു മതപരമായ വിദ്വേഷങ്ങളുടെയും ഭിന്നിപ്പിന്റെയും കാരണമാക്കി മാറ്റിയിരിക്കുകയാണ്. എവിടെയും തോക്കേന്തിയ പോലീസുകാർ. സംഘർഷത്തിന്റെയും ഭീതിയുടെയും അവസ്ഥ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ലോക്സഭാമണ്ഡലമായ വാരാണസിയിലെ ജ്ഞാൻവാപി സമുച്ചയത്തിന്റെ പേരിൽ ഹിന്ദു, മുസ്ലിം സമുദായങ്ങൾ തമ്മിൽ വാദപ്രതിവാദങ്ങൾക്കും കോടതിവ്യവഹാരങ്ങൾക്കും സംഘർഷങ്ങൾക്കും വഴിതുറന്നിരിക്കുകയാണ്.

**തീരുമാനമാകാത്ത വ്യവഹാരം**

ജ്ഞാൻവാപി മസ്ജിദ് കേസിൽ ഏത് അപേക്ഷയാണ് ആദ്യം പരിഗണിക്കേണ്ടതെന്നുപോലും തീരുമാനിക്കാൻ കോടതിയിൽ തർക്കമാണ്. ഇക്കാര്യത്തിൽ വാരാണസി ജില്ലാ സെഷൻസ് കോടതി തീരുമാനം പ്രധാനമാകും. ജ്ഞാൻവാപി സമുച്ചയത്തിന്റെ സർവേ റിപ്പോർട്ടിന് എതിരേ ആദ്യം മസ്ജിദ് കമ്മിറ്റിയുടെ എതിർപ്പുകൾ ക്ഷണിക്കണോ അതോ ഹിന്ദുപക്ഷത്തിന്റെ ഹർജിയിലെ ആവശ്യം സംബന്ധിച്ച അപേക്ഷയിൽ തീരുമാനമെടുക്കണോ എന്നതാണു തീരുമാനിക്കേണ്ടത്. മസ്ജിദ് പരിസരത്ത് ആരാധനയ്ക്ക് അനുമതി വേണമെന്ന ഹർജിക്കാരുടെ ആവശ്യം പരിഗണിക്കുന്നതുതന്നെ ശരിയല്ലെന്നു മസ്ജിദ് കമ്മിറ്റി പറയുന്നു.

വാരാണസി സിവിൽ കോടതിയുടെ പരിഗണനയിൽ നിലവിലുള്ള ജ്ഞാൻവാപി കേസ് വാരാണസി ജില്ലാ കോടതിയിലെ മുതിർന്ന ജഡ്ജിയുടെ കീഴിലേക്കു മാറ്റാൻ ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനും ജസ്റ്റീസുമാരായ സൂര്യകാന്ത്, പി.എസ്. നരസിംഹ എന്നിവർ അംഗങ്ങളുമായുള്ള സുപ്രീംകോടതി ബെഞ്ച് ഉത്തരവിട്ടിരുന്നു. ജില്ലാ കോടതി തീരുമാനിക്കുന്നതുവരെ പരമോന്നതകോടതിയുടെ മേയ് 17 ലെ ഇടക്കാല ഉത്തരവ് തുടരും. ശിവലിംഗം കണ്ടെത്തിയെന്നു പറയപ്പെടുന്ന കുളത്തിനുചുറ്റും സുരക്ഷ ഉറപ്പാക്കുക, മുസ്ലീങ്ങൾക്ക് ആരാധനയ്ക്കു സൗകര്യമൊരുക്കുക തുടങ്ങിയവയാണ് ഇടക്കാല ഉത്തരവിലുള്ളത്.

ഇതിനിടെ ജ്ഞാൻവാപി കേസിൽ കക്ഷി ചേർക്കണമെന്നാവശ്യപ്പെട്ട് ബിജെപി നേതാവും അഭിഭാഷകനുമായ അശ്വനി ഉപാധ്യായ സുപ്രീംകോടതിയെ സമീപിച്ചതും വെറുതെയല്ല. 1947 ഓഗസ്റ്റ് 15 ന് നിലവിലുണ്ടായിരുന്ന ആരാധനാലയങ്ങളുടെ സ്ഥിതി മാറ്റരുതെന്ന 1991 ലെ നിയമം മോസ്കുകളുടെ കാര്യത്തിൽ ബാധകമല്ലെന്നാണ് അശ്വിനി പറയുന്നത്. ജ്ഞാൻവ്യാപി മോസ്ക് സ്ഥിതി ചെയ്യുന്ന സ്ഥലം ആദിവിശേശ്വറിന്റേതാണെന്നും ആരാധന നടത്താനുള്ള ഹൈന്ദവവിശ്വാസികളുടെ അവകാശം നിഷേധിക്കാനാകില്ലെന്നും ഹർജിയിലുണ്ട്. ക്ഷേത്രം തകർത്തു പണിയുന്ന മന്ദിരം മോസ്ക് ആകില്ലെന്നാണ് ഇസ്ലാമികതത്ത്വമെന്നും ഈ വക്കീൽ അവകാശപ്പെടുന്നു.

**വിവാദമായ വീഡിയോ സർവേ**

കാശി വിശ്വനാഥക്ഷേത്രത്തിനോടു ചേർന്നുള്ള ജ്ഞാൻവാപി മസ്ജിദിന്റെ പടിഞ്ഞാറൻ മതിലിനു പിന്നിൽ ദിവസേന പ്രാർഥന നടത്താനും ഹൈന്ദവാചാരങ്ങൾ പാലിക്കാനും അനുവദിക്കണമെന്നാവശ്യപ്പെട്ട് അഞ്ചു സ്ത്രീകൾ സമർപ്പിച്ച ഹർജിയാണു നീണ്ട കോടതി വ്യവഹാരങ്ങളിലേക്കു നയിച്ചത്. ഹിന്ദുദേവതയായ ശൃംഗാർ ഗൗരിയുടെ ചിത്രം മസ്ജിദിന്റെ മതിലിൽ ഉണ്ടെന്നു ഹർജിക്കാർ അവകാശപ്പെട്ടു. രാഖി സിങ്, മഞ്ജു വ്യാസ്, രേഖ പഥക്, സീതാ സാഹു തുടങ്ങിയവരാണ് ഹർജിക്കാർ.

വാരാണസി സിവിൽ കോടതിയിൽ 2021 ഓഗസ്റ്റ് 18 നാണ് ഈ ഹർജി ഫയൽ ചെയ്തത്. ജ്ഞാൻവാപി മോസ്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തു ക്ഷേത്രം പുനഃസ്ഥാപിക്കണമെന്ന് 1991 ൽ വാരാണസി കോടതിയിൽ ഹർജി വന്നെങ്കിലും അന്നതു പരിഗണിച്ചില്ല. എന്നാൽ, കഴിഞ്ഞ വർഷം ഓഗസ്റ്റിലെ ഹർജിയിൽ വീഡിയോഗ്രഫിയോടു കൂടിയ സർവേ നടത്താൻ കഴിഞ്ഞ മാസം 26 ന് ഫാസ്റ്റ് ട്രാക്ക് കോടതി സിവിൽ ജഡ്ജി അശുതോഷ് തിവാരി ഉത്തരവിട്ടു.

കാശി വിശ്വനാഥ് - ജ്ഞാൻവാപി മസ്ജിദ് സമുച്ചയത്തിന്റെ ഇപ്പോഴുള്ള മതപരമായ ഘടന അതിരുകടന്നതാണോ മാറ്റം വരുത്തിയതാണോ അല്ലെങ്കിൽ കൂട്ടിച്ചേർക്കലാണോ തുടങ്ങിയവ പരിശോധിക്കാൻ നിർദേശിച്ച് ഹിന്ദുത്വവാദിയെന്ന് അറിയപ്പെടുന്ന വക്കീലിനെ സർവേയ്ക്കുള്ള പ്രത്യേക കമ്മീഷനായും കോടതി നിയോഗിച്ചു. ഇതോടെ സ്ഥിതി മാറി. രാജ്യത്തു പുതിയൊരു ഹിന്ദു - മുസ്ലിം ഭിന്നതയ്ക്കു തീ പിടിച്ചു.

വീഡിയോ സർവേ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് ഹാജരാക്കാൻ മേയ് 12 ന് വിചാരണക്കോടതി ഉത്തരവിട്ടു. റിപ്പോർട്ട് പുറത്തുവിട്ട ആദ്യ കമ്മീഷണറെ മാറ്റി പകരം രണ്ട് അഭിഭാഷകരെ സർവേയ്ക്കു ചുമതലപ്പെടുത്തി. മേയ് 14, 14, 16 തീയതികളിൽ പൂർത്തിയാക്കിയ സർവേ റിപ്പോർട്ട് 19 ന് കോടതിയിൽ സമർപ്പിച്ചു.

ശിവലിംഗം കണ്ടെത്തിയതായി അവകാശപ്പെടുന്ന



മോസ്കിന്റെ ഭാഗം സീൽ ചെയ്യാൻ വിചാരണക്കോടതി ജില്ലാ ഉദ്യോഗസ്ഥർക്ക് മേയ് 16 നുതന്നെ നിർദേശം നൽകി. രഹസ്യസ്വഭാവം ഉറപ്പാക്കാൻ നിർദേശിച്ചു നടത്തിയ സർവേയിലെ വീഡിയോദൃശ്യങ്ങളും പ്രധാന വിവരങ്ങളും ചോർന്നതിനോടു കോടതികൾ കാണിച്ച മൃദുസമീപനവും ശ്രദ്ധേയമായി.

**അത്ര പുതിയതല്ലാത്ത വിവാദം**

മസ്ജിദിനുള്ളിലെ വീഡിയോഗ്രഫിയെ എതിർത്ത് മസ്ജിദ് നടത്തിപ്പുകാരായ അഞ്ജുമാൻ ഇന്റസാമിയ മസ്ജിദ് കമ്മിറ്റി സുപ്രീം കോടതിയെ സമീപിച്ചെങ്കിലും സർവേ തടഞ്ഞില്ല. മേയ് ആറിലെ പ്രാഥമിക സർവേ കഴിഞ്ഞതോടെ മസ്ജിദിന്റെ ചെറിയ കുളത്തിൽ ശിവലിംഗം കണ്ടുവെന്നു മാധ്യമങ്ങളിൽ വലിയ വാർത്തയായി. എന്നാൽ ഈ വസ്തു ശിവലിംഗമല്ല, മസ്ജിദിന്റെ വസുഖാനയിലെ (ശരീരശുദ്ധി നടത്തുന്ന സ്ഥലം) ടാങ്കിലെ ഫൗണ്ടനായി പ്രവർത്തിക്കുന്ന കല്ല് ആണെന്നു മസ്ജിദ് കമ്മിറ്റി അവകാശപ്പെട്ടു.

മുഗൾചക്രവർത്തിയായ ഔറംഗസീബ് 1669 ൽ നിർമിച്ച ജ്ഞാനവാപി മസ്ജിദിനെക്കുറിച്ച് ബിജെപി നേതാവ് ഉമാഭാരതി മൂന്നു പതിറ്റാണ്ടുകൾക്കുമുമ്പേ പാർലമെന്റിൽ പരാമർശിച്ചിരുന്നു. മറ്റു മുഗൾ ചക്രവർത്തിമാരെ അപേക്ഷിച്ച് ഇതരമതവിഭാഗങ്ങളോടു സഹിഷ്ണുത കാണിച്ചയാൾ ആയിരുന്നു ഔറംഗസീബ് എന്നു ചരിത്രവിദ്യാർഥികൾക്ക് അറിയാം. പക്ഷേ, ഉമാഭാരതിക്കും ബിജെപിക്കും വേണ്ടതു മറ്റൊന്നായിരുന്നു.

ആദി വിശേശ്വർ ക്ഷേത്രം തകർത്താണ് ജ്ഞാൻവാപി മസ്ജിദ് നിർമിച്ചതെന്ന് ഉമാഭാരതി അവകാശപ്പെട്ടു. ബനാറസ് ഹിന്ദു സർവകലാശാലയിലെ പുരാതന ഇന്ത്യൻ ചരിത്ര സാംസ്കാരിക വകുപ്പിന്റെ തലവനും ഹിന്ദുപണ്ഡിതനുമായ എ.എസ്. അൽതേകർ രചിച്ച 'ഹിസ്റ്ററി ഓഫ് ബനാറസ്: ഫ്രം ദ ഏർലിയസ്റ്റ് ടൈംസ് ഡൗൺ ടു 1937' എന്ന പുസ്തകത്തിലെ പരാമർശമാണു ചരിത്രരേഖയായി ഉമാഭാരതി അവതരിപ്പിച്ചത്.

**നോക്കുകുത്തിയായി നിയമം**

ഇന്ത്യ സ്വാതന്ത്ര്യം നേടിയ 1947 ഓഗസ്റ്റ് 15 നു നിലവിലുണ്ടായിരുന്ന ആരാധനാലയങ്ങളുടെ മതപരമായ സ്വഭാവം നിലനിർത്തുന്നതിനും ഏതെങ്കിലും ആരാധനാലയത്തിന്റെ മതപരിവർത്തനം നിരോധിക്കുന്നതിനുംവേണ്ടിയുള്ള ആരാധനാലയങ്ങളുടെ (പ്രത്യേക വ്യവസ്ഥ) നിയമം 1991 ൽ പാർലമെന്റ് പാസാക്കിയിരുന്നു. എന്നാൽ, ഇത്തരമൊരു നിയമനിർമാണത്തെ ഉമാഭാരതിയും ബിജെപിയും എതിർത്തു.

അയോധ്യയിലെ രാമജന്മഭൂമി - ബാബ്റി മസ്ജിദ് പ്രശ്നം രൂക്ഷമാകുന്നതിനിടെയാണ് അന്നത്തെ കേന്ദ്രസർക്കാർ ചരിത്രപരമായ ഈ നിയമം പാസാക്കിയത്. എല്ലാ ആരാധനാലയങ്ങളുടെയും മതപരമായ സ്വഭാവം നിലനിർത്താൻ സർക്കാരിനെ നിയമത്തിൽ ബാധ്യസ്ഥരാക്കുകയും ചെയ്തിരുന്നു. തർക്കമുണ്ടായിരുന്ന അയോധ്യയ്ക്കു മാത്രം ഒഴിവു നൽകി.

ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമത്തിന്റെ അന്തഃസത്തയ്ക്കു വിരുദ്ധമായാണു പുതിയ കേസുകൾ കോടതികൾ പരിഗണിക്കുന്നതെന്നാണ് ആക്ഷേപം. ആരാധനാലയത്തിന്റെ സ്വഭാവം മാറ്റുന്നതിനു മാത്രമാണു തടസ്സമെന്നും അവിടെ സർവേ നടത്തുന്നതിനു തടസ്സമില്ലെന്നുമാണു സുപ്രീം കോടതി വിധിച്ചത്. ഹർജി പരിഗണിക്കാൻ കോടതിക്ക് അധികാരമില്ലെന്ന വാദം തള്ളുകയും ചെയ്തു.

പക്ഷേ, മതത്തിന്റെ പേരിൽ വെറുപ്പിന്റെയും ഭിന്നതയുടെയും രാഷ്ട്രീയം കളിച്ചു മുതലെടുക്കാനാണു രാഷ്ട്രീയ, ഭരണനേതൃത്വങ്ങളുടെ ശ്രമം. മതവിദ്വേഷം വളർത്തി ഭൂരിപക്ഷ, ന്യൂനപക്ഷ വോട്ടുകളുടെ ധ്രുവീകരണത്തിലൂടെ അധികാരം ചുളുവിൽ കൈക്കലാക്കുക. വിവാദ രഥയാത്രയും ബാബറി മസ്ജിദിന്റെ തകർക്കലും തുടക്കമായിരുന്നു.

**അയോധ്യയ്ക്കു പിന്നാലെ**

ബാബറി മസ്ജിദ് തകർത്തു രാമക്ഷേത്രം പണിയുന്നതിനു പിന്നാലെയാണു കാശിയിലെ ജ്ഞാനവാപി മസ്ജിദ് പ്രശ്നം. മധുരയിലെ ഷാഹി ഈദ്ഗാഹ്, ഗുജറാത്തിൽ സിദ്ധ്പൂരിലെ ജാമി, അഹമ്മദാബാദിലെ ജമാ, മധ്യപ്രദേശിൽ ധറിലെ കമാൽ മൗല, വിദിഷയിലെ ബിജാമണ്ഡൽ, പശ്ചിമ ബംഗാളിലെ അദിന എന്നിവ മുതൽ ഡൽഹി കുത്തബ് മിനാറിലെ ക്വാവത്ത് അൽ ഇസ്ലാം എന്നിവ അടക്കം പത്തു മോസ്കുകളാണ് അടുത്ത ലക്ഷ്യമെന്നു ഹിന്ദുത്വ വർഗീയവാദികൾ തുറന്നു പറയുന്നു. ഹൈന്ദവ, ജെയ്ൻ ക്ഷേത്രങ്ങൾ തകർത്ത് പണിതവയാണ് ഈ മസ്ജിദുകൾ എന്നാണ് അവകാശവാദം.

വിഖ്യാതമായ താജ് മഹലിന്റെ പേരിലും വിവാദം തുടങ്ങിവച്ചിട്ടുണ്ട്. മുഹമ്മദ് ഗസ്നി കൈയേറി നശിപ്പിച്ച ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം 1951 മേയിൽ പൂർണമായി പുനർനിർമിച്ചതിനാൽ നിലവിൽ തർക്കമില്ല.

മസ്ജിദുകൾ മാത്രമല്ല ക്രൈസ്തവദേവാലയങ്ങളും തകർക്കാൻ പലയിടത്തും അക്രമം നടക്കുന്നുണ്ട്. ഒഡീഷയിലെ കാൻഡമാലിൽ ക്രൈസ്തവർക്കും അവരുടെ പള്ളികൾക്കും നേർക്കുണ്ടായ വർഗീയകലാപം ആസൂത്രിതമായിരുന്നുവെന്നു കണ്ടെത്തിയതാണ്. കർണാടക, മധ്യപ്രദേശ്, യുപി തുടങ്ങിയ സംസ്ഥാനങ്ങളിൽ പലയിടത്തും മഹാരാഷ്ട്രയിലെ പുനെ, തെലുങ്കാനയിലെ സെക്കന്തരാബാദ് എന്നിവിടങ്ങളിലും കഴിഞ്ഞ ആഴ്ചകളിൽപ്പോലും ക്രൈസ്തവദൈവാലയങ്ങൾ തകർക്കുകയോ പരസ്യമായി ആക്രമണം നടത്തുകയോ ചെയ്തു. കൈസ്ത്രവസ്ഥാപനങ്ങൾക്കും സന്ന്യാസികളടക്കം ക്രൈസ്തവർക്കുംനേരേയുമുള്ള അക്രമങ്ങൾക്കും കുറവില്ല.

**മനുഷ്യനു മരുന്നാകണം**

മതത്തിന്റെ പേരിലുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഭിന്നതകളും അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചു. രാജ്യത്തിന്റെ സാമൂഹിക - സാമ്പത്തിക വികസനത്തിൽ ശാസ്ത്രീയമനോഭാവം നിർണായകപങ്കു വഹിക്കുമെന്ന് ജവഹർലാൽ നെഹ്റു വിശ്വസിച്ചിരുന്നു. നെഹ്റുവിന്റെ 'ദി ഡിസ്കവറി ഓഫ് ഇന്ത്യ' എന്ന പുസ്തകത്തിൽ ഇക്കാര്യം വ്യക്തമായി പറയുന്നുണ്ട്. മതപരവും ജാതീയവുമായ അന്ധവിശ്വാസങ്ങളും സാമൂഹികതിന്മകളും നിറഞ്ഞ സമൂഹത്തിൽ ശാസ്ത്രീയമനോഭാവം വളർത്തിയെടുക്കാനാണ് അക്കാലത്തെ സർക്കാർ ശ്രമിച്ചത്.

ശാസ്ത്രീയമനോഭാവവും മാനവികതയും ഒപ്പം അന്വേഷണത്തിന്റെയും പരിഷ്കരണത്തിന്റെയും മനോഭാവവും വളർത്തിയെടുക്കുക എന്നത് ഓരോ ഇന്ത്യൻ പൗരന്റെയും കടമയാണെന്ന് ഇന്ത്യൻ ഭരണഘടന അനുച്ഛേദം 51 എ(എച്ച്) പറയുന്നു. ജീവിതത്തിൽ തീരുമാനമെടുക്കുന്നതിന് ഓരോ വ്യക്തിയും ശാസ്ത്രീയവും യുക്തിസഹവുമായ രീതി അവലംബിക്കണമെന്നാണ് ഭരണഘടന നിർദേശിക്കുന്നത്. ഒരു സിദ്ധാന്തം രൂപപ്പെടുത്തുന്നതിനു മുമ്പു വസ്തുതകൾ ആവർത്തിച്ചു നിരീക്ഷിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

പൊള്ളുന്ന വിലയക്കയറ്റവും കൊവിഡ് മഹാമാരിയും തൊഴിലില്ലായ്മയും കാർഷികപ്രതിസന്ധിയും സാമ്പത്തികമാന്ദ്യവുംമുതൽ ചൈനയും പാക്കിസ്ഥാനും അടക്കമുള്ള അയൽരാജ്യങ്ങളും ഭീകരരും തീവ്രവാദികളും ഉയർത്തുന്ന വെല്ലുവിളികൾവരെയുള്ളവയിൽനിന്നു ശ്രദ്ധതിരിക്കാനാകും ആരാധനാലയങ്ങളുടെ പേരിലുള്ള തർക്കം. പക്ഷേ, ന്യൂനപക്ഷങ്ങളെയും അവരുടെ ആരാധനാലയങ്ങളെയും ലക്ഷ്യംവച്ചുള്ള വിഭജനരാഷ്ട്രീയം ഇനിയും പടരുന്നത് അത്യാപത്താകും. കുടത്തിൽ അടച്ചിരുന്ന വർഗീയഭൂതത്തെ തുറന്നുവിടുന്നതിനു തുല്യമാകുമിത്.

■

# ദൈവവിളിയുടെ പ്രോത്സാഹകൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ദേവസഹായംപിള്ളയോടൊപ്പം 2022 മേയ് 15–ാം തീയതി വിശുദ്ധപദവിയിലേക്കുയർത്തപ്പെട്ട വിശുദ്ധ ജസ്റ്റിൻ റുസ്സൊളില്ലോയുടെ ജീവിതവഴികളിലൂടെ**

തെക്കേ ഇറ്റലിയിൽ നേപ്പിൾസ് നഗരത്തിനുസമീപം 'പിയനൂര' എന്ന ഗ്രാമത്തിൽ 1891 ജനുവരി 18 നാണ് പത്തുമക്കളിൽ മൂന്നാമനായി ജസ്റ്റിൻ റുസ്സൊളില്ലോ ഭൂജാതനായത്.

പഠനത്തിൽ വളരെ സമർത്ഥനായിരുന്ന ജസ്റ്റിൻ ഇളംപ്രായത്തിൽത്തന്നെ വൈദികനാകണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. സാമ്പത്തികമായി ക്ലേശിച്ചിരുന്ന ജസ്റ്റിന്റെ കുടുംബത്തിനു സെമിനാരിപഠനത്തിനുള്ള ചെലവുകൾ വഹിക്കുവാൻ കഴിയുമായിരുന്നില്ല. ഉദാരമതിയായ ഒരു സമ്പന്നന്റെ സഹായത്താലാണ് ജസ്റ്റിന്റെ പഠനങ്ങൾ പൂർത്തിയാക്കിയത്. ഈശോസഭക്കാർ നടത്തിയിരുന്ന നേപ്പിൾസ് മേജർ സെമിനാരിയിൽനിന്നു സ്വർണമെഡലോടെയാണ് അദ്ദേഹം ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയത്.

1913 സെപ്റ്റംബർ 20–ാം തീയതി പൊസ്സൊാലി രൂപതയ്ക്കുവേണ്ടി വൈദികനായി തിരുപ്പട്ടം സ്വീകരിച്ചു. തിരുപ്പട്ട സ്വീകരണത്തിന്റെ അവസരത്തിൽത്തന്നെ വൈദികനെന്ന നിലയിൽ ദൈവവിളികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതാണെന്നു പ്രതിജ്ഞയെടുത്തു.



വിശുദ്ധ ജസ്റ്റിൻ റുസ്സൊളില്ലോ

അടുത്തവർഷംതന്നെ ഈ ലക്ഷ്യത്തോടെ ഏതാനും യുവജനങ്ങളെ ചേർത്ത് ഒരു സഖ്യം രൂപവത്കരിച്ചു. എന്നാൽ, അതിന് സഭാധികാരികളുടെ അംഗീകാരം ലഭിച്ചില്ല. അത് ദൈവഹിതമായി സ്വീകരിച്ച് അനുസരിക്കുവാൻ യുവാക്കളോട് അദ്ദേഹം ഉപദേശിച്ചു.


ഒന്നാം ലോകമഹായുദ്ധകാലത്ത് (1914–'18) സൈനികസേവനം ചെയ്തു. 1920 ൽ പിയനൂരാ ഇടവകയുടെ വികാരിയായി ചുമതലയേറ്റു. സഭാധികാരികൾ ദൈവവിളി പ്രോത്സാഹനത്തിനായി ഒരു സന്ന്യാസസഭ ആരംഭിക്കാൻ അനുവാദം നൽകി.

സൊസൈറ്റി ഓഫ് ഡിവൈൻ വൊക്കേഷൻസ് (SDV)എന്ന പേരിൽ പുരുഷന്മാർക്കും സിസ്റ്റേഴ്സ് ഓഫ് ഡിവൈൻ വൊക്കേഷൻസ് (SDV) എന്ന പേരിൽ സ്ത്രീകൾക്കും സന്ന്യാസസഭകൾ ആരംഭിച്ചു. ഈ രണ്ടു സന്ന്യാസസഭകളുടെയും ശാഖകൾ കേരളം ഉൾപ്പെടെ 18 രാജ്യങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. പിൽക്കാലത്ത് അല്മായർക്കായി ഒരു സമൂഹത്തിനും അദ്ദേഹം ആരംഭംകുറിച്ചു. 'ദൈവവിളികളുടെ നാഥ' എന്ന നാമത്തോടെ പരിശുദ്ധ അമ്മയെ വിളിച്ചു പ്രാർത്ഥിക്കുകയും അപ്രകാരം ചെയ്യാൻ അനുയായികളെ ഉപദേശിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കത്തുകളും പ്രസംഗങ്ങളും ശേഖരിച്ച് 26 വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1955 ഓഗസ്റ്റ് രണ്ടാം തീയതി പിയനൂരാ ഇടവകയുടെ വിശുദ്ധനായ വികാരി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

നാമകരണനടപടികളെല്ലാം പൂർത്തിയാക്കി 2011 മേയ് മാസം 7–ാം തീയതി പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ പിയനൂരായിൽവച്ച് കാർഡിനൽ ആഞ്ചലോ അമാത്തോ ഫാ. ജസ്റ്റിൻ റുസ്സൊളില്ലോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. തിരുനാൾ ഓഗസ്റ്റ് 2 ന് ആചരിക്കുന്നു. ■

# ഏറ്റവും മികച്ച സത്യസന്ധൻ ആര്?



സി. എൽ. ജോസ്

മേൽക്കാണിച്ച ശീർഷകത്തിൽ ന്യൂയോർക്ക് ടൈംസിൽ വന്ന ഒരു ലേഖനത്തെത്തുടർന്ന്, 1945 മാർച്ചിൽ റീഡേഴ്സ് ഡൈജസ്റ്റ് മാസികയിൽ അതിന്റെ പത്രാധിപർ സത്യസന്ധതയുടെ മികച്ച അനുഭവങ്ങൾ ക്ഷണിച്ചുകൊണ്ട് ഒരു പ്രസ്താവന കൊടുത്തു.

ചുരുങ്ങിയ ആഴ്ചകൾക്കുള്ളിൽ സത്യസന്ധതയുടെ അനേകം ഉദാഹരണങ്ങൾ മാസികയിലേക്ക് അയച്ചുകിട്ടി. അവയിൽനിന്നു തിരഞ്ഞെടുത്ത ചില അനുഭവങ്ങൾ താഴെ ചേർക്കുന്നു:

എലിസബത്ത് ലൂയിസ് എന്നാണ് എന്റെ പേര്. ഞാൻ പാരീസിൽ വിദ്യാർത്ഥിനിയായിരിക്കേ പുരാതനകലാവസ്തുക്കൾ വിൽക്കുന്ന ഒരു ഷോപ്പിൽ(Antique store) ജോലി ചെയ്തുകൊണ്ടിരുന്നു. കൗതുകമുള്ള പലവിധ വസ്തുക്കളും അവിടെയുണ്ട്. പഴയ പാദസരങ്ങൾ, കാൽച്ചിലമ്പുകൾ, മുത്തുകൾ കോർത്ത മാലകൾ അങ്ങനെ പലതും.

ഒരു ദിവസം ഒരു സ്ത്രീ കടയിൽ വന്നിട്ടു പലതും നോക്കിയ കൂട്ടത്തിൽ മുത്തുമണികൾ കോർത്ത പഴയൊരു മാല കണ്ടു. ആ മാല അഴുക്കും പൊടിയും പുരണ്ടു തെല്ലും ഭംഗിയില്ലാത്ത അവസ്ഥയിലാണ്. അതിന്റെ വില ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, അടുത്ത പർച്ചേസിന്റെ ഇനങ്ങൾ വരുമ്പോൾ ഇവിടെനിന്ന് അതു മാറ്റും. വാങ്ങണമെങ്കിൽ ഇപ്പോൾ വാങ്ങിക്കോളൂ. ചെറിയ വില തന്ന് ആ സ്ത്രീ മാല കൊണ്ടുപോയി.

ആഴ്ചകൾക്കുശേഷം ആ സ്ത്രീ കടയിലേക്കു തിരിച്ചുവന്നു പറഞ്ഞു: കുട്ടി എനിക്കു ചെറിയ വിലയ്ക്കു തന്ന മാലയുടെ മുത്തുമണികൾ മുഴുവൻ മഞ്ഞരത്നങ്ങളാണ്. ന്യൂയോർക്കിലെ ഒരു ജ്വല്ലറി എനിക്കതിന് ഓഫർ ചെയ്തത് 65 ആയിരം ഡോളർ. ഇതറിഞ്ഞയുടനെ ന്യൂയോർക്കിൽനിന്നു ഞാനിങ്ങോട്ടു പോന്നത് ഇതിവിടെ തിരിച്ചേല്പിക്കാനാണ്.

അത്യദ്ഭുതകരവും അവിശ്വസനീയവുമായ ഈ സത്യസന്ധതയിൽ എന്റെ ഹൃദയം തേങ്ങി. മിഴികൾ നിറഞ്ഞു തുളുമ്പി.

അടുത്തത് വ്‌ളാഡിമർ പെട്രോവിന്റെ അനുഭവം. ഞാനും ആൻഡ്രിയും സൈബീരിയയിലെ സ്റ്റാലിന്റെ അടിമക്യാമ്പിന്റെ സഹതടവുകാരാണ്. രാഷ്ട്രീയത്തടവുകാരായ ഞങ്ങൾക്കു ലഭിച്ചിരുന്ന ആഹാരം അധികംനാൾ ജീവൻ പിടിച്ചുനിർത്താൻ പറ്റാത്തത്ര തുച്ഛമായിരുന്നു. കഠിനമായ ജോലിയും താങ്ങാനാവാത്ത വിശപ്പുംമൂലം ക്യാമ്പിലെ മരണനിരക്കു വളരെ കൂടുതലായിരുന്നു. ഇതുകാരണം പല തടവുകാരും തരംകിട്ടിയാൽ വിശപ്പടക്കാൻ എന്തെങ്കിലും മോഷ്ടിക്കും.

എന്റെ പക്കലുള്ള കൊച്ചു പെട്ടിയിൽ കുറച്ചു ബിസ്കറ്റും അല്പം വെണ്ണയും പഞ്ചസാരയുമുണ്ടായിരുന്നു. അത് ഒരു ഭൂഗർഭവഴിയിലൂടെ അനേകം മൈൽ അകലെനിന്ന് എന്റെ അമ്മ എത്തിച്ചതാണ്. ആളിപ്പിടിക്കുന്ന വിശപ്പു വരുമ്പോൾ മാത്രമേ അതിൽനിന്ന് അല്പമെടുത്തു ഞാൻ കഴിക്കുകയുള്ളൂ. എന്റെ പെട്ടിക്കു പൂട്ടില്ലാത്തതിനാൽ ഞാനതു കൂടെക്കൊണ്ടു നടക്കും.

ഒരു ദിവസം താൽക്കാലിക ജോലിക്കായി മറ്റൊരു ക്യാമ്പിലേക്കു മാറാൻ എനിക്ക് ഓർഡർ വന്നു. എന്റെ പെട്ടി എന്തു ചെയ്യണമെന്ന് എനിക്കറിയില്ല. കൂട്ടുകാരൻ ആൻഡ്രി പറഞ്ഞു: എന്നെ ഏല്പിച്ചോളൂ. ഞാൻ സൂക്ഷിച്ചോളാം. അത് എന്റെ പക്കൽ സുരക്ഷിതമായിരിക്കും. ധൈര്യമായി പൊയ്ക്കോളൂ.

ഞാൻ പോന്നതിനു പിറ്റേന്നുമുതൽ മൂന്നുദിവസം നീണ്ടുനിന്ന ഹിമവർഷവും ശക്തമായ മഞ്ഞുകാറ്റും ഉണ്ടായി. അതുമൂലം ഉടനീളം റോഡ് ബ്ലോക്കായി. ഗതാഗതം പുനഃസ്ഥാപിക്കാൻ പത്തു ദിവസത്തോളമെടുത്തു.

ഞാൻ പഴയ ക്യാമ്പിലേക്കു തിരിച്ചെത്തി. അന്നു സായാഹ്നത്തോടെ എല്ലാ തടവുകാരും ജോലി കഴിഞ്ഞു മടങ്ങിയെത്തി. അവരുടെ കൂട്ടത്തിൽ ആൻഡ്രിയെ കണ്ടില്ല. ഞാനുടനെ ഫോർമാന്റെ അടുത്തെത്തി.

"ആൻഡ്രി എവിടെ?" ഞാൻ ചോദിച്ചു.

അയാൾ മരിച്ചു.

ശ്വാസം നിലച്ച മട്ടിൽ ഞാൻ സ്തംഭിച്ചുനിന്നു.

ഫോർമാൻ ഒരു കൊച്ചു പെട്ടി നീട്ടിക്കൊണ്ടു പറഞ്ഞു: "ഇതു നിങ്ങൾക്കുവേണ്ടി സൂക്ഷിക്കാൻ പറഞ്ഞ് എന്നെ ഏല്പിച്ചു."

എന്റെ ഹൃദയം വിങ്ങി. "പ്രിയ ആൻഡ്രി! എന്റെ വെണ്ണയും ബിസ്കറ്റും നിന്റെ ജീവൻ രക്ഷിക്കാൻ മതിയായില്ലല്ലോ!"

ഞാൻ പെട്ടി തുറന്നു. ഭക്ഷണം അതേപടി ഇരിക്കുന്നു. കൂടെ ഒരു കുറിപ്പുമുണ്ട്. "പ്രിയ വ്‌ളാഡിമിർ! എന്റെ കൈ കഷ്ടിച്ചു ചലിക്കുമെന്ന അവസ്ഥയിൽ ഞാനിതു കുറിക്കുന്നു. നമ്മൾ വീണ്ടും കാണുന്നതിനുമുമ്പ് ഞാൻ ജീവിച്ചിരിക്കുമോ എന്നറിയില്ല. ക്ഷീണംകൊണ്ടു ഞാനത്ര മാത്രം തകർന്നിരിക്കുന്നു. ഞാൻ മരിക്കയാണെങ്കിൽ എന്റെ ഭാര്യയെയും മക്കളെയും അറിയിക്കണം. അവരുടെ അഡ്രസ്, നിന്റെ പക്കലുണ്ടല്ലോ. നീ എന്നെ ഏല്പിച്ചത് അതേപടി ഫോർമാന്റെ പക്കൽ കൊടുത്തിട്ടുണ്ട്. അതു വാങ്ങുമല്ലോ, ഗുഡ് ബൈ! ആൻഡ്രി."

ഒരു സ്വിറ്റ്സർലണ്ടുകാരൻ ഫ്രാൻസിലൂടെ കാറോടിച്ചു പോകുമ്പോൾ പ്രകൃതിരമണീയമായ കാഴ്ചകൾ കണ്ടു. കാർ നിർത്തി അത്യാകർഷകമായ, ഹൃദയം കവരുന്ന ആ പ്രകൃതിദൃശ്യങ്ങൾ തന്റെ വിലകൂടിയ ക്യാമറയിൽ പകർത്തി.

തിരിച്ച് ഇരുന്നൂറു നാഴികയോളം പോന്നശേഷമാണ് ക്യാമറ എടുക്കാൻ മറന്നുപോയതു ശ്രദ്ധയിൽപ്പെട്ടത്.

ക്യാമറയിൽ ഉടമസ്ഥന്റെ പേരോ അഡ്രസ്സോ ഇല്ല. നഷ്ടബോധത്തോടെ, നൈരാശ്യത്തോടെ അയാൾ നാട്ടിലേക്കു പോയി.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു മുട്ടുകേട്ടു. ഒരു ഫ്രഞ്ചുകാരൻ ക്യാമറയുമായി നില്ക്കുന്നു. നഷ്ടപ്പെട്ടെന്നു തീർച്ചയാക്കിയ ക്യാമറ തിരിച്ചുകിട്ടിയപ്പോൾ മഹാദ്ഭുതം സംഭവിച്ചതുപോലെ തോന്നി.

നല്ലവനായ ഫ്രഞ്ചുകാരനെ ഏറെ ആദരവോടെ അദ്ദേഹം സ്വീകരിച്ചിരുത്തി. കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ക്യാമറ കിട്ടിയ ഫ്രഞ്ചുകാരൻ അതു വീട്ടിൽ കൊണ്ടുപോയി. അതിലെ ഫിലിം ഡെവലപ് ചെയ്ത് അതിൽനിന്ന് ഉടമസ്ഥനെക്കുറിച്ച് എന്തെങ്കിലും സൂചന ലഭിക്കുമോ എന്നു നോക്കി. ഒന്നുമില്ല. ഒരു ഫോട്ടോയിൽ ബാക്ക്ഗ്രൗണ്ടിൽ ഒരു കാറു കിടക്കുന്നതു കണ്ടു. പക്ഷേ, നമ്പർ പ്ലേറ്റ് ചെറുതായതുകൊണ്ട് അതിലെ അക്കങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞില്ല. ആ ഫോട്ടോ എൻലാർജ് ചെയ്തു നോക്കിയപ്പോൾ കാറിന്റെ നമ്പർ വ്യക്തമായി.

ഉടനെ അദ്ദേഹം ഫ്രഞ്ചു കോൺസിലിനു കത്തെഴുതി. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ജനീവയിലെ കാറുടമയുടെ പേരും വിലാസവും അയച്ചുകിട്ടി.

ബിസിനസ് സംബന്ധമായി അധികം വൈകാതെ ജനീവയിൽ പോയപ്പോൾ, എത്രയും പെട്ടെന്ന് ഉടമസ്ഥനെ കണ്ടുപിടിച്ചു ക്യാമറ തിരിച്ചുകൊടുക്കുക എന്ന അതിമഹനീയ സൽകൃത്യമാണ് ആദ്യം ചെയ്തത്. ■

നോവൽ 15



# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

ഇരുണ്ടതും നിഗൂഢവുമായിരുന്നു രാത്രി. ഇരുട്ടിനു മീതെ മഞ്ഞുപൊഴിയാൻ തുടങ്ങിയിരുന്നു. എങ്കിലും രാത്രിക്ക് ഒരു പൂതലിച്ച ഗന്ധമാണെന്ന് നീലകണ്ഠനു തോന്നി. രാവൊടുങ്ങുന്ന നേരത്താണു ദൂരെ കരിമ്പനത്തലപ്പുകൾക്കപ്പുറത്തു വിളറിയ ചന്ദ്രക്കല പ്രത്യക്ഷമായത്. എങ്കിലും ഇരുട്ടിന്റെ കാഠിന്യം കുറഞ്ഞിരുന്നില്ല.

നീലകണ്ഠൻ ജാലകത്തിനടുത്തുവന്ന് പുറത്തേക്കു നോക്കിയിരുന്നു. ആകാശത്തു നക്ഷത്രങ്ങളുണ്ടായിരുന്നില്ല. അത് വിമൂകമായിക്കിടന്നു. കാറ്റനങ്ങിയില്ല. രാപ്പക്ഷികൾ ചിലയ്ക്കുന്നില്ല.

ജോബിന്റെ കഥ നീലകണ്ഠനെ വല്ലാതെ ഉലച്ചുകളഞ്ഞു. ചരിത്രഗ്രന്ഥത്തിന്റെ ഏടുകളിൽ നിന്ന് ജോബ് നീലകണ്ഠന്റെ മുമ്പിലേക്കിറങ്ങിവന്നു. സകലസമ്പത്തും നഷ്ടപ്പെട്ട, നഗ്നമായ ദേഹം മുഴുവൻ അറപ്പുളവാക്കുന്ന, പഴുത്തു പുഴുത്ത വ്രണങ്ങളുമായാണ് അവൻ വന്നത്. മൺപാത്രച്ചീളുകൾക്കൊണ്ട് വ്രണങ്ങൾ ചുരണ്ടി കഠിനമായ ചൊറിച്ചിലിനറുതി വരുത്തുമ്പോഴും അസഹ്യമായ വേദന അനുഭവിക്കുമ്പോഴും അവൻ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. മർത്ത്യജന്മിയായ ഒരുവന് സഹിക്കാവുന്നതിനും അപ്പുറമായിരുന്നു ജോബിന്റെ കഷ്ടതകൾ. എങ്കിലും അവൻ ദൈവത്തെ സ്തുതിച്ചു.

ദൈവം തന്നു. ദൈവം തിരിച്ചെടുത്തു. അവന്റെ വാക്കുകളിൽ നിരാശയോ കരച്ചിലോ ഉണ്ടായിരുന്നില്ല. പുഷ്യരാഗംപോലെ പ്രഭ വിതറുന്ന വിശ്വാസത്തിന്റെ തെളിച്ചം മാത്രം.

ഭാര്യയും സുഹൃത്തുക്കളും അവനെ കുറ്റപ്പെടുത്തിയപ്പോഴും അവർ പതറിയില്ല. ശരീരത്തിന് അവൻ ചാക്കുവസ്ത്രം തുന്നിയിരുന്നു. അവന്റെ നെറ്റി പൊടിയിൽ ആണ്ടിരുന്നു. അവന്റെ കണ്ണുകളിൽ അന്ധകാരം നിറഞ്ഞിരുന്നു. പക്ഷേ, അവൻ ദൈവത്തെ തള്ളിപ്പറഞ്ഞില്ല. ഒടുവിൽ ദൈവം ഇരട്ടിയായി അവനു തിരിച്ചുകൊടുത്തു.


ജോബിന്റെ ചരിത്രം നീലകണ്ഠനോട് എന്തൊക്കെയോ വിളംബരം ചെയ്യാൻ തുടങ്ങിയിരുന്നു. ക്ഷണികമായ ജീവിതത്തിന്റെ നാനാർത്ഥങ്ങൾ. ഭൂമിയിലെ പീഡകളുടെ ഗൂഢാർത്ഥങ്ങൾ. ചിന്തിച്ചുനോക്കിയാൽ മായതന്നെ ജീവിതം. ഭൂമിയിൽ സന്തോഷങ്ങൾ തേടുന്നവർ മരീചിക തേടുകയാണ്. വെറും മൃഗതൃഷ്ണകൾ....

അറിവിന്റെ കാര്യത്തിൽ താൻ എത്രയോ ശുഷ്കനാണെന്നു നീലകണ്ഠൻ അറിഞ്ഞു. വേദാന്തവും അർത്ഥശാസ്ത്രവും തർക്കശാസ്ത്രവും പുരാണങ്ങളും ചതുർവേദങ്ങളും വായിച്ചറിഞ്ഞ താൻ ഇതുവരെ യഥാർത്ഥജ്ഞാനത്തിലേക്കെത്തിയില്ല. ഒരിക്കൽ ക്യാപ്റ്റൻ ഡിലനായി പറഞ്ഞു:

“ഒരുവൻ ധനവാനായിരിക്കുന്നതും വേറൊരുത്തൻ ദരിദ്രനായിരിക്കുന്നതും യാദൃച്ഛികമായി ഉച്ചനീചത്വങ്ങളുണ്ടാകുന്നതും ദൈവകല്പിതങ്ങളായിരിക്കാം. ഇവയ്ക്കു ബാഹ്യകാരണങ്ങളുണ്ടായിരുന്നാലും അവയുടെ പിന്നിൽ ലോകനിയന്താവിന്റെ ഉദ്ദേശ്യമെന്താണെന്നു കണ്ടെത്താൻ മനുഷ്യനു സാധ്യമല്ല. അഥവാ സാധിച്ചാൽത്തന്നെ അതാണു ശരിയെന്ന് എല്ലാവരെയുംകൊണ്ട് സമ്മതിപ്പിക്കുന്നതിനും കഴിയില്ല.”

ഒരുവന്റെ പ്രവൃത്തിക്കു പിന്നിലെ ഗൂഢലക്ഷ്യമെന്തെന്നു ബുദ്ധിസാമർത്ഥ്യമുള്ള മറ്റൊരാൾക്കു ഗ്രഹിക്കാനും കഴിഞ്ഞെന്നുവരില്ല. അങ്ങനെയിരിക്കേ, അനന്തശക്തിയുടെ പ്രഭവകേന്ദ്രമായ ദൈവത്തിന്റെ പ്രവൃത്തികളുടെ ഉദ്ദേശ്യമെന്തെന്നു മനസ്സിലാക്കാൻ ശ്രമിക്കുന്നതുതന്നെ മനുഷ്യന്റെ മൗഢ്യത്തെ വെളിപ്പെടുത്തുന്ന കാര്യംതന്നെയാണ്.

എന്നാൽ, ഒരു സംഗതി തീർച്ചയാണ്. ലോകത്തിൽ മനുഷ്യർക്കുണ്ടാകുന്ന എല്ലാ കഷ്ടാരിഷ്ടതകളും ആത്മനാശകങ്ങളല്ല. ചിലപ്പോൾ അവ ആത്മാവിന്റെ സംരക്ഷണത്തിനും അനന്തമായ സ്വർഗരാജ്യം അനുഭവിക്കുന്നതിനും ഇടയാക്കുന്നതാണ്.



ജോബിന്റെ കഥയ്ക്ക് അനുബന്ധമായി ക്യാപ്റ്റൻ ഡിലനായി പറഞ്ഞ വാക്കുകളാണിത്. ആ വാക്കുകൾ നീലകണ്ഠന്റെയുള്ളിൽ കിടന്നു തപിച്ചു. അത് സമുദ്രക്ഷോഭംകൊണ്ടെന്നവണ്ണം ഇളകി മറിഞ്ഞു.

മനസ്സ് അശാന്തമാണ്. കാറ്റും ചുഴലികളും നിറയുകയാണു മനസ്സിൽ. എത്ര തുഴഞ്ഞിട്ടും ചിന്തകളുടെ കടൽ നീന്തി മറുകരയെത്താൻ കഴിയുന്നില്ല. എത്ര കാതം നടന്നിട്ടും ഒരു മരുഭൂമി താണ്ടാൻ കഴിയുന്നില്ല.

തന്റെ മനസ്സ് ചിതറിപ്പോയിരിക്കുന്നു. ഒന്നിലും പൂർണമായി ശ്രദ്ധിക്കാൻ പറ്റുന്നില്ല. കൊട്ടാരകാര്യങ്ങളെല്ലാം ഒരു വിധത്തിൽ നിവർത്തിച്ചുപോരുന്നു എന്നേയുള്ളൂ. ക്ഷേത്രകാര്യങ്ങളും കോട്ടപണിയുടെ കാര്യങ്ങളും അങ്ങനെതന്നെ. മഹാരാജാവിന് അപ്രീതിയുണ്ടാവാതെ നോക്കണം.

പതിവായിട്ടുള്ള ക്ഷേത്രദർശനം മുടങ്ങി. സത്യാസത്യങ്ങളുടെ നൂലിഴകളിൽ ഞാന്നു കിടക്കുകയാണ് പൂർവവിശ്വാസങ്ങൾ. നൂലിഴ പൊട്ടാൻ തുടങ്ങുകയാണെന്നു തോന്നുന്നു.

ചിന്തകളിൽ നട്ടാലത്തമ്മ ചിലമ്പു കിലുക്കി നടക്കുന്നു. അരമണിയും കാൽച്ചിലമ്പും കിലുക്കി വെളിച്ചപ്പാടുകൾ ഉറഞ്ഞുതുള്ളുന്നു. കഴുത്തറുക്കപ്പെട്ട കുക്കുടവീരന്മാർ ചിറകുതല്ലിപ്പിടയുന്നു.

ഓർമകൾ കഠോരങ്ങളാകുന്നു. ചിന്തകൾക്കു തീപിടിക്കുന്നതുപോലെ തോന്നുന്നു. മനസ്സ് കലുഷിതമാകുന്നു.

ജോബ് സദാ നീലകണ്ഠനെ പിൻതുടരുന്നുണ്ട്. ജോബിന്റെ വിലാപങ്ങൾ കേൾക്കുന്നുണ്ട് നീലകണ്ഠൻ. അവന് ഇരട്ടിയായി തിരിച്ചുകിട്ടിയ സൗഭാഗ്യങ്ങൾ കാണുന്നുണ്ട്.

ജോബിന്റേതിനോടുപമിച്ചു നോക്കുമ്പോൾ തന്റെ കുടുംബത്തിന് അനുഭവിക്കേണ്ടിവന്ന കഷ്ടനഷ്ടങ്ങൾ എത്ര നിസ്സാരം. ഒരു പുൽക്കൊടിക്കു തുല്യം. ഒരു പഴുത്തിലയ്ക്കു സമാനം.

ജോബ് തന്റെ കഷ്ടനഷ്ടങ്ങളിൽ ദൈവത്തെ കൈവിട്ടില്ല. തന്റെ പീഡനങ്ങളിൽപ്പോലും ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. പക്ഷേ, താനോ...?

തന്നോടുതന്നെയുള്ള ആ ചോദ്യത്തിൽ നീലകണ്ഠൻ നടുങ്ങി. നിലയില്ലാക്കയത്തിലേക്ക് ആണ്ടുപോകുന്നതുപോലെ നീലകണ്ഠനു തോന്നി.

കടൽക്കരയിലേക്കിട്ട വഞ്ചിപ്പടവിലിരുന്ന് ജനങ്ങളെ പഠിപ്പിക്കുന്ന ഒരാളെ കാലങ്ങൾക്കു മുമ്പേന്നവണ്ണം നീലകണ്ഠൻ കാണുന്നു. മലഞ്ചെരുവിലെ പാറപ്പുറത്തിരുന്ന് ജനങ്ങളോടു വിജ്ഞാനം പ്രസംഗിക്കുന്ന ഒരാൾ. അവന്റെ മുഖത്ത് സൂര്യതേജസ്സും കണ്ണുകളിൽ നിലാവും വഴിയുന്നു. അവൻ വെളുത്ത കുപ്പായവും ചുവന്ന ഉത്തരീയവും ധരിച്ചിരുന്നു.

നീലകണ്ഠന് ഉറക്കം നഷ്ടപ്പെട്ടു. രാത്രികൾ നിദ്രാവിഹീനങ്ങളായി. നിലാവും നക്ഷത്രങ്ങളുമില്ലാത്ത രാത്രികളെ ഒരു വിധമാണ് നീലകണ്ഠൻ നീന്തിക്കടന്നത്.

രണ്ടുമൂന്നു ദിവസങ്ങൾക്കു ശേഷമാണ് ക്യാപ്റ്റൻ ഡിലനായി നീലകണ്ഠനെ കണ്ടത്. ഹൃദയംകൊണ്ടും ശരീരംകൊണ്ടും ഛിന്നഭിന്നമായിപ്പോയ ഒരാളെപ്പോലെയായിരുന്നു നീലകണ്ഠൻ. തിളക്കമറ്റതും ക്ലേശഭരിതവുമായിരുന്നു നീലകണ്ഠന്റെ കണ്ണുകൾ. അത് എവിടെയും ഉറച്ചുനില്ക്കാതെ ഉഴറിപ്പോകുന്നു. ഡിലനായി പറഞ്ഞു:

‘‘മിത്രമേ, എന്തിനാണ് നിങ്ങൾ ഇത്ര ക്ലേശമനുഭവിക്കുന്നതെന്ന് എത്ര ചിന്തിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. എന്റെ കാര്യംതന്നെ നോക്കൂ. ദേശാന്തരങ്ങൾക്കപ്പുറത്തുനിന്നു വ്യാപാരാർത്ഥം കപ്പലേറി വന്നവനാണു ഞാൻ. പക്ഷേ, നിർഭാഗ്യവശാൽ യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ടു. തിരുവിതാംകൂറിന്റെ തടവറയിൽ തടവുശിക്ഷയനുഭവിക്കേണ്ടിവന്നു. പക്ഷേ, ഭാഗ്യവശാൽ ഞാനിപ്പോൾ ഈ നാട്ടുരാജ്യത്തിന്റെ പടത്തലവനായിത്തീർന്നിരിക്കുന്നു. തിരുവിതാംകൂറുകാരനായിരിക്കുന്നു. നോക്കൂ, എന്റെയും എന്റെ പ്രിയപ്പെട്ട കുടുംബത്തിന്റെയും അന്ത്യവും ഇവിടെത്തന്നെ.”

നീലകണ്ഠൻ നേരിയൊരദ്ഭുതത്തോടെ ക്യാപ്റ്റൻ ഡിലനായിയുടെ മുഖത്തേക്കുറ്റുനോക്കി. ഡിലനായിയുടെ മുഖത്ത് കന്മഷമേതുമില്ലാത്ത ഒരു മന്ദഹാസമുണ്ടായിരുന്നു. ഡിലനായി തുടർന്നു:

‘‘നമ്മൾ ആഗ്രഹിക്കുന്നതുപോലെയോ നിശ്ചയിക്കുന്നതുപോലെയോ അല്ല ജീവിതത്തിന്റെ ഗതിവിഗതികൾ. അദൃശനായ ഒരാൾ എവിടെയോ ഇരുന്നു ചരടു വലിക്കുന്നുണ്ട്.”

“എനിക്കു മനസ്സിലാകുന്നുണ്ട് ക്യാപ്റ്റൻ” നീലകണ്ഠൻ ശബ്ദം താഴ്ത്തിപ്പറഞ്ഞു. നീലകണ്ഠന്റെ ശബ്ദത്തിനുപോലും വ്യതിയാനം സംഭവിച്ചിരിക്കുന്നുവെന്ന് ഡിലനായി അറിഞ്ഞു. പൊട്ടൽ വീണ ഒരു മൺപാത്രംപോലെയാണിപ്പോൾ നീലകണ്ഠൻ.

“മനുഷ്യബുദ്ധി അതിരുകളുള്ളതാണെന്നറിയുക. ആ അതിരുകൾക്കുള്ളിൽനിന്നേ അവനു ചിന്തിക്കാനോ പ്രവർത്തിക്കാനോ സാധിക്കുകയുള്ളൂ. ഒന്നറിയുക. ഒരു മനുഷ്യന്റെ ജീവിതത്തിൽ സംഭവിക്കുന്ന സകലതിനും കാരണങ്ങളുണ്ട്. പക്ഷേ, അതൊന്നും വിവേചിച്ചറിയാൻ മനുഷ്യനു കഴിഞ്ഞെന്നു വരില്ല.”


“ഇങ്ങനെയുള്ള കഷ്ടനഷ്ടങ്ങളുടെ സന്ദർഭങ്ങൾ വന്നുചേർന്നതിനെപ്പറ്റി ചിന്തിച്ചു മനഃക്ലേശമനുഭവിക്കാതെ എല്ലാം ദൈവത്തിൽ സമർപ്പിച്ച് സമാധാനത്തോടെയിരിക്കണം. ലോകത്തിൽ ദൈവം വെളിപ്പെടുത്തിയിട്ടുള്ളതും മനുഷ്യന്റെ ഗ്രഹണശക്തിക്ക് അതീതവുമായ ഒരുപാടു കാര്യങ്ങളുണ്ട്. അവയ്ക്കാണു ലോകരഹസ്യങ്ങളെന്നും വിശ്വസത്യങ്ങളെന്നും പറഞ്ഞുവരുന്നത്. സത്യദൈവവിശ്വാസവും ദൈവപ്രസാദവരപ്രാപ്തിയും ഭൗതികജീവിതത്തിലുണ്ടാകുന്ന സകല കഷ്ടാരിഷ്ടതകൾക്കും പ്രത്യൗഷധവും അനന്തമായ പരലോകസുഖപ്രാപ്തിക്കു കാരണവുമായിത്തീരുന്നു.”

“ബഹുമാന്യനായ കപ്പിത്താനേ, ഏറെ ദിവസങ്ങളായി ഞാൻ ഓരോന്നാലോചിച്ചു വിഷമിക്കുകയായിരുന്നു. ഒരർത്ഥത്തിൽ പറഞ്ഞാൽ ഒരു പാലാഴിമഥനം തന്നെയായിരുന്നു എന്റെ ഹൃദയത്തിൽ നടന്നത്. തെറ്റേത് ശരിയേത് എന്നു കണ്ടെത്താൻ എനിക്കു കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോഴെനിക്ക് ഒന്നു വ്യക്തമാകുന്നു. പൂർവമതവിശ്വാസങ്ങളെല്ലാം അബദ്ധമായിരുന്നെന്ന്.”

“നോക്കൂ നീലകണ്ഠാ, വേദോപനിഷത്തുകളും പുരാണങ്ങളും മഹാകാവ്യങ്ങളുമൊക്കെ പഠിക്കാൻ സാധിച്ച ഒരു മഹാഭാഗ്യവാനാണ് താങ്കൾ. ആദികാലത്ത് പ്രകൃതിശക്തികളെയാണു മനുഷ്യൻ ഭയത്തോടെ ആരാധിക്കാൻ തുടങ്ങിയത്. ഒരുപക്ഷേ, അത് പുരാതനശിലായുഗങ്ങളിൽനിന്നു തുടങ്ങിയതാവാം. അന്ന് അവനു കീഴടക്കാൻ പറ്റാത്തതിനെയൊക്കെ അവൻ ഭയത്തോടെ വീക്ഷിക്കാനും ആരാധിക്കാനും തുടങ്ങി. കൊടുങ്കാറ്റ്, മിന്നൽ, മേഘഗർജ്ജനം, പ്രളയം, സൂര്യചന്ദ്രാദികൾ, മഹാപർവതങ്ങൾ, ദുഷ്ടാത്മാക്കൾ എല്ലാം അവന് ആരാധനാമൂർത്തികളായി. അവയ്ക്കൊക്കെ അവൻ രൂപങ്ങളുണ്ടാക്കി ആരാധിക്കാൻ തുടങ്ങി. കാലക്രമേണ ആചാരങ്ങളും അനുഷ്ഠാനങ്ങളും രൂപപ്പെട്ടു. അതാണ് നമ്മൾ പിൻപറ്റിയത്. ഒന്നറിയുക, വിഗ്രഹാരാധനയും അനാചാരങ്ങളും ദൈവമായ കർത്താവിന് അഹിതങ്ങളാണ്. അത് അവന്റെ കോപത്തിനും നമ്മുടെ നാശത്തിനും ഇടയാക്കും.”

ശേഷം 18-ാംപേജിൽ

ബാലനോവൽ 9 രാമപുരം മണി



# ധനുമാസത്തിലെ പൗർണമി

ഒരുനാൾ രാജകൊട്ടാരത്തിൽപ്പോകണം. അവിടെപ്പോവുകയെന്നത് തന്നെ സംബന്ധിച്ച് ഒരു പ്രശ്നമേ അല്ലായിരുന്നു. അദൃശ്യനായിത്തന്നെ വേണമെങ്കിൽ അവിടെച്ചെല്ലാം. ആൾമാറാട്ടക്കാരനായി വേണമെങ്കിലും ചെല്ലാം. മന്ദരരാജ്യത്തിലെ സത്യധർമ്മരാജാവിന്റെ കൊട്ടാരം തന്നെ സംബന്ധിച്ചൊന്നുമല്ല. കൊട്ടാരത്തിൽ രാജസേവകനും കാവൽഭടന്മാരുമുണ്ടാകും. അങ്ങോട്ടു നേരിട്ടു കയറിച്ചെന്നാൽ രാജഭടന്മാർ തന്നെ തല്ലും.

"ആരാണു നീ" എന്നു ചോദിക്കും. ഉത്തരം പറഞ്ഞേ തീരൂ. അല്ലെങ്കിൽ അവർ തന്നെ ബലമായിപ്പിടിച്ച് രാജാവിന്റെ മുമ്പിൽ ഹാജരാക്കും.

"നീ ആരാണ്, എന്തിനിവിടെ വന്നു?" രാജാവു ചോദിക്കും.

'ഞാനൊരു രാക്ഷസനാണ്. സുഗന്ധി രാജകുമാരിയെ കാണാൻ വന്നതാണ്' എന്നു പറഞ്ഞാൽ തീർന്നു തന്റെ കഥ.

"ഹേയ് ആരവിടെ?"

"ഉത്തരവു തിരുമനസ്സേ."

"ഇവിടെവാടാ." രാജഭടൻ തന്നെ പിടിക്കാൻവരും.

"പോടാ കീടമേ..." താനവനെ കുടഞ്ഞെറിയും.



"തിരുമനസ്സേ ഇവൻ സാധാരണമനുഷ്യനല്ല അസാമാന്യബലവാൻ. ആൾമാറാട്ടക്കാരനാണെന്നു തോന്നുന്നു."

"ഉവ്വോ. ആരവിടെ..."

"ഉത്തരവ്."

"ഇവിടെവാടാ."

"ഞാനിവിടെത്തന്നെയുണ്ടു തിരുമനസ്സേ."

"മണ്ടശിരോമണീ, അവനാരാണെന്നു സൂക്ഷം അറിഞ്ഞിട്ടു തുറുങ്കിലടച്ചാൽ മതി." രാജകല്പന.

"ഉത്തരവ്."

"പറയാം രാജാവേ, അങ്ങേക്കു തിരുവുള്ളക്കേടുണ്ടാവരുത്. ഞാനൊരു രാക്ഷസനാണ്." രാക്ഷസപ്രവീണൻ കൂസലെന്യേ പറഞ്ഞു.

"ഒരു രാക്ഷസൻ എന്തിനാണിവിടെ അതിക്രമിച്ചു കയറിയത്... കൊല്ലവനെ. അവന്റെ ശിരസ് ഛേദിക്കൂ..." രാജകല്പന.

ഒരു ഭടൻ ഉറയിൽ നിന്നു വാളൂരി രാക്ഷസന്റെ കഴുത്തു നോക്കി ഒറ്റവെട്ട്... പക്ഷേ, അവന്റെ കണ്ഠം മുറിഞ്ഞില്ല. വാളൊടിഞ്ഞു രണ്ടു കഷണമായി. വെട്ടിയ ഭടൻ മോഹാലസ്യപ്പെട്ടു വീണു.

"ഹി...ഹി....ഹ...ഹ..." രാക്ഷസൻ ദിഗന്തങ്ങൾ പൊട്ടുമാറുച്ചത്തിൽ ആർത്തു ചിരിച്ചു.

കൊട്ടാരത്തിലെ ബഹളം കേട്ട് ആളുകൂടി. രാജസേവകൻ, ഭടന്മാർ, പ്രജകൾ, രാജ്ഞി സീമന്തിനി, മകൾ സുഗന്ധി രാജകുമാരി, ചെമ്പകം, ചാരുലത, മെയ്‌വർണൻ, കൈക്കരുത്തൻ, സൗമ്യശീലൻ, മന്ത്രി സോമദേവൻ. എന്താണിവിടെ സംഭവിക്കുന്നത്?

കേവലമൊരു രാക്ഷസൻ രാജാവിനെയും ഭടന്മാരെയും കബളിപ്പിച്ചു കളിക്കുന്നു.

"മന്ത്രീ സോമദേവാ, നാമിപ്പോൾ ഈ ദുർഘടസന്ധിയിൽ എന്തു ചെയ്യണം?"

"അങ്ങു സമാധാനമായിരിക്കണം മഹാരാജൻ. ഞാൻ ആ രാക്ഷസനുമായൊന്നു സംസാരിക്കട്ടെ." മന്ത്രി സോമദേവൻ രാജാവിനോടനുവാദം ചോദിച്ചു.

"ആയിക്കൊള്ളൂ മന്ത്രീ."

രാക്ഷസപ്രവീണൻ കലിതുള്ളിത്തന്നെ നിൽക്കുകയാണ്. ഇതിനിടെ തന്റെ പ്രേമഭാജനം സുഗന്ധിരാജകുമാരി വന്നു രാജാവിന്റെ സമീപം നിൽക്കുന്നതു പ്രവീണൻ കണ്ടു. സർവാഭരണവിഭൂഷിതയായി തന്റെ രാജകുമാരി... അവളുടെ സൗന്ദര്യം ഇരട്ടിച്ചിരിക്കുന്നു. അവളുടെ നിറം റോസാപ്പൂവിനു തുല്യമുള്ളതായിരിക്കുന്നു. എന്നാൽ ആ വദനത്തിൽ ദുഃഖത്തിന്റെ കരിങ്കാർമേഘങ്ങൾ...

ഒരുപക്ഷേ, താൻ രാക്ഷസപ്രവീണനാണെന്നവൾ മനസ്സിലാക്കിയിരിക്കും. ഇവിടെയിപ്പോൾ ഒരുപക്ഷേ, ഒരു സംഘർഷാവസ്ഥ അവൾ പ്രതീക്ഷിക്കുന്നില്ലായിരിക്കാം. തന്നെ ഭടന്മാർ അപകടപ്പെടുത്തുമോ എന്നവൾ ഭയപ്പെടുന്നുണ്ടാവാം...

"ഹേയ് രാക്ഷസാ." മന്ത്രി സോമദേവൻ വിളിച്ചു.

"എന്തോ."

"ഇങ്ങോട്ടൊന്നു വരൂ."

"അടിയൻ, ഉത്തരവ്." രാക്ഷസപ്രവീണൻ മന്ത്രി സോമദേവന്റെ സമീപം ചെന്നുനിന്നു.

"താങ്കൾ ഒരു രാക്ഷസനാണെന്നല്ലേ പറഞ്ഞത്. എന്താണു താങ്കളുടെ പേര്?"

"രാക്ഷസപ്രവീണൻ."

"ഓഹോ നല്ല പേരാണല്ലോ."

"നന്ദി, മന്ത്രിതിരുമനസ്സേ..."

"പ്രവീണൻ എന്തിനാണ് ഈ രാജകൊട്ടാരത്തിൽ ആൾമാറാട്ടക്കാരനായി അതിക്രമിച്ചു കടന്നത്?"

"എന്റെ പ്രാണേശ്വരിയെക്കാണാൻ. ഞാൻ പ്രണയിക്കുന്ന രാജകുമാരിയെ ഒരുനോക്കുകാണാൻ." പ്രവീണൻ തെല്ലുറക്കെയാണു സംസാരിച്ചിരുന്നത്. രാജാവടക്കം അവിടെക്കൂടിനിന്നവരെല്ലാം അതിശയപ്പെട്ടു നോക്കിനിന്നു.

*(തുടരും)*

# വെളളിത്തിരയിലെ പളളീലച്ചന്മാർ


*2-ാംപേജ് തുടർച്ച*

അതേസമയം, സിനിമയിലുള്ള മറ്റു വൈദികരെ അവതരിപ്പിച്ചിരിക്കുന്നത് ഇതിൽനിന്നു തീർത്തും വ്യത്യസ്തമായാണ്. മെത്രാനും അതിൽ ഉൾപ്പെടും. അരമനയിൽ തീറ്റയും കുടിയുമായി കഴിയുന്ന വൈദികരെയാണ് ഒന്നിൽക്കൂടുതൽ തവണ ചിത്രത്തിൽ അവതരിപ്പിക്കുന്നത്. കഴിവുകുറഞ്ഞ സഹവൈദികനെ തനിക്കുള്ള ഡോക്ടറേറ്റിന്റെ പേരിൽ പരിഹസിക്കുന്ന ഫാ. അജുവും കലിപ്പക്കരയ്ക്ക് ഫാ. എബിയെ ബലി കൊടുക്കുന്ന മെത്രാനും ജാമിന്റെ പേരിൽ തല്ലുകൂടുന്ന തടിച്ചുവീർത്ത വൈദികനും സാദാ പ്രേക്ഷകനു നല്കുന്ന ചിത്രവും സന്ദേശവും എന്തായിരിക്കും? നായകൻമാത്രം നന്നായാൽ മതി ബാക്കിയുള്ള വൈദികരെല്ലാം മറ്റു സിനിമകളിലേതുപോലെ മോശക്കാരായാൽ മതിയെന്നാണോ?

സ്വതേ ഭീരുവും ശാന്തനുമായിരുന്നിട്ടും പെട്ടെന്നൊരു നിമിഷത്തിലുള്ള ഫാ. എബിയുടെ വേഷപ്പകർച്ചയ്ക്കും യുക്തിയില്ല. എങ്ങനെ സാധിക്കുന്നു അത്? അയാളിലെ വിശുദ്ധിയും അദ്ഭുതസിദ്ധിയുമാണോ അതിനു കാരണം? ജെറുസലേം ദേവാലയത്തിലെ ക്രിസ്തുവിന്റെ ശുദ്ധീകരണവുമായി അതിനെ മറ്റൊരു കഥാപാത്രം ബന്ധിപ്പിക്കുന്നത് ന്യായീകരണം ഇല്ലാതാവുമ്പോഴുള്ള ഒഴികഴിവുമാത്രമായിട്ടേ അനുഭവപ്പെടുന്നുള്ളൂ. ഇങ്ങനെ പറയാൻ പലതുണ്ടെങ്കിലും, അക്കാദമിക് പാണ്ഡിത്യമോ വാഗ്വിലാസമോ സംഘാടകശേഷിയോ പണപ്പിരിവിനുള്ള കഴിവോ കെട്ടിടം പണിയാനുള്ള സാമർത്ഥ്യമോ അല്ല വൈദികന്റെ യഥാർത്ഥ ഗുണഗണങ്ങളെന്നും, വൈദികനിലൂടെ ദൈവത്തിലേക്കെത്താൻ അതൊന്നും കാരണങ്ങളെല്ലെന്നും, മറിച്ച്; ജീവിതവിശുദ്ധി, കാരുണ്യം, സ്നേഹം, ക്ഷമ തുടങ്ങിയവയാണ് ആളുകളെ ആകർഷിക്കുന്നതെന്നും, ഒരു നല്ല വൈദികനാകാൻ മറ്റൊന്നും ആവശ്യമില്ലെന്നുമാണ് വരയൻ നല്കുന്ന ശുഭോദർക്കമായ സന്ദേശം. അക്കണക്കിനു വരയൻ സമൂഹത്തിനു മുമ്പിൽ ഒരു വൈദികനെ മാതൃകയായി ഉയർത്തിക്കാണിക്കുന്നുമുണ്ട്.

മലയാളസിനിമയിൽ കണ്ടുശീലിച്ച വൈദികരിൽനിന്നെല്ലാം എബിയച്ചൻ വ്യത്യസ്തനാകുന്നുണ്ട്. സിജു വിൽസനിൽ സ്വാഭാവികമായി തോന്നുന്ന നിഷ്കളങ്കതയും സൗമ്യതയും ശാന്തതയും അനുകൂലഘടകങ്ങളുമാണ്. എങ്കിലും ഇതുമല്ല യഥാർത്ഥ വൈദികൻ എന്ന് ഉറപ്പായും പറയാം.

മുകളിൽ പരാമർശിച്ച നല്ലതും ചീത്തയും വികൃതവുമായ സിനിമകളിൽ കടന്നുവന്ന വൈദികരെല്ലാം യഥാർത്ഥ പൗരോഹിത്യത്തിന്റെ ഒരു വശം മാത്രമേ അവതരിപ്പിക്കുന്നുള്ളൂ; വെള്ളത്തിനടിയിലെ മഞ്ഞുകട്ടയുടെ ഒരു ഭാഗം മാത്രം കാണപ്പെടുന്നതുപോലെ. ഒന്നുകിൽ ഊതിവീർപ്പിച്ചതും വികൃതമാക്കപ്പെട്ടതും അല്ലെങ്കിൽ കാല്പനികവുമായ ചിത്രമാണ് വൈദികരെക്കുറിച്ച് മലയാളത്തിൽ അവതരിപ്പിക്കപ്പെട്ടതെല്ലാം. അതുകൊണ്ടുതന്നെ ഇതുവരെ വന്നതൊന്നുമല്ല വൈദികജീവിതം പറയുന്ന സിനിമയെന്ന് എനിക്ക് ഉത്തമബോധ്യമുണ്ട്. ഒരു യഥാർത്ഥ വൈദികന്റെ ജീവിതം ഇനിയും മലയാളത്തിൽ വരാനിരിക്കുന്നതേയുള്ളൂ. സ്വാഭാവികതയുള്ള, മാനുഷികതയുള്ള, ക്രിസ്തീയതയുള്ള, ആടുകളുടെ ചൂരുള്ള നല്ല ഇടയന്റെ കഥ. ■


**വിശുദ്ധ ദേവസഹായംപിള്ള**
**ഭാരതസഭയുടെ സൂര്യതേജസ്സ്**

*(ഭാരതത്തിലെ ആദ്യത്തെ അല്മായ രക്തസാക്ഷിയായ വിശുദ്ധ ദേവസഹായംപിള്ളയുടെ ജീവചരിത്രം)*




ഗ്രന്ഥകർത്താ : ഗിരീഷ് കെ. ശാന്തിപുരം
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 120/-


# കെ. സി. എസ്. എൽ. സംസ്ഥാന ഭാരവാഹികൾ

കൊച്ചി: കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ നേതൃത്വപരിശീലന ഇലക്ഷൻ ക്യാമ്പ് കൊച്ചി പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് നടത്തുകയുണ്ടായി. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത സംസ്ഥാന ക്യാമ്പ് കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡണ്ട് ബേബി തദേവൂസ് ക്രൂസ് അധ്യക്ഷത വഹിച്ചു.


അശ്വിൻ ആന്റോ
ചെയർമാൻ


അലീറ്റ മനോജ്
ജന. സെക്രട്ടറി

സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, ജനറൽ ഓർഗനൈസർ മനോജ് ചാക്കോ, വൈസ് പ്രസിഡന്റ് ജെമിൻ. ജെ. വാരാപ്പള്ളി, സെക്രട്ടറി ജൊവാന വിൻസന്റ് തുടങ്ങിയവർ പ്രസംഗിച്ചു. പാലാ സെന്റ് തോമസ് കോളജ് ഓഫ് റ്റീച്ചർ എഡ്യൂക്കേഷനിലെ പ്രഫസർ ഡോ. അലക്സ് ജോർജ് നേതൃത്വപരിശീലനക്ലാസ്സ് നയിച്ചു.

സംസ്ഥാന ചെയർമാനായി അശ്വിൻ ആന്റോ കെ.എസ്. (ചങ്ങനാശ്ശേരി) ജനറൽ സെക്രട്ടറിയായി അലീറ്റ മനോജ് (പാലാ) എന്നിവരെയും ഹയർ സെക്കണ്ടറി വിഭാഗം സെക്രട്ടറിമാരായി ജെർലിൻ ജോൺസ് (ഇടുക്കി), ജിസ്ന ജോസ് (ഇരിഞ്ഞാലക്കുട), ആനന്ദ് ജോ (കോതമംഗലം) എന്നിവരെയും ഹൈസ്കൂൾ വിഭാഗം സെക്രട്ടറിമാരായി ജിസി ഡാനിയേൽ (മാവേലിക്കര), ക്രിസ്റ്റീന വർഗീസ് (തിരുവനന്തപുരം മലങ്കര), കെവിൻ ബോസ് (കോട്ടപ്പുറം) എന്നിവരെയും യു.പി. വിഭാഗം സെക്രട്ടറിമാരായി എയ്ഞ്ചൽ സിലിയ (എറണാകുളം - അങ്കമാലി), ഐറിൻ ഡേവിഡ് (വരാപ്പുഴ), ഫിവ വി (തിരുവനന്തപുരം ലത്തീൻ), അൽവിൻ ജോസ് (കോട്ടയം) എന്നിവരെയും തിരഞ്ഞെടുത്തു.

# ഉയരങ്ങളിൽ ചിറകടിക്കാൻ!



ഫാ. ജോസഫ് നെച്ചിക്കാട്ട്

നമുക്കു സുപരിചിതമായ ഒരു പക്ഷിയാണല്ലോ കഴുകൻ. വളരെ ഉയരത്തിൽ പറക്കാൻ കഴിവുള്ള കഴുകന് ഒട്ടേറെ സവിശേഷതകളുണ്ട്.

കഴുകൻ കൂടുകെട്ടി മുട്ടയിടുക വളരെ ഉയർന്ന മരങ്ങളുടെ കവിളുകളിലാണ്. ചുള്ളിക്കമ്പുകൾ കോർത്തിണക്കി മനോഹരമായ കൂടുണ്ടാക്കാൻ കഴുകനു കഴിയും. മുട്ടവിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങളെ പട്ടുമെത്തയിലിരുത്തി പരിചരിക്കാൻ, തീറ്റികൊടുത്തു വളർത്താൻ കഴുകൻ കാണിക്കുന്ന അതിശ്രദ്ധ ആരെയും അതിശയിപ്പിക്കും.

ഇങ്ങനെയൊക്കെയാണെങ്കിലും പപ്പും തൂവലുംവച്ച് കുഞ്ഞുങ്ങൾ പറക്കാറാകുമ്പോൾ തള്ളയുടെ വിധം മാറും. അതു പതുക്കെ കൂടിന്റെ ചുള്ളിക്കമ്പുകൾ വലിച്ചൂരി എടുത്തു മാറ്റിത്തുടങ്ങും. തിരഞ്ഞെടുത്ത മരക്കൊമ്പുകൾ ചേർത്ത് കുഞ്ഞുങ്ങൾക്കു പ്രതിഷ്ഠാമണ്ഡപം തീർത്ത തള്ളതന്നെയാണ് ഇതു ചെയ്യുന്നതെന്നോർക്കണം. തീറ്റിതിന്നു കൂടുകളിൽ സുഖമായിക്കഴിഞ്ഞിരുന്ന കുഞ്ഞുങ്ങളിൽ അത് എന്തെന്നില്ലാത്ത അസ്വസ്ഥത ഉളവാക്കും. അവ അപശബ്ദമുണ്ടാക്കുകയും കമ്പുകളൂരുന്ന തള്ളയെ കൊത്താൻ ശ്രമിക്കുകയും ചെയ്യും. പക്ഷേ, തള്ള അതൊന്നും ഗൗനിക്കുകയേയില്ല. കുഞ്ഞുങ്ങളെ പൂർവോപരി അലോസരപ്പെടുത്തിക്കൊണ്ട് അവൾ അവയുടെ മുകളിൽക്കൂടി ചിറകടിച്ചു പറക്കുകയും കൂടുകുലുക്കി ഇളക്കുകയും പൊളിക്കുകയും ചെയ്തുകൊണ്ടേയിരിക്കും.



ഇരിക്കപ്പൊറുതിയില്ലാതെ കൂടുവിടാൻ തയ്യാറാകുന്ന കുഞ്ഞുങ്ങൾക്കു തള്ളക്കഴുകൻ തന്റെ ചിറകു വിരിച്ചു കാണിച്ചുകൊടുക്കുകയാണ്. മറ്റൊരു നിവൃത്തിയുമില്ലാതെ അവ തള്ളയുടെ ചിറകിലേക്കു കയറിപ്പറ്റും. കുഞ്ഞുങ്ങളെയുംകൊണ്ട് അവൾ സാവകാശം പൊങ്ങിയും താണും നീങ്ങിത്തുടങ്ങും. തള്ള പറന്നുതാഴുമ്പോൾ സ്വാഭാവികമായും കുഞ്ഞുങ്ങളുടെ ചിറകുകൾ വിരിഞ്ഞുപൊന്തും. അപ്പോൾ മാത്രമാണു തങ്ങൾക്കു ചിറകുകളുണ്ടെന്നും പറക്കാൻ കഴിയുമെന്നും കുഞ്ഞുങ്ങൾ മനസ്സിലാക്കുക. അവറ്റയും പതുക്കെ പറന്നുതുടങ്ങുന്നു. അങ്ങനെ പറന്നുപറന്ന് അനന്തതയിൽ അപ്രത്യക്ഷരാകുന്നു.

കുഞ്ഞുങ്ങളെ വളർത്തിവിടുന്ന കഴുകൻ വി. ഗ്രന്ഥത്തെയും ഒട്ടുവളരെ സ്വാധീനിച്ചിട്ടുണ്ട്. 'കൂടുചലിപ്പിക്കുകയും, കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും വിരിച്ച ചിറകുകളിൽ അവയെ വഹിക്കുകയും ചെയ്യുന്ന കഴുകനെപ്പോലെ' (നിയമാവർത്തനം 32:11) കർത്താവു നമ്മെ നയിക്കുന്നുവെന്നാണ് നാം അവിടെ വായിക്കുന്നത്.

നാം ഇരിക്കുന്ന കൂട് കുലുക്കപ്പെട്ടേക്കാം; അതു നമ്മിൽ അസ്വസ്ഥത സൃഷ്ടിക്കുകയും ചെയ്തേക്കാം. എന്നാലും, യഥാസമയം കർത്താവു നമ്മെ ചിറകുകളിൽ വഹിക്കുകയും 'അത്യുന്നതങ്ങളിൽ' എത്തിക്കുകയും ചെയ്യും. എല്ലാം നമ്മുടെ നന്മയ്ക്കുവേണ്ടിയുള്ള അനന്തപരിപാലനയുടെ ഭാഗങ്ങളാണെന്നാണു വർണഭംഗിയോടെ വി. ഗ്രന്ഥം അവിടെ അവതരിപ്പിക്കുന്നത്.

ജീവിതസായാഹ്നത്തിലെത്തിച്ചേരുന്നവരെ ഓരോരോ മാറാരോഗങ്ങൾ അലട്ടിത്തുടങ്ങുക സ്വാഭാവികമാണ്. മനസ്സുനിറയെ മയിൽപ്പീലി വിരിയുന്ന ഭാവനയുടെ നിമിഷങ്ങളിലാവും അപ്രതീക്ഷിതമായി ദീനരോഗാദികൾ കടന്നാക്രമിക്കുക. റെയിൽപ്പാതപോലെ നീണ്ടുനീണ്ടു കിടക്കുന്ന ജീവിതത്തിന്റെ ടെർമിനലുകളിൽ നിന്നെത്തുന്ന സിഗ്നലുകളാണവ. അപ്പോൾ ഓർമിക്കുക: കഴുകനെപ്പോലെ കർത്താവും കൂടു ചലിപ്പിച്ചു തുടങ്ങുന്നു - പറന്നുയരുവാനുള്ള സമയമായി വരുന്നു.

കൂടിളക്കിയില്ലെങ്കിൽ ഒരു കാലത്തും കുഞ്ഞുങ്ങൾ പറക്കാൻ പഠിക്കുകയില്ല. അവറ്റ അവിടെത്തന്നെ കഴിഞ്ഞുകൂടുകയേയുള്ളൂ.

വല്യപ്പച്ചനു പ്രായമായി. പഴയതുപോലെ കാര്യങ്ങൾ നീങ്ങുന്നില്ല. വിറയും വാതവും അലട്ടിത്തുടങ്ങുന്നു - അതോടൊപ്പം സന്ധിവേദനകളും പ്രഷറും പ്രമേഹവും. എങ്കിലും അത്തരം സന്ദർഭങ്ങളിൽ അസ്വസ്ഥനാകരുത്; പിറുപിറുക്കുകയും പരാതി പറയുകയും ചെയ്യരുത്. കർത്താവിന്റെ കാലൊച്ചകളാണവ. ജരാനരകൾ പ്രായാധിക്യത്തിന്റെ ഭാഗമാണെന്നല്ലേ പുരാണങ്ങൾ പറയുക.

തേഞ്ഞുമാഞ്ഞ മഞ്ഞപ്പല്ലുകളോടെ, ചുക്കിച്ചുളിഞ്ഞ പുറംചർമങ്ങളോടെ വാർദ്ധക്യം വന്നണയുമ്പോൾ അരനിമിഷംപോലും അറച്ചുനില്ക്കരുത്; ഗതകാലസ്മരണകളുമായി ഉറക്കംതൂങ്ങുകയുമരുത്. അന്യഗ്രഹജീവികളെപ്പോലെ ഇവിടെ ഒതുങ്ങിക്കഴിയുന്ന നാം മറ്റൊരു ലോകത്തിനുവേണ്ടിയാണു വിളിക്കപ്പെട്ടിരിക്കുന്നത്. കൂടുവിട്ടുപോകുവാനുള്ള ചൂളംവിളികളുയരുമ്പോൾ യാത്രയ്ക്കൊരുങ്ങിത്തുടങ്ങുകതന്നെവേണം. ഇതു വെറും ചുള്ളിക്കമ്പുകളുടെ കൂടാണ്, നിശ്ശേഷം നശിച്ചുപോകേണ്ട കൂട്. അനശ്വരമായ ഒന്ന് നമ്മെ കാത്തിരിക്കുന്നു.

ഒരു വയോവൃദ്ധന്റെ ആത്മഹത്യ അടുത്തനാളിൽ മാധ്യമങ്ങളിലെ വാർത്തയായിരുന്നല്ലോ. ആളിനു കലശലായ വയറുവേദന. വിദഗ്ധപരിശോധനയിൽ രോഗം കാൻസറാണെന്നു കണ്ടുപിടിക്കപ്പെട്ടു. ഇനി അധികകാലം ജീവിച്ചിരിക്കാനിടയില്ലെന്നു മനസ്സിലാക്കി വൃദ്ധൻ പിന്നെ കൂടുതലൊന്നും ആലോചിച്ചു സമയം കളഞ്ഞില്ല. കീടനാശിനി കലക്കിക്കുടിച്ച് ഉടനടി ആത്മഹത്യ ചെയ്തു!

സ്രഷ്ടാവു കൂടുകുലുക്കിത്തുടങ്ങിയെന്നതു സത്യമായിരുന്നു. പക്ഷേ, അബദ്ധം കാണിക്കാൻ പാടില്ലായിരുന്നു. എപ്പോഴാണു കൂടുവിടേണ്ടത് എന്നു തീരുമാനിക്കുന്നതു കഴുകൻകുഞ്ഞല്ല, തള്ളയാണ്. ശല്യമെന്നു കരുതി അനവസരത്തിൽ സാഹസം കാണിക്കുന്ന ഒരു കുഞ്ഞും രക്ഷപ്പെടുകയില്ല.

സൂചനകളേറ്റുവാങ്ങി സാവകാശമാണു തയ്യാറാവേണ്ടത്. അതുവരെ ഉള്ള കമ്പുകളിൽ ഉറച്ചിരിക്കുകയും വേണം. സമയമാകുമ്പോൾ തള്ളതന്നെ തള്ളിയിട്ടുകൊള്ളും. തീറ്റിതന്നു വളർത്തിയ തള്ളയല്ലേ അതു ചെയ്യുന്നത്? ഭയപ്പെടേണ്ട. എല്ലാം നന്മയ്ക്കായിട്ടാണ്.

കൂടുകുലുക്കി ഇളക്കുന്ന തള്ളയെ വിരട്ടാൻ വാ പിളർത്തുന്ന കുഞ്ഞുങ്ങളെപ്പോലെ നാമും എതിർത്തു നില്ക്കരുത്. എതിർത്തിട്ട് ഒരു കാര്യവുമില്ല. തന്റെ കുഞ്ഞുങ്ങളും കൂടുവിട്ട് തന്നെപ്പോലെ അനന്തവിഹായസ്സിൽ പറന്നുയരണമെന്നാണ് ഓരോ കഴുകനും ആഗ്രഹിക്കുക. അതിനുവേണ്ടി മാത്രമാണ് അതു കൂടു പൊളിക്കുന്നത്.

'തന്റെ ദൈവികജീവനിൽ നമ്മെ പങ്കുകാരാക്കാൻവേണ്ടിയാണ്' ദൈവവും ഈ 'കൂടു'കളിൽനിന്നു നമ്മെ വിളിച്ചിറക്കുന്നത്. സ്രഷ്ടാവിന്റെ അനന്തപരിപാലനയ്ക്കും പദ്ധതിക്കും നമുക്കു നമ്മെത്തന്നെ സന്തോഷപൂർവം വിട്ടുകൊടുക്കാം.

■




മാത്യൂസ് ആർപ്പൂക്കര

## പൊന്മാൻ

കേരളത്തിൽ സ്ഥിരവാസിയായി കാണപ്പെടുന്ന പൊന്മാൻ എന്ന മീൻകൊത്തി പശ്ചിമബംഗാളിന്റെ സംസ്ഥാനപക്ഷികൂടിയാണ്. സാധാരണയായി നദീതീരങ്ങളിലും ചതുപ്പുകളിലും തണ്ണീർത്തടപരിസരങ്ങളിലുമാണ് കാണാറെങ്കിലും കുറ്റിക്കാടുകളിലും കൃഷിസ്ഥലങ്ങളിലുമെല്ലാം ഇവയെത്താറുണ്ട്. ചിലപ്പോൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും കാണാം. ദേഹത്തിന്റെ ഉപരിഭാഗവും ചിറകിന്റെ ഏതാനും ഭാഗങ്ങളും വാലും നീലനിറമാണ്. തലയും കഴുത്തും ശരീരത്തിനടിവശവും ചോക്കലേറ്റ് നിറം. കഴുത്തിന്റെ അടിഭാഗം, നെഞ്ച് എന്നിവയ്ക്കു തൂവെള്ളനിറം. തടിച്ചുനീണ്ട കൊക്കിനും കാലിനും ചുവപ്പുനിറം. ആൺപെൺ പക്ഷികളെ തിരിച്ചറിയുക പ്രയാസം തന്നെ. കുഞ്ഞുങ്ങൾക്കു മങ്ങിയ നിറമാണ്. ശാസ്ത്രനാമം: ഹാൽസിയോൺ സ്മിർനെൻസിസ്.

**മീൻകൊത്തിച്ചിന്നൻ**

കേരളത്തിൽ കണ്ടുവരുന്ന അപൂർവയിനം മീൻകൊത്തിയാണിത്. അതായത്, ഏറ്റവും ചെറിയ മീൻകൊത്തിതന്നെ. ഇപ്പോൾ തട്ടേക്കാടും മറ്റും ഇവയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽത്തന്നെ പൊന്മാനുകളിൽ ഈ പക്ഷിയാണ് ഏറ്റവും ചെറുത്. മഴക്കാടുകളിലെ നദീതീരങ്ങളിലാണു താവളം.

**പൊടിപ്പൊന്മാൻ**

പൊടിപ്പൊന്മാൻ, മീൻകൊത്തിച്ചിന്നനോടു സാമ്യമുള്ള പക്ഷിയാണ്. ഇത് അതിവേഗം പറക്കുന്നു. മറ്റു മീൻകൊത്തികളെപ്പോലെയാണു ഭക്ഷണക്രമം.



അങ്ങാടിക്കുരുവിയുടെ വലിപ്പമേയുള്ളൂ. ആൺപെൺ പക്ഷികൾ മാറിമാറി അടയിരിക്കുന്നു.

**പുള്ളിപ്പൊന്മാൻ**

പൊന്മാനുകളിൽ വ്യത്യസ്ത നിറമുള്ളവയാണിവ. വെള്ളയും കറുപ്പുനിറവും മാത്രമുള്ള ഏക മീൻകൊത്തിയാണിത്. ദേഹത്തിന്റെ മുകൾഭാഗം കറുപ്പും വെള്ളയും വരയും പുള്ളികളും നിറഞ്ഞിരിക്കും. അടിഭാഗം ഏതാണ്ട് വെള്ളയാണ്. കൊക്കുകൾക്കും കാലിനും കറുപ്പുനിറം. തലയിൽ ശിഖയുണ്ട്. അന്തരീക്ഷത്തിൽ പറക്കാതെ നിൽക്കാൻ ഇവയ്ക്കു സാധിക്കുന്നു. ഇങ്ങനെ നിന്നുകൊണ്ട് ഇരയുടെ സാന്നിധ്യം മനസ്സിലാക്കുന്നു. പിന്നെ താഴേക്കു പറന്ന് ഞൊടിയിടയിൽ ഇരയെ പിടികൂടുകയാണു തന്ത്രം. ഒറ്റയ്ക്കാണു സഞ്ചാരം. ഇംഗ്ലീഷ് പേര്: Pied King fisher ശാസ്ത്രനാമം: Ceryle rudis

**കാക്കമീൻകൊത്തി**

കേരളത്തിൽ കണ്ടുവരുന്ന വലിയ തരം പൊന്മാനാണിത്. സാധാരണയായി വനമേഖലയിലാണു വാസം. ഇതിന്റെ കൊക്കുകൾ വലിപ്പമുള്ളതാണ്. ചുവപ്പുനിറവും. മീനും ഞണ്ടും തവളയും അടങ്ങുന്ന ജലജീവികൾതന്നെ ആഹാരം. ഇംഗ്ലീഷ്പേര് Stork-billed Kingfisher എന്നാണ്. ഈ പക്ഷിവംശനാശഭീഷണിയിലാണ്.

ഇന്ത്യയിൽ പന്ത്രണ്ടോളം ഇനം പൊന്മാനുകളെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയിൽ പകുതിയോളം കേരളത്തിലും വസിക്കുന്നുണ്ട്.

ലോകത്താകെ തൊണ്ണൂറോളം ഇനം പൊന്മാനുകളുണ്ടെന്നാണു കണക്കുകൾ. അവയ്ക്ക് അതിവേഗം പറക്കാനാവുന്നു. ജലജീവികളും മറ്റുമാണ് ആഹാരം. അവ മൺപൊത്തുകളിലോ മരപ്പൊത്തുകളിലോ കൂടുകൂട്ടുന്നു. അവയിൽ അങ്ങാടിക്കുരുവിയുടെ വലിപ്പംമുതൽ പരുന്തിന്റെ വലിപ്പംവരെയുള്ള ഒട്ടനവധി ജാതികളുണ്ട്.

# മണ്ണും മനുഷ്യനും മനസ്സും

3-ാംപേജ് തുടർച്ച

ചക്കയുടെ ഉത്പാദനത്തിൽ ഇന്ത്യൻസംസ്ഥാനങ്ങളിൽ കേരളം ആറാമതാണ്. ത്രിപുരയാണ് പ്ലാവിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാമത്. ആസാം, പശ്ചിമബംഗാൾ, ഒറീസ, മധ്യപ്രദേശ്, കർണാടക, കേരളം, തമിഴ്നാട്, മഹാരാഷ്ട്ര എന്നിങ്ങനെ പോകുന്നു മറ്റു സംസ്ഥാനങ്ങൾ.

**വിയറ്റ്നാം സൂപ്പർ ഏർലി**

പ്ലാവുകളിൽ ഇന്നത്തെ താരം വിയറ്റ്നാം സൂപ്പർ ഏർലിയാണ്. ചക്കച്ചുളയുടെ നിറത്തിൽ രണ്ടു തരമുണ്ട്. യെല്ലോയും റെഡും. ഒന്നരവർഷംകൊണ്ട് രണ്ടിനവും കായ്ക്കും. രണ്ടാംവർഷംമുതൽ നിശ്ചയമായും കായ്ഫലം തരും. സ്ലിംബ്യൂട്ടിയായതുകൊണ്ട് 10'X10' അകലത്തിൽ കൃഷി ചെയ്യാം.

കൃഷി ചെയ്യുമ്പോൾ നല്ല സൂര്യപ്രകാശമുള്ള സ്ഥലം തിരഞ്ഞെടുക്കണം. ശാസ്ത്രീയമായ റബർകൃഷി ചെയ്യുന്നതുപോലെ.

നടാനുള്ള കുഴി രണ്ടടി ആഴം വേണം. കുഴിക്കുമ്പോൾ കിട്ടുന്ന മണ്ണ് ഒരുവശത്തു കൂട്ടുക. അതിൽ അഞ്ചു കിലോ ചാണകപ്പൊടി, അര കിലോ വേപ്പിൻപിണ്ണാക്ക് എന്നിവ അരക്കിലോ കടലപ്പിണ്ണാക്ക് ചേർത്തിളക്കുക. മണ്ണും വളവും കൂട്ടിച്ചേർത്തതു കുഴിയിലിട്ടു മൂടുക. അതിന്റെ മുകളിൽ ഒരു മീറ്റർ വ്യാസത്തിൽ കൂനയെടുക്കുക. കൂനയുടെ മുകളിൽ തൈ ഇറക്കിവയ്ക്കാൻ പാകത്തിൽ ചെറിയ കുഴിയെടുക്കുക. അല്പം ചാണകപ്പൊടിയും മണ്ണുമായി കൂട്ടിക്കലർത്തുക. അതിൽ പ്ലാസ്റ്റിക് മുറിച്ചുമാറ്റി പ്ലാവിൻ തൈ ഇറക്കിവയ്ക്കുക. വശങ്ങളിൽനിന്നു മണ്ണിട്ടു മൂടുക.

മണ്ണുനിരപ്പിൽനിന്ന് 50 സെന്റീമീറ്റർ ഉയരത്തിലായിരിക്കണം ബഡ് സന്ധി നിൽക്കേണ്ടത്. ബഡ് സന്ധി മണ്ണിനടിയിലായാൽ ഫംഗസ് ബാധിച്ചു



തൈ ഉണങ്ങിപ്പോകാൻ സാധ്യതയുണ്ട്.

രണ്ടു മാസം കൂടുമ്പോൾ 250 ഗ്രാം ചാണകപ്പൊടി ചുവട്ടിൽ നിന്ന് അല്പം അകലത്തിൽ തള്ളിക്കൊടുക്കുക.

ഒന്നരവർഷംകൊണ്ട് 12" ഉയരത്തിലെത്തിയാൽ തലഭാഗം മുറിച്ചുവിടുക. കാറ്റത്ത് ഒടിയാതിരിക്കാനാണിത്. കൂടാതെ, തടിക്കും കമ്പിനും കരുത്തുണ്ടാകും. തടിയിലും കമ്പിലും ചക്ക കായ്ക്കും.

ഇന്ത്യയിൽ ഫലവൃക്ഷകൃഷി വ്യാപകമാക്കണം. ഫലവൃക്ഷങ്ങളുടെ ഏദൻതോട്ടമാക്കാം ഇന്ത്യയെ. അതിന് ഇന്ത്യൻ കർഷകൻ മനസ്സുവയ്ക്കണം.

ഒന്നാം ഗ്രീൻ റെവല്യൂഷനിലൂടെ ഇന്ത്യയുടെ ദാരിദ്ര്യം മാറി. ഗോതമ്പിന്റെയും നെല്ലിന്റെയും കരിമ്പിന്റെയും ഉത്പാദനം കൂട്ടി. മനുഷ്യർ വയറു നിറച്ച് ഗോതമ്പും കഞ്ഞിയും കുടിക്കാൻ തുടങ്ങി. അതോടെ പ്രമേഹം വർദ്ധിച്ചു. അങ്ങനെ പ്രമേഹരോഗികളുടെ കാര്യത്തിൽ ഇന്ത്യ നമ്പർ വൺ ആയിത്തീർന്നിരിക്കുന്നു. ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാമതും.

പ്രമേഹത്തെ ബാലൻസ് ചെയ്യണമെങ്കിൽ ഫലങ്ങളുടെ ഉപയോഗം കൂട്ടണം. അതിൽ പച്ചച്ചക്കയാണ് ഉത്തമം. ദിവസത്തിൽ ഒരുനേരം ചക്കയാഹാരം ശീലമാക്കുക. പച്ചച്ചക്കപ്പൊടി ഏത് ആഹാരത്തിലും മേമ്പൊടിയായി ചേർത്തു പതിവായി കഴിക്കുക. ഫൈബർ, വൈറ്റമിൻസ്, മിനറൽസ് തുടങ്ങിയവ ക്രമമായി ശരീരത്തിൽ ലഭിച്ചുകൊണ്ടിരിക്കും. രോഗപ്രതിരോധശേഷി വർദ്ധിക്കും. മെച്ചപ്പെട്ട ആരോഗ്യമുണ്ടാകും. ആരോഗ്യമുള്ള തലമുറ രാജ്യത്തുണ്ടാകും. അതോടൊപ്പം കർഷകരുടെ വാർഷികവരുമാനം വർദ്ധിക്കും. തൊഴിൽദിവസങ്ങൾ കൂടും. അതുകൊണ്ട് കർഷകനൊരു കൈത്താങ്ങ്. 'പറമ്പിൽ പത്ത് പ്ലാവു പദ്ധതി' നടപ്പാക്കുക.

**ഭക്ഷ്യസുരക്ഷ**

ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ ഇന്ത്യ ഇനിയും മുന്നേറേണ്ടതുണ്ട്. ലോകാരോഗ്യസംഘടനയുടെ കീഴിൽ ലോകത്തിലെ 116 രാജ്യങ്ങളിൽ നടത്തിയ ഭക്ഷ്യസുരക്ഷയെപ്പറ്റിയുള്ള സർവേയിൽ ഇന്ത്യയുടെ സ്ഥാനം നൂറ്റിയൊന്നായിരുന്നു. പാക്കിസ്ഥാനും നേപ്പാളും ബംഗ്ലാദേശും ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ ഇന്ത്യയുടെ മുമ്പിലാണ്. ഫലവൃക്ഷക്കൃഷിയെ സർക്കാർ പ്രോത്സാഹിപ്പിക്കുകയും ഇന്ത്യൻ കർഷകർ അതേറ്റെടുക്കാൻ തയ്യാറാവുകയും ചെയ്യണം.

**ഗ്രീൻവേൾഡ് ക്ലീൻവേൾഡ് ഫൗണ്ടേഷൻ**

ഇന്ത്യയിൽ കൃഷിക്കാരുടെ ഇടയിൽ പ്ലാവുകൃഷി വ്യാപിപ്പിക്കുകയാണ് ഫൗണ്ടേഷന്റെ ഉദ്ദേശ്യം. നാടൻപ്ലാവിനെക്കാൾ അത്യുത്പാദനശേഷിയുള്ള പ്ലാവിനങ്ങളാണ് കാലഘട്ടത്തിന്റെ ആവശ്യം. പണ്ടു തടിക്കുവേണ്ടിയായിരുന്നു പ്ലാവു നട്ടിരുന്നതെങ്കിൽ ഇന്ന് ചക്കയ്ക്കുവേണ്ടിയാണ് പ്ലാവുകൃഷി ചെയ്യുന്നത്. നാടൻ പ്ലാവിന്റെ കൊമ്പത്ത് ചക്ക കായിച്ചാൽ പറിക്കാൻ ആളില്ല. പറിക്കണമെങ്കിൽ അമിതകൂലി. ഈ പശ്ചാത്തലത്തിലാണ് രണ്ടു വർഷത്തിനുള്ളിൽ കായ്ഫലം തരുന്നതും വർഷത്തിൽ രണ്ടു തവണ കായ്ക്കുന്നതുമായ വിയറ്റ്നാം സൂപ്പർ ഏർലി ബഡ് പ്ലാവിനെ ഫൗണ്ടേഷൻ പ്രോത്സാഹിപ്പിക്കുന്നത്.

മാർക്കറ്റിൽ 200, 250, 300 രൂപ നിരക്കിലാണ് പ്ലാവിൻതൈകൾ വിറ്റുകൊണ്ടിരിക്കുന്നത്. എന്നാൽ, ഫൗണ്ടേഷൻ 60 മുതൽ 70 വരെ സബ്സിഡിയോടുകൂടി പ്ലാവിൻതൈകൾ കർഷകർക്കു വിതരണം ചെയ്തുവരുന്നു.

■




15-ാംപേജ് തുടർച്ച

"സുഹൃത്തേ, താങ്കൾ പറയുന്നതെല്ലാം കളങ്കമില്ലാത്ത സത്യമാണെന്നു ഞാൻ മനസ്സിലാക്കുന്നു. പക്ഷേ, സത്യവിശ്വാസമുണ്ടാകുന്നതിന് ഞാൻ എന്താണു ചെയ്യേണ്ടത്?"

ക്യാപ്റ്റൻ ഡിലനായി നീലകണ്ഠന്റെ കണ്ണുകളിലേക്കു നോക്കി. പ്രതീക്ഷയുടെ പ്രകാശമാനമായ രണ്ടു നക്ഷത്രങ്ങൾ ആ കണ്ണുകളിൽ തിളങ്ങുന്നു. നീലമേഘങ്ങൾ ചിന്നിയ ആകാശമായിരുന്നപ്പോൾ. ഉഷ്ണലേശമില്ലാത്ത ചെറുകാറ്റിൽ വേപ്പുമരങ്ങൾ ഉലയുന്നു. ക്യാപ്റ്റൻ ഡിലനായി പറഞ്ഞു:

"പ്രിയമിത്രമേ, ശ്രദ്ധിച്ചു കേൾക്കൂ. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യർക്കു സംഖ്യയില്ല. അവനാൽ വിളിക്കപ്പെട്ടവർ അനേകവും തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കവുമാണ്. തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരുവനാണ് താങ്കളെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു."

"തന്നാൽത്തന്നെ സൃഷ്ടിക്കപ്പെട്ട്, ലോകത്തിന്റെ പാപപരിഹാരത്തിനായി താൻതന്നെ ബലിയായിത്തീർന്ന രക്ഷകനായ യേശുവിന്റെ സ്നേഹസാഗരത്തിലെ ഒരു തുള്ളി ജലത്താൽ താങ്കളുടെ ഹൃദയമാലിന്യങ്ങളെ തുടച്ചുമാറ്റി അങ്ങയെ നിർമ്മലനായിത്തീർത്തിരിക്കുന്നു എന്നു ഞാൻ കരുതുന്നു."

ക്യാപ്റ്റൻ ഡിലനായിയുടെ വാക്കുകൾ സ്നിഗ്ധമായ ഒരു തൂവൽത്തലോടൽപോലെ നീലകണ്ഠനു തോന്നി. എവിടെയോ സീദാർമരങ്ങളിൽ നീഹാരമഴ തുള്ളിയിടുകയാണ്. ഇപ്പോൾ സീദാർമരങ്ങൾ പെയ്യുകയാണ്.

"ഇനിയും ഞാൻ എന്താണു ചെയ്യേണ്ടതെന്നു മാത്രം താങ്കൾ പറഞ്ഞില്ല." നീലകണ്ഠൻ ജിജ്ഞാസുവായി. ക്യാപ്റ്റൻ ഡിലനായി പറഞ്ഞു:

"ഞാനൊരു കത്തു തരാം. ആ കത്തുമായി വടക്കുംകുളത്ത് ഇടവക ഭരിക്കുന്ന ഫാദർ ബുട്ടാരിയെ കാണുക. പരമസാത്വികനായ ആ വൈദികൻ താങ്കൾ എന്താണു ചെയ്യേണ്ടത് എന്നു പറഞ്ഞുതരും."

നീലകണ്ഠൻ പത്മനാഭപുരത്ത് അന്നു ചെയ്തുതീർക്കേണ്ട ജോലികളെല്ലാം ചെയ്തുതീർത്ത്, ക്യാപ്റ്റൻ ഡിലനായി കൊടുത്ത കത്തുമായി തന്റെ കുതിരപ്പുറത്ത് വടക്കുംകുളത്തേക്കു തിരിച്ചു.

നേരം ചാഞ്ഞ നേരമായിരുന്നു. പടിഞ്ഞാറെ ആകാശത്ത് സ്വർണമരങ്ങൾ പൂത്തുകിടന്നു. ഹേമവർണാങ്കിതമായ ആകാശം തൂവൽമഴ പെയ്യിക്കുകയാണെന്ന് നീലകണ്ഠനു തോന്നി.

തന്റെ കുതിര കുളമ്പുകൾ വയ്ക്കുന്നത് പുതിയൊരു സത്യത്തിന്റെ പുൽമേടുകളിലേക്കാണ്. ജറുസലേമിലെ പുൽമേടുകളിൽ രോമം കത്രിച്ച ചെമ്മരിയാട്ടിൻ പറ്റങ്ങൾ മേഞ്ഞു നടക്കുന്നു. ബത്‌ലഹേമിലെ കാലിത്തൊഴുത്തിനു മുകളിൽ ഒരടയാളനക്ഷത്രം നിശ്ചലം നില്ക്കുന്നത് നീലകണ്ഠൻ കണ്ടു.

അലയടങ്ങിയ സമുദ്രംപോലെയായിരുന്നു നീലകണ്ഠന്റെ മനസ്സ്. അതിപ്പോൾ കാറ്റിലും കോളിലും പെട്ടുഴലുന്നില്ല. ചുട്ടുപഴുത്ത മണലാരണ്യംപോലെ തപിക്കുന്നില്ല. ശാന്തിയുടെ വെൺപിറാവുകൾ ചിറകനക്കുന്നത് ഹൃദയത്തിൽ നീലകണ്ഠൻ കേട്ടു.

നവ്യമായൊരറിവിന്റെ പുലർവെട്ടമാണ് തന്റെ മനസ്സിലിപ്പോൾ. യഥാർത്ഥ ദൈവം ആരാണെന്നും എന്താണ് ദൈവതത്വമെന്നും തനിക്കു മനസ്സിലാകുന്നതിപ്പോഴാണ്.

ക്യാപ്റ്റൻ ഡിലനായിയോടുള്ള നന്ദി എത്ര പറഞ്ഞാലും മതിയാവില്ല. പരദേശിയായ ആ മനുഷ്യനാണ് തന്നെ വെളിച്ചത്തിലേക്കു കൈപിടിച്ചുനടത്തിയത്. മനുഷ്യരുടെ അന്ത്യമെങ്ങനെയെന്നും ഈ പ്രപഞ്ചത്തെയും സകലജീവജാലങ്ങളെയും സൃഷ്ടിച്ചു പരിപാലിക്കുന്നതിൽ ദൈവത്തിന്റെ ലക്ഷ്യമെന്തെന്നും തനിക്കു വെളിപ്പെടുത്തിത്തന്നതും ഡിലനായിയാണ്. ആചാരങ്ങളും അനാചാരങ്ങളും തരംതിരിച്ച് ബോധ്യപ്പെടുത്തിത്തന്നതും അദ്ദേഹമാണ്.

വളരെ സാവധാനമാണ് നീലകണ്ഠന്റെ കുതിര വടക്കുംകുളത്തേക്കു ചുവടുവച്ചത്. വടക്കുംകുളം ദൈവാലയത്തിൽ നീലകണ്ഠനെത്തിയപ്പോഴേക്കും സന്ധ്യ നിഴൽ വിരിച്ചിരുന്നു.

(തുടരും)

**ശ്രേഷ്ഠമലയാളം**

# ജീവച്ഛവം

ഡോ. ഡേവിസ് സേവ്യർ



1970 ലെ ലിപിപരിഷ്കരണം മുതലാണ് അക്ഷരങ്ങളിൽ അപഭ്രംശങ്ങൾ കണ്ടുതുടങ്ങിയത്. അക്ഷരവിന്യാസത്തിൽ കടന്നുകൂടിയ പിശകുകൾ ക്രമേണ പദയോഗങ്ങളെയും ബാധിച്ചു. അതോടെ എങ്ങനെ എഴുതിയാലും തരക്കേടില്ല എന്ന മനോഭാവത്തിനു പ്രാബല്യം കിട്ടി. ആശയം തെറ്റാതിരുന്നാൽപ്പോരെ? എന്ന മട്ടിലായി എഴുത്തുരീതികൾ. ഇക്കാര്യത്തിൽ എല്ലാ നിയമങ്ങളെയും കാറ്റിൽപ്പറത്തുന്ന ലേഖനവഴക്കങ്ങൾ സമൂഹമാധ്യമങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

'ജീവശവം' എന്ന സമസ്തപദം ആശയനിവേദനം നിർവഹിക്കുന്നതിനാൽ തെറ്റില്ല എന്നു കരുതുന്ന സമൂഹമാണ് ഇന്നുള്ളത്. നവീനബോധനസമ്പ്രദായം അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നൂറ്റാണ്ടുകൾകൊണ്ട് പരിണമിച്ചുവന്ന ലേഖകങ്ങൾ ശിഥിലമാകാൻ ഇതൊക്കെ ധാരാളം മതിയല്ലോ! 'ജീവശവം' എന്ന പദത്തിന്റെ നിഷ്പത്തി പരിശോധിക്കാം. ഇവിടെ പൂർവപദം ജീവ എന്നല്ല; 'ജീവത്' എന്നാണ്. അതിനോടാണ് ഉത്തരപദമായി ശവം ചേരുന്നത്. ജീവത്, ശവം എന്നീ രണ്ടു വാക്കുകൾ സമാസിക്കമ്പോൾ ജീവച്ഛവം എന്നു വരും. ജീവത് + ശവം = ജീവച്ഛവം. ജീവത് എന്ന ധാതു ശ, ച എന്നീ വർഗ്ഗാക്ഷരങ്ങൾക്കു മുമ്പിൽ ജീവച് എന്നാകും. 'സ, ത വർഗങ്ങൾ മാറീടും ശ, ചവർഗങ്ങളായി തഥാ'* എന്നാണല്ലോ നിയമം. അങ്ങനെ ജീവച്ശവം എന്നാകുന്നു. അതു പിന്നീട് "പദാന്തമാം ഖരം പൂർവ്വം സ്വരം ശിഥിലമോ പരം. ശകാരമിമ്മട്ടിൽ വന്നാൽ ഛകാരാദേശമേറ്റിടും"** എന്ന നിയമപ്രകാരം ജീവച്ഛവം എന്നായിത്തീരുന്നു. ഈ മാറ്റത്തെ ഇങ്ങനെ രേഖപ്പെടുത്താം. ജീവത് → ശവം → ജീവച് → ശവം → ജീവച്ഛവം → ജീവച്ഛവം. 'ജീവശവം', 'ജീവശ്ശവം', 'ജീവശ്ചവം' മുതലായവ തെറ്റായ രൂപങ്ങളാണ്. ജീവച്ഛവം എന്ന ഒറ്റപ്പദത്തിന്; ജീവനുണ്ടെങ്കിലും മരിച്ചതിനു സമമായിത്തീർന്ന വ്യക്തി, ചൈതന്യമില്ലാത്ത ആൾ, മൃതതുല്യൻ എന്നെല്ലാമാണ് അർത്ഥം. സത് + ശീലം, സച്ഛീലമാകുന്നതും മേൽപ്പറഞ്ഞ നിയമമനുസരിച്ചു തന്നെ. വ്യാകരണം പഠിച്ചില്ലെങ്കിലും ഭാഷാബോധം ഇല്ലാതെ പദസൃഷ്ടിക്ക് ഇറങ്ങിപ്പുറപ്പെടരുതെന്നാണല്ലോ ഇവയൊക്കെ വ്യക്തമാക്കുന്നത്.

* രാജരാജവർമ, ഏ. ആർ., മണിദീപിക, കേരള സാഹിത്യ അക്കാദമി, 1987, പുറം - 37

** രാജരാജവർമ, ഏ. ആർ., മണിദീപിക, കേരള സാഹിത്യ അക്കാദമി, 1987, പുറം - 40

# പേരറിവാളന്റെ മോചനം സമാനതകളില്ലാത്ത വിധിന്യായം



പ്രഫ. റോണി കെ. ബേബി

**മു**ൻ പ്രധാനമന്ത്രിയും ഇരുപത്തൊന്നാം നൂറ്റാണ്ടിലെ വികസിത ഇന്ത്യയെ സ്വപ്നങ്ങളിലൂടെ താലോലിക്കുകയും ചെയ്ത രാജീവ് ഗാന്ധിയുടെ രക്തസാക്ഷിത്വവാരത്തിൽത്തന്നെ രാജീവ് വധക്കേസിൽ പ്രതിചേർത്തു ശിക്ഷിക്കപ്പെട്ട പേരറിവാളൻ സ്വതന്ത്രനായി വിട്ടയയ്ക്കപ്പെടുന്നുവെന്നത് വല്ലാത്തൊരു യാദൃച്ഛികതതന്നെയാണ്. പേരറിവാളന്റെ മോചനത്തെ പൗരാവകാശപ്പോരാട്ടങ്ങളുടെ വിജയമായി ഒരു വിഭാഗം ചിത്രീകരിക്കുമ്പോൾ, അദ്ദേഹത്തെ കുറ്റവിമുക്തനാക്കിയിട്ടില്ല എന്നും രാജ്യത്തെ മുൻ പ്രധാനമന്ത്രിയെ വധിച്ച കേസിൽ അദ്ദേഹത്തിനുമേൽ ചുമത്തപ്പെട്ട കുറ്റങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടതാണെന്നും അദ്ദേഹത്തിനു വീരപരിവേഷം നൽകുന്നതു ശരിയല്ലെന്നും മറ്റൊരു വിഭാഗവും വാദിക്കുന്നുണ്ട്. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ഒരു വ്യക്തിക്കു കൃത്യമായ സമയപരിധിക്കുള്ളിൽ ശിക്ഷ നടപ്പാക്കപ്പെട്ടിട്ടില്ല എങ്കിൽ ശിക്ഷയിൽനിന്ന് ഇളവു ലഭിക്കുന്നതിനുള്ള സ്വാഭാവികാവകാശമുണ്ടെന്നും ഒരു കുറ്റകൃത്യത്തിനും ഇരട്ടശിക്ഷ പാടില്ലെന്നുമുള്ള നിയമതത്ത്വങ്ങളാണ് സുപ്രീം കോടതി ഇവിടെ പരിശോധിച്ചത്.

ഒരുപക്ഷേ, ഇന്ത്യയുടെ നീതിന്യായചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു അധ്യായമാണ് രാജീവ് ഗാന്ധി വധക്കേസിലെ വിചാരണകളും നിയമപോരാട്ടങ്ങളും, അവസാനം അപൂർവങ്ങളിൽ അപൂർവമായ കോടതി ഇടപെടലുകളും. നീതിയും ന്യായവും ഉറപ്പാക്കാൻ ഭരണഘടനയുടെ 142-ാം അനുച്ഛേദം നല്കുന്ന പ്രത്യേകാധികാരം ഉപയോഗിച്ചാണ് അത്യപൂർവമായ സുപ്രീംകോടതിയുടെ ഉത്തരവ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഭരണഘടനാവകുപ്പുകളുടെയും ക്രിമിനൽ ചട്ടങ്ങളുടെയും സങ്കീർണതകൾക്കൊപ്പം രാഷ്ട്രീയതാത്പര്യങ്ങളും കുഴഞ്ഞുമറിഞ്ഞുകിടക്കുന്നുവെന്നതാണ് ഈ നിയമപോരാട്ടത്തെ ശ്രദ്ധേയമാക്കുന്നത്.

**സുപ്രീംകോടതിവിധിയുടെ മാനങ്ങൾ**

31 വർഷം ജയിലിൽക്കിടന്ന പേരറിവാളന്റെ മോചനം മാത്രമല്ല ഈ വിധിയെ ശ്രദ്ധേയമാക്കുന്നത്. കേന്ദ്രസംസ്ഥാന ബന്ധത്തെ സംബന്ധിച്ചും ഏറെ തർക്കവിഷയമായ ഗവർണറുടെ പദവിയെയും അധികാരങ്ങളെയും സംബന്ധിച്ചും ഈ വിധി നിർണായകമാണ്. ഗവർണർക്ക് സംസ്ഥാന സർക്കാരിന്റെ തീരുമാനത്തിനെതിരേ പ്രവർത്തിക്കാമോ എന്നതിന്റെകൂടി ഉത്തരമാണ് ഈ വിധി. ഇന്ത്യയിൽ പ്രതിപക്ഷപ്പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനസർക്കാരുകളും ഗവർണർമാരും തമ്മിലുള്ള ഏറ്റുമുട്ടലുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ വിധിക്കു പ്രത്യേക പ്രാധാന്യമുണ്ട്. രാജീവ് ഗാന്ധി വധക്കേസിലെ ഏഴു പ്രതികളെയും മോചിപ്പിക്കാൻ തമിഴ്നാട് സർക്കാർ അംഗീകരിച്ച മോചനശിപാർശ വച്ചുതാമസിപ്പിച്ചും ഒടുവിൽ രാഷ്ട്രപതിക്കു വിട്ടും തീരുമാനം നീട്ടിക്കൊണ്ടിരുന്ന ഗവർണറുടെ നടപടിയാണു സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടത്. സർക്കാർ അംഗീകരിച്ച മോചനശിപാർശയിൽ ഭരണഘടനയുടെ 161-ാം അനുച്ഛേദപ്രകാരം ഗവർണർക്ക് തീരുമാനിക്കാം എന്നിരിക്കേ, എന്തിനു ശിപാർശ രാഷ്ട്രപതിക്ക് അയച്ചുവെന്നായിരുന്നു സുപ്രീംകോടതിയിൽ ഉയർന്ന പ്രസക്തമായ ചോദ്യം.

ദയാഹർജിയുടെ കാര്യത്തിൽ രാഷ്ട്രപതിക്കുള്ള സവിശേഷാധികാരം കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടിയപ്പോൾ നാളിതുവരെ വിവിധ ഗവർണർമാർ നൽകിയ മോചന ഉത്തരവുകൾ ഭരണഘടനാവിരുദ്ധമാകുമോ എന്ന സുപ്രീം കോടതിയുടെ മറുചോദ്യം വളരെ പ്രസക്തമാണ്. ഭരണഘടന ഭരമേല്പിക്കുന്ന ഉത്തരവാദിത്വം നിറവേറ്റാതെ രാഷ്ട്രീയതാത്പര്യങ്ങളുടെ പേരിൽ മോചനകാര്യത്തിൽ രാഷ്ട്രപതിക്കു ശിപാർശ അയച്ച ഗവർണറുടെ നടപടി ശരിയായിരുന്നോ എന്നു തീരുമാനിക്കാനുള്ള ഉത്തരവാദിത്വം കോടതിയുടേതാണെന്ന ജസ്റ്റിസുമാരായ എൽ. നാഗേശ്വര റാവുവിന്റെയും ബി. ആർ. ഗവായിയുടെയും പരാമർശം തീർച്ചയായും ദൂരവ്യാപകമായ മാനങ്ങളുള്ളതാണ്. രാജ്യത്ത് ഗവർണറുടെ പദവിയും അധികാരങ്ങളുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന നിയമതർക്കങ്ങളിലെ പ്രധാനപ്പെട്ട ഒരു റഫറൻസായി സുപ്രധാനമായ ഈ വിധി മാറുമെന്നതിൽ സംശയമില്ല.

**ശ്രദ്ധേയമായ ഇടപെടലുകൾ**

ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ രൂപീകരിച്ച 'പീപ്പിൾസ് മൂവ്മെന്റ് എഗിൻസ്റ്റ് ഡെത്ത് പെനാൽറ്റി' എന്ന സംഘടനയുടെ നേതൃത്വത്തിൽ നിർമിച്ച ഡോക്യുമെന്ററിയിൽ പേരറിവാളന്റെ കുറ്റസമ്മതമൊഴി രേഖപ്പെടുത്തിയ മുൻ സിബിഐ ഉദ്യോഗസ്ഥനായ ത്യാഗരാജൻ 2017 ൽ നടത്തിയ നിർണായകവെളിപ്പെടുത്തൽ രാജ്യമെമ്പാടും പേരറിവാളന് അനുകൂലമായ ഒരു വികാരമുണ്ടാകാൻ കാരണമായി. 'ആക്രമണത്തിനുപയോഗിച്ച ബാറ്ററികൾ എന്താവശ്യത്തിനുള്ളതാണെന്ന് അവ വാങ്ങുമ്പോൾ പേരറിവാളന് അറിയില്ലായിരുന്നുവെന്നാണ്' ത്യാഗരാജൻ പറഞ്ഞത്. എന്നാൽ, പ്രതിയുടെ കുറ്റസമ്മതമൊഴിയെ ഇത് ദുർബലപ്പെടുത്തുമെന്നതിനാൽ താൻ മനപ്പൂർവം രേഖകളിൽനിന്ന് ആ മൊഴി ഒഴിവാക്കുകയായിരുന്നുവെന്നും ത്യാഗരാജൻ പറയുകയുണ്ടായി. മനസ്സാക്ഷിക്കുത്തുമൂലവും ഒരു നിരപരാധിക്ക് 26 വർഷത്തിനുശേഷമെങ്കിലും നീതി ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതിനാലുമാണ് ഇക്കാര്യങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നതെന്നും അദ്ദേഹം കുറ്റബോധത്തോടെ പറയുകയുണ്ടായി. പേരറിവാളന്റെ ജീവിതത്തിൽ സംഭവിച്ച നഷ്ടങ്ങളിൽ തനിക്ക് പശ്ചാത്താപം തോന്നുന്നുവെന്നും അദ്ദേഹം പറഞ്ഞു. തമിഴ്, ഹിന്ദി, ഇംഗ്ലീഷ് പതിപ്പുകളിലായി 2006 ൽ പേരറിവാളൻ എഴുതിയ An Appeal From The Death Row (Rajiv Murder Case - The Truth Speaks) എന്ന പുസ്തകത്തിലൂടെ കേസിൽ താൻ ഉൾപ്പെട്ടതെങ്ങനെയെന്നതു സംബന്ധിച്ചു നടത്തിയ വെളിപ്പെടുത്തലുകൾ രാജ്യവ്യാപകമായി ചർച്ച ചെയ്യപ്പെടുകയുണ്ടായി. മകന്റെ നിരപരാധിത്വം തെളിയിക്കാനായി അമ്മ അർപ്പുതം അമ്മാൾ നടത്തിയ പോരാട്ടങ്ങളും സമാനതകളില്ലാത്തതായിരുന്നു.



> **വൈകിയെത്തുന്ന നീതി ഒരുതരത്തിൽ നീതിനിഷേധം തന്നെയാണെന്നും നീതി ഉറപ്പാക്കൽ കോടതിയുടെ ചുമതലയാണെന്നും രാജ്യത്തെ പരമോന്നതനീതിപീഠം അടിവരയിട്ടു പറയുമ്പോൾ ഇന്ത്യയുടെ നീതിന്യായചരിത്രത്തിലേക്ക് ഒരു അത്യപൂർവവിധിന്യായംകൂടിയാണ് എഴുതിച്ചേർക്കപ്പെടുന്നത്.**

ജയിൽതടവുകാരെ വിട്ടയയ്ക്കുന്നതു സംബന്ധിച്ച ശിപാർശയിൽ തീരുമാനമെടുക്കാൻ രാഷ്ട്രപതിക്കു മാത്രമേ അധികാരമുള്ളൂ എന്ന കേന്ദ്രസർക്കാർവാദത്തെ ഖണ്ഡിച്ചുകൊണ്ട് നീതിയും ന്യായവും ഉറപ്പാക്കാൻ ഭരണഘടന 142-ാം അനുച്ഛേദം നൽകുന്ന പ്രത്യേകാധികാരം ഉപയോഗിച്ചു കോടതി പേരറിവാളനെ മോചിപ്പിക്കുകയാണുണ്ടായത്. കേവലം രാഷ്ട്രീയതാത്പര്യങ്ങൾ വച്ചുകൊണ്ട് പേരറിവാളന്റെ മോചനം വൈകിപ്പിച്ച ഗവർണർക്കും കേന്ദ്രസർക്കാരിനുമെതിരേ രൂക്ഷപ്രതികരണമാണ് സുപ്രീം കോടതിയിൽ നിന്നുണ്ടായത്. വൈകിയെത്തുന്ന നീതി ഒരുതരത്തിൽ നീതിനിഷേധം തന്നെയാണെന്നും നീതി ഉറപ്പാക്കൽ കോടതിയുടെ ചുമതലയാണെന്നും രാജ്യത്തെ പരമോന്നതനീതിപീഠം അടിവരയിട്ടു പറയുമ്പോൾ ഇന്ത്യയുടെ നീതിന്യായചരിത്രത്തിലേക്ക് ഒരു അത്യപൂർവവിധിന്യായംകൂടിയാണ് എഴുതിച്ചേർക്കപ്പെടുന്നത്.

**നിയമപോരാട്ടങ്ങളുടെ ചരിത്രം**

1991 മേയ് 21 ന് രാജീവ് ഗാന്ധി വധിക്കപ്പെട്ട് ഒരു മാസത്തിനുശേഷമാണ് പേരറിവാളനെ സി.ബി.ഐ. അറസ്റ്റു ചെയ്തത്. കൊലപാതകം, ഗൂഢാലോചന എന്നീ കുറ്റങ്ങൾ ചുമത്തിയായിരുന്നു അറസ്റ്റ്. കേസിലെ മുഖ്യ ആസൂത്രകനായിരുന്ന ശിവരശന് ബെൽറ്റുബോംബ് നിർമിക്കാനുള്ള ഒമ്പത് വോൾട്ടിന്റെ രണ്ടു ബാറ്ററികൾ വാങ്ങി നൽകി എന്നതായിരുന്നു പേരറിവാളനുമേൽ ആരോപിക്കപ്പെട്ട കുറ്റം. ഏഴു വർഷത്തിനുശേഷം 1998 ജനുവരി 28 ന് ടാഡാ കോടതി പേരറിവാളൻ ഉൾപ്പെടെയുള്ള 26 പ്രതികളെ വധശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. 1999 മേയ് 11 ന് മുരുകൻ, ശാന്തൻ, പേരറിവാളൻ, നളിനി എന്നിവരുൾപ്പെടെ നാലു പേരുടെ വധശിക്ഷ സുപ്രീം കോടതി ശരിവയ്ക്കുകയുണ്ടായി. എന്നാൽ, പിന്നീട് ശിക്ഷ ഇളവു ചെയ്യുന്നതിനു പേരറിവാളൻ നൽകിയ ദയാഹർജിയിൽ തീരുമാനമറിയാൻ 2011 വരെ കാത്തിരിക്കേണ്ടിവന്നു. ദയാഹർജി പരിഗണിക്കുന്നതിൽ വരുത്തിയ കാലതാമസം പരിഗണിച്ച് 2014 ൽ സുപ്രീം കോടതി പേരറിവാളന്റെയും മറ്റു രണ്ടു പേരുടെയും ശിക്ഷ ജീവപര്യന്തമായി ഇളവു ചെയ്തു. ഇതോടെ 14 വർഷത്തെ നല്ലനടപ്പു പരിഗണിച്ച് ജീവപര്യന്ത തടവുകാരുടെ ശിക്ഷ ഇളവു ചെയ്യാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരമുപയോഗിച്ച് 2014 ൽ അന്നത്തെ ജയലളിത സർക്കാർ പേരറിവാളൻ അടക്കം ഏഴു പേരെ മോചിപ്പിക്കാൻ ഉത്തരവിട്ടു. എന്നാൽ, സുപ്രീം കോടതി ഇതു തടഞ്ഞു.

പിന്നീട്, പേരറിവാളൻ ഗവർണർക്ക് ദയാഹർജി സമർപ്പിച്ചു. ദയാഹർജി പരിഗണിക്കാൻ ഗവർണർക്ക് അധികാരമുണ്ടെന്ന് സുപ്രീം കോടതി ഉത്തരവിട്ടു. ഇതിന്റെ പിൻബലത്തിൽ 2018 ൽ ഏഴു തടവുകാരെയും മോചിപ്പിക്കാൻ തമിഴ്നാട് സർക്കാർ ഗവർണറോട് ശിപാർശ ചെയ്തു. 2021 ജനുവരിയിൽ ഗവർണർ മന്ത്രിസഭാതീരുമാനം വച്ചുതാമസിപ്പിക്കുന്നതിനെതിരേ സുപ്രീം കോടതി വിമർശനം ഉയർത്തിയിരുന്നു. ശിപാർശയിൽ തീരുമാനമെടുക്കാൻ രണ്ടര വർഷത്തോളം വൈകിയ ഗവർണർ അവസാനം ശിപാർശ രാഷ്ട്രപതിയുടെ പരിഗണനയ്ക്കു വിടുകയായിരുന്നു. ഇതിനു പിന്നാലെയാണ് സുപ്രീം കോടതി പേരറിവാളനെ മോചിപ്പിച്ചത്. ■

Deepanalam Weekly
RNI No : 16998/68
Vol. 55 No. 13 Date of Publication 26 May 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

തമ്പാൻസ്
മേവട മെഡിക്കൽ സെന്റർ
Estd: 1925
പി. ഒ. മേവട, കോട്ടയം – 686573
PH: 04822 - 269155, Mob: 9400869155 (വൈദ്യശാല)

- ദിവംഗതനായ വൈദ്യകലാനിധി മേവടത്തമ്പാന്റെ ദീർഘദർശനവും മാർഗ്ഗദർശിത്വവുംകൊണ്ടു വളർന്ന ഒരു സ്ഥാപനം. 97 ൽ പരം വർഷത്തെ സേവനപാരമ്പര്യം.
- ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമിക്കുന്നു.
- നേഴ്സിംഗ് ഹോമിൽ പിഴിച്ചിൽ, ധാര, നവരക്കിഴി തുടങ്ങിയ മറ്റു സ്നേഹ–സ്വേദ കർമ്മങ്ങളും നിർവഹിക്കുന്നു.


യശശ്ശരീരനായ
ശ്രീ. തമ്പാൻ വൈദ്യൻ
(കെ. കെ. കർത്താ)

ഫിസിഷ്യൻസ്
1. ഡോ. കെ. ഗോപാലകൃഷ്ണൻ BAM, MBBS (Rtd. Civil surgeon) (എല്ലാ ദിവസവും)
2. കെ. രാജഗോപാൽ B.Sc. B.A.M (എല്ലാ ദിവസവും)

90ൽ പരം വർഷങ്ങളിലൂടെ ആർജ്ജിച്ച വളർച്ചയും വിശ്വസ്തതയും...
S.S.V. ഫാർമസി
കരിങ്കുന്നം P.O. തൊടുപുഴ
Ph: 04862 - 242287, 9496895411



നവീകരിച്ച വൈദ്യശാല

എല്ലാവിധ ആയുർവ്വേദചികിത്സകൾക്കും ഔഷധങ്ങൾക്കും വിശ്വസ്തസ്ഥാപനം
ചീഫ് ഫിസിഷ്യൻ: ഡോ. ജയഘോഷ് BAMS
പരിശോധനാസമയം: രാവിലെ 9.30 മുതൽ 1 വരെ
ഉച്ചകഴിഞ്ഞ് 3.30 മുതൽ 5.30 വരെ
ഞായർ അവധി
ഹോമിയോ ക്ലിനിക്
ഡോ. അനു ജയഘോഷ് BHMS

അമല ആയുർവ്വേദ ഹോസ്പിറ്റൽ
അട്ടിക്കൽ, പൊൻകുന്നം, ഫോൺ: 04828 – 221058, Mob: 9447773241
A MULTI-SPECIALITY & RESEARCH CENTRE

- വാതരോഗങ്ങൾ, ത്വഗ്രോഗങ്ങൾ, സോറിയാസിസ്, നട്ടെല്ലുരോഗങ്ങൾ, തളർവാതം, അർശസ്സ്, പ്രമേഹം, ആസ്ത്മ, കരൾരോഗങ്ങൾ, വൃക്കരോഗങ്ങൾ, സ്ത്രീരോഗങ്ങൾ, ബാലരോഗങ്ങൾ എന്നിവയ്ക്ക് പ്രത്യേക ചികിത്സ.
- പിഴിച്ചിൽ, തിരുമ്മ്, നവരക്കിഴി, പഞ്ചകർമ്മചികിത്സ എന്നിവയ്ക്ക് പ്രത്യേക ചികിത്സാവിഭാഗം.
- ഒടിവ്, ചതവ്, ഉളുക്ക് ഇവയ്ക്ക് മർമ്മചികിത്സ.
- സ്ത്രീകൾക്കുവേണ്ടി പ്രത്യേക വിഭാഗവും, ഡോക്ടറുടെ സേവനവും ലഭ്യമാണ്.

പരിശോധനാസമയം: രാവിലെ 9 മുതൽ 1 വരെ, ഉച്ചകഴിഞ്ഞ് 3.00 മുതൽ 6.30 വരെ (ഞായർ അവധി)

ഫിസിഷ്യൻസ് :
ഡോ. കെ.എം. ഫിലിപ്പ് B.A.M.
ഡോ. സോഫിയ ഫിലിപ്പ് B.A.M.
ഡോ. സെബാസ്റ്റ്യൻ ഫിലിപ്പ് B.A.M.S., M.D (Ay)
ഡോ. ലിൻഡാ സെബാസ്റ്റ്യൻ B.A.M.S.

എല്ലാവിധ ഇംഗ്ലീഷ് – ആയുർവ്വേദ – വെറ്ററിനറി മരുന്നുകൾക്കും വിശ്വസ്തസ്ഥാപനം
NIRAPPEL MED +
(നിരപ്പേൽ നാരായണൻ വൈദ്യനാൽ 1947 ൽ സ്ഥാപിതം)
ന്യൂ മുനിസിപ്പൽ കോംപ്ലക്സ്, വലിയപാലത്തിനു സമീപം
മെയിൻ റോഡ്, പാലാ
Phone: 7559927020
ആയുർവ്വേദഫിസിഷ്യന്റെ സേവനം ലഭ്യമാണ്
എല്ലാവിധ ഇൻസുലിനും 15 % മുതൽ 20% വരെ വിലക്കുറവിൽ ലഭിക്കുന്നു
ഡോ. സച്ചിൻ ദിലീപ് നിരപ്പേൽ BAMS (ഫിസിഷ്യൻ)
വിപണിയിൽ പ്രചാരമേറുന്നു...: ബീനാ ഹെയർ ടോണിക്

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala. Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act